
# മലങ്കരസഭ

THE MALANKARA SABHA
MALAYALAM MONTHLY, Vol-66, Issue-02_₹20
FEBRUARY 2022



മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ ( പ. വട്ടശ്ശേരിൽ തിരുമേനി ) പ. പരുമല തിരുമേനിയുടെ കൃത്യമായ ജൻമദിനം അറിയിക്കണമെന്നാവശ്യപ്പെട്ട് ചാത്തുരുത്തി തറവാട്ടിലേക്ക് സ്വന്തം കൈപ്പടയിൽ അയച്ച കത്ത്.


A legacy of
UNCHANGING
Values in changing times...
Shri. Ninan Mathai Muthoot
Founder - Muthoot Group
Born: 5th February
Shri. M. George Muthoot
Founder Chairman - Banking
Born: 4th February
Shri. M. G. George Muthoot
Former Group Chairman
The Muthoot Group of Companies (1949 - 2021)
Celebrating Founders' Day
with 100+ social and welfare initiatives of giving back to the society
Scholarships in Education
Financial Assistance for Marriages
Houses for the Flood-affected
Solar Power Installation at Women's Hostel
Enabling Sustainable Livelihood
Supporting Wheelchair Sports Team
Free Health Check-up Facility
Distribution of Food Items to the Marginalised
Health Camp for the Police Forces
Organising Blood Donation Camp
Enablement of the Severely Disabled
Sanitation Facilities in Schools
Set-up Covid Care Hospital for Police
Supplying Medical Equipment for Covid Care
Initiated Mobile Medical Support during Covid
Free Pick-up & Drop for Covid Vaccination
20 Diversified Business Divisions
Financial Services | Wealth Management | Money Transfer | Foreign Exchange
Securities | Media | Vehicle & Asset Finance | Information Technology | Healthcare
Housing & Infrastructure | Education | Power Generation | Leisure & Hospitality
Vehicle Loan | Plantations & Estates | Precious Metals | Housing Finance
Overseas Operations | Personal Loans | Micro Finance
The Muthoot Group
muthootgroup.com | muthootcsr.com
Muthoot Family - 800 years of Business Legacy

മലങ്കരസഭ
ESTD. 1946 മാസിക

മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2022 ഫെബ്രുവരി. ലക്കം 2. പുസ്തകം 66. വില ₹ 20

ഹിംസാത്മകമാവുന്ന പൊതുമണ്ഡലമുയർത്തുന്ന
ദുഃഖാകുലതകൾ വളരെയധികമാണ്.
മഹാമാരി സൃഷ്ടിച്ച സാമൂഹിക അകലത്തിന്റെ
ഇടവേളകളിൽ കേട്ട വാർത്തകളുടെ ചോരമണം എത്ര രൂക്ഷമാണ്.
ഡിജിറ്റൽ സ്പേസുകളിലും തെറിയഭിഷേകങ്ങൾ
ചുരുൾ നിവർത്തിയാടുന്നു.
ശരിക്കും,
നാം ജീവിച്ചു തീരേണ്ടത് ഇത്തരമൊരു ആവാസവ്യവസ്ഥിതിയിലാണോ?
അല്ല! എന്നോർമ്മപ്പെടുത്തലാണ് ഓരോ നോമ്പും നല്കുക.

അതുകൊണ്ട് തന്നെ
നോമ്പ് ഒരു തെരഞ്ഞെടുപ്പാണ്.
നാം ആയിരിക്കേണ്ട ഇടം നിർമ്മിച്ചെടുക്കാനുള്ള
നമ്മുടെ ആർജ്ജവം തെളിച്ചെടുക്കലാണത്.
സൗഖ്യദാനത്തിന്റെ സുവിശേഷ കഥകൾ കൊണ്ട് നിറഞ്ഞ
നോമ്പിന്റെ വാരാന്ത്യങ്ങളോരോന്നും
നമ്മുടെ പരുക്കുകളെ എത്രമേൽ ഭേദപ്പെടുത്തുന്നവയാണ്.
അത് നമ്മിൽ നഷ്ട വീര്യമുണർത്തുന്നു.
നമ്മുടെ മനസ്സില്ലായ്മകളെ ചോദ്യം ചെയ്യുന്നു.
നമ്മുടെ തളർച്ചയകറ്റുന്നു.
സുബോധം പകരുന്നു.
നേരേ നിർത്തുന്നു.
കണ്ണ് തുറക്കുന്നു.

സത്യമായും,
എത്രമേൽ ദാരുണമായ പരിസ്ഥിതികളിൽ നിന്നും
ഓരോ മനുഷ്യപുത്രനും
അഹിംസാത്മകമായൊരു ഉയിർത്തെഴുന്നേല്പുണ്ട്
എന്ന് ഓരോ തവണയും അത് നമ്മെ പഠിപ്പിക്കുന്നു.

നിശ്ചയമായും,
തെരഞ്ഞെടുക്കേണ്ടത് നാമാണ്.
നമ്മുടെ ആവാസം എങ്ങനെയായിരിക്കണമെന്ന്!
നാം എന്തിനൊപ്പം നിലകൊള്ളണമെന്ന്!
ഏദൻതോട്ടം മുതൽ ഇന്നയോളം തിരുവെഴുത്ത് പറഞ്ഞുകൊണ്ടിരിക്കുന്നതും
അതു തന്നെയാണ് സഖേ!

സഖേർ

മലങ്കരസഭ മാസിക
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

പ്രസിഡന്റ്
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
ചീഫ് എഡിറ്റർ
ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്
മാനേജിങ് എഡിറ്റർ
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
സബ് എഡിറ്റർ
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

അംഗങ്ങൾ
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ.മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

06 **അഭിമുഖം**
21-ാം നൂറ്റാണ്ടിന്റെ സുവിശേഷം

09 **പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്**
ഫാ. ജോബിൻ വർഗീസ്

10 **മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ....**
ഫാ. ഡോ. ജേക്കബ് കുര്യൻ

12 **നിരാലംബരുടെ പ്രതീക്ഷയും പ്രമോദവും**
ഫാ. ജോസ് തോമസ് പൂവത്തിങ്കൽ

15 **തോൽക്കാത്ത ആയുധമേന്തി ആത്മീയ പോരാട്ടത്തിലേക്ക്**
ഫാ. ഡോ. റെജി ഗീവർഗ്ഗീസ്

16 **നോമ്പ് ഒരായുധം**
ഫാ. ജിത്തു തോമസ്

22 **യേശുവിനെ എഴുത്തിലാക്കിയ ഡോ. സി.ജെ. റോയ്**
ഡോ. പോൾ മണലിൽ

24 **പാഠവും മാതൃകയുമായി മാറിയ യോനാപ്രവാചകനും...**
ഫാ. തോമസ് രാജു, കരുവാറ്റ

25 **യോനാ പ്രവാചകന്റെ അടയാളം**
വി. കെ. തമ്പി അട്ടൂർ


26 **വിശുദ്ധ വേദപുസ്ക വായന ഒരു പുനർവിചിന്തനം**
ഫാ. ജോബി ജോർജ്ജ്, മദ്രാസ്

30 **ആരാധനാ കലണ്ടർ**
ഫാ. ഡോ. വർഗീസ് വർഗീസ്

**പംക്തികൾ**

വേദധ്യാനം
പഴയ നിയമ പഠനം
പുതിയ നിയമ പഠനം
ആരാധനാ പഠനം
മനഃപൂർവം
കുടുംബവിശേഷം
പുസ്തകശാല






**കല**
അമേക, കൊച്ചി

**സർക്കുലേഷൻ മാനേജർ**
കെ.എ. ജോൺ
9744648617
**അക്കൗണ്ടന്റ്**
ബിജു വർക്കി
9947804477
**ഗ്രാഫിക് ഡിസൈൻ**
ജിന്റോ കറിച്ചി
9947124980

Bank
S.B.I Devalokam, Account Name & Number- Malankara Sabha (57017053203)
IFSC - SBI N 0070820

Read online:
www.malankarasabhaonline.com

# മഹാപുരോഹിത സന്ദേശം

'നോമ്പ് വിശുദ്ധന്മാരുടെ മാർഗ്ഗവും,
ജീവിച്ചിരിക്കുന്നവരുടെ ഊടുവഴിയും,
സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനവുമാകുന്നു,'
സെദ്റാ പ്രാർത്ഥന, കൊത്തിനെ
തിങ്കൾ സന്ധ്യാ നമസ്കാരം.

പരിശുദ്ധവും രക്ഷാകരവുമായ വലിയ നോമ്പ് സമാഗതമാവുകയാണ്. നോമ്പ് ഒരു തീർത്ഥയാത്രയാണ്. രക്ഷയുടെ തുറമുഖത്തേക്കാണ് നോമ്പിന്റെ യാത്ര ലക്ഷ്യമിടുന്നത്. നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ സന്തോഷത്തെ പുൽകുവാനുള്ള ആവേശവും ആഗ്രഹവും നോമ്പിൽ നമ്മെ ഭരിക്കണം. സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകരാണ് വിശ്വാസസമൂഹം. തീർത്ഥാടനത്തിന് അനുപേക്ഷണീയമായ ഒന്നാണ് ശരിയായ തയ്യാറെടുപ്പ്. അച്ചടക്കവും ദൃഢനിശ്ചയവും കഷ്ടപ്പെടുവാനുള്ള മനസും യാത്രയ്ക്ക് വേണം. കൃത്യമായ പദ്ധതി ആസൂത്രണം ചെയ്താകണം യാത്രയ്ക്ക് തുടക്കം കുറിക്കേണ്ടത്. മണവാളന്റെ ഉയിർത്തെഴുന്നേൽപ്പിനായി കാത്തിരിക്കുന്ന മണവാട്ടി എന്ന നിലയിൽ സഭയുടെ നോമ്പുകാലത്തെ തീവ്രതയും സ്നേഹവായ്പും, വേദപുസ്തക വായനയിലും പ്രാർത്ഥനയിലും ആരാധനയിലും ഉപവാസ അനുഷ്ഠാനങ്ങളിലും കൂടി പ്രകടമാകണം. ഭൂമി സൂര്യനെ വലം വച്ച് 365 ദിവസങ്ങൾ പൂർത്തിയാക്കുന്നതിനിടയിൽ 365 പ്രാവശ്യം സ്വന്തം അച്ചുതണ്ടിന്മേൽ കറങ്ങുന്നതുപോലെ സ്വർഗ്ഗരാജ്യത്തിലേക്കുള്ള യാത്രയിൽ, ഓരോ വർഷവും ആ തീർത്ഥാടനത്തിലേക്കുള്ള സംക്രമണം നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകുന്ന വലിയനോമ്പ് അനുഷ്ഠാനം സഭാവിശ്വാസിയെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിശ്വാസ സത്യമാണ്. മനസു പുതുക്കി രൂപാന്തരപ്പെടുവാൻ (റോമർ 12:2) പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത് യാഥാർത്ഥ്യമാക്കുവാനുള്ള ദൃഢനിശ്ചയം നമുക്ക് ഉണ്ടാകണം. കൽപനകളുടെ ബാഹ്യമായ അനുഷ്ഠാനങ്ങളല്ല; ആന്തരികമായ അനുസരണമാണ് ഈ ശുദ്ധീകരണത്തിലേക്ക് നമ്മെ നയിക്കുന്നത്. ദൈവവുമായുള്ള ബന്ധം പുനഃക്രമീകരിക്കുവാനും മനുഷ്യബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുവാനുമുള്ള കാലഘട്ടമായി ഇതിനെ നമുക്ക് രൂപാന്തരപ്പെടുത്താം. നിലങ്ങൾ കൃഷിക്കാരുടെ പുറകെ പോയിട്ടല്ല; കൃഷിക്കാർ നിലങ്ങളുടെ അടുത്തേക്ക് വിത്തുമായി ചെന്ന് വിതയ്ക്കുന്നതു പോലെ, ദരിദ്രർ നമ്മെ സമീപിച്ചിട്ടല്ല; ദരിദ്രരെ കണ്ടുപിടിച്ച് സഹായിക്കേണ്ട ഉത്തരവാദിത്വം ആണ് നമുക്കുള്ളത്. നോമ്പിന്റെ ഏറ്റവും വലിയ പ്രതിഫലനം അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതാണ്, അതാണ് ദൈവമുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായ ഭക്തിയുടെ ലക്ഷണവും (യാക്കോബ് 1:27). വിശക്കുന്നവന് അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതുമാണ് (യെശയ്യാ 58:7) യഥാർത്ഥ നോമ്പിന്റെ പ്രതിഫലനമെന്ന പ്രവാചകന്റെ ദർശനങ്ങൾ യാഥാർത്ഥ്യമാക്കുവാൻ ഈ നോമ്പുകാലം നമുക്ക് വിനിയോഗിക്കാം.

'ഞങ്ങളുടെ മശിഹാതമ്പുരാനേ! വെടിപ്പോടും വിശുദ്ധിയോടും നോമ്പ് അനുഷ്ഠിപ്പാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ.'

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ഫെബ്രുവരി മാസം 25-ാം തീയതി കോലഞ്ചേരിയിൽ കൂടുകയാണല്ലോ. സഭയ്ക്ക് നേതൃത്വം കൊടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റതായി നടക്കുന്നതിന് പരിശുദ്ധാത്മ കൃപ ധാരാളമായി ലഭിക്കണം. സഭയുടെ ഭാവി പ്രവർത്തനങ്ങളെ പരിപുഷ്ടമാക്കുവാൻ കഴിവുള്ളവിധം ശുശ്രൂഷ നിർവ്വഹിക്കുവാൻ അനുയോജ്യരായ ഏഴ് മെത്രാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുവാൻ നമ്മുടെ അസ്സോസിയേഷന് സാധ്യമാകുന്നതിന് വേണ്ടി നിങ്ങളേവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**




4/1/22, 5:33 PM malankarasabha February

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ
/ ഡോ. തോമസ് കുരുവിള

# 21–ാം നൂറ്റാണ്ടിന്റെ സുവിശേഷം

**2022 ഫെബ്രുവരി 12–ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 73–ാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. ജന്മദിനത്തിന്റെ പശ്ചാത്തലത്തിൽ മുൻഗാമികളെപ്പറ്റി, കോവിഡാനന്തര ജീവിതത്തെപ്പറ്റി, ഭാവിപദ്ധതികളെപ്പറ്റി, മലങ്കര അസോസിയേഷനെപ്പറ്റി, എഴുത്തിനെയും വായനയെയുംപറ്റി പരിശുദ്ധ ബാവാ മലങ്കരസഭ പത്രാധിപസമിതി അംഗം ഡോ. തോമസ് കുരുവിളയോടു മനസ്സുതുറക്കുന്നു.**



"നമുക്ക് ഒരുമിച്ച് കുറെ ദേവാലയങ്ങൾ കൂടി പണിയണം. ദൈവത്തിന്റെ പ്രതിരൂപങ്ങളായ മനുഷ്യർ താമസിക്കുന്ന മേൽക്കൂരകൾ തകർന്ന, ഭിത്തിപൊട്ടിയ ആലയങ്ങൾക്കുപകരം നമുക്കു പുതിയവ പണിയണം." കഴിഞ്ഞ ദിവസങ്ങളിൽ സമൂഹമാധ്യമങ്ങളിൽ തരംഗമായ പ്രഭാഷണശകലമാണിത്. "പണമില്ലാത്തതിന്റെ പേരിൽ ആരും ഭവനരഹിതരായി കഴിയരുത്. പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ നിഷേധിക്കപ്പെടരുത്. പണമില്ലാത്തതിന്റെ പേരിൽ ആരും വിശന്നിരിക്കരുത്. പണമില്ലാത്തതിന്റെ പേരിൽ ആരുടെയും വിദ്യാഭ്യാസമോ, വിവാഹമോ മുടങ്ങരുത്." കഴിഞ്ഞ മൂന്നു മാസക്കാലമായി കേരളത്തിലുടനീളം നിരവധി പൊതുസമ്മേളനങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന സുവിശേഷമാണിത്. സുവിശേഷകന്റെ പേര്; പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു മാസങ്ങൾക്കുള്ളിൽ 21-ാം നൂറ്റാണ്ടിന്റെ സുവിശേഷം തന്റെ വിശ്വാസിസമൂഹത്തിൽ മാത്രമല്ല, പൊതുസമൂഹത്തിലാകെ എത്തിക്കുവാൻ പരിശുദ്ധ പിതാവിനു കഴിഞ്ഞു. രാജ്യത്തെ പരമോന്നത നീതിപീഠത്തിൽ നിന്നും അന്തിമവിധിയും അന്തിമവിജയവും നേടിയ മലങ്കര ഓർത്തഡോക്സ് സഭയെ ഒരു പുതിയ ദൗത്യമേഖലയിലേക്കും ഒരു പുതിയ ലക്ഷ്യത്തിലേക്കും നയിക്കുക എന്ന നിയോഗമാണ് പരിശുദ്ധ പിതാവിനുള്ളത്. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നുള്ളത് വെറുതെ വായിച്ചുവിടാനുള്ളതല്ല, ജീവിച്ചുകാണിക്കുവാനുള്ളതാണ്" എന്ന പിതാവിന്റെ വാക്കുകളുടെ പൊരുൾ വർത്തമാനകാല സുവിശേഷദൗത്യത്തെ തന്നെയാണ് അർത്ഥമാക്കുന്നത്.



https://online.fliphtml5.com/zurna/xxpr/#p=1 6/44

**? അനുമോദന സമ്മേളനങ്ങളിലെ മറുപടിപ്രസംഗത്തിൽ, തിരുമേനി വളരെ സാന്ദർഭികമായി കവിതകൾ ചൊല്ലുന്നതു കേൾക്കുകയുണ്ടായി. ശാസ്ത്രവും വേദശാസ്ത്രവുമൊക്കെയാണ് മുഖ്യവിഷയമായി പഠിച്ചതെങ്കിലും ഭാഷയോടും സാഹിത്യത്തോടുമൊക്കെ തിരുമേനിക്ക് പ്രത്യേക താല്പര്യമുണ്ട്. തിരുമേനിയുടെ വായനയെയും എഴുത്തിനെയുംപറ്റി പറഞ്ഞു തുടങ്ങാമോ?**

• കവിതകളോടാണ് എനിക്കു കൂടുതൽ താല്പര്യം. പഴയതലമുറയിൽ, ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ കവിതകൾ ഇഷ്ടമാണ്. ആ കവിതകളിൽ ഒരു ആധ്യാത്മികചൈതന്യമുണ്ട്.

"തൈ നട്ടുമൻപോടു തടം പിടിച്ചും
തണ്ണീർ തളിച്ചും തല വെട്ടിവിട്ടും
ആരും പുലർത്താത്തൊരു നിൻ ചെടിക്കെന്താപ-
ത്തനാഥനാശ്രയമാണു ദൈവം."

എന്ന വരികളൊക്കെ ആശയസമ്പുഷ്ടമാണ്. ഒരുപക്ഷേ, ഞാനൊരു ദരിദ്രകുടുംബത്തിൽ ജനിച്ചതുകൊണ്ടും അതനുസരിച്ചു വളർന്നതുകൊണ്ടുമായിരിക്കാം ആ കവിതയിലെ വരികൾ കുട്ടിക്കാലത്തുതന്നെ എന്നെ സ്വാധീനിച്ചിട്ടുണ്ട്. അതുപോലെ സിസ്റ്റർ മേരി ബനീജ്ഞയുടെ കവിതകൾ... പത്താം ക്ലാസ്സിലെഉപപാഠപുസ്തകത്തിൽ പഠിക്കുവാനുണ്ടായിരുന്നു. അതിലെ ഒരു കവിതയാണ് 'ലോകമേ യാത്ര.'

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും അമർന്നുപോയി. കാലചക്രവിഭ്രമത്തിലെങ്കിലീ-നമുക്കു പിന്നെയെന്തു ശങ്ക! മാറ്റമൊന്നുമില്ലിതിൽ."

"ഇഹത്തിലെ ധനം സുഖം യശസ്സുമാദിജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല മർത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴക്കു പെട്ടിടാത്ത പുണ്യമൊന്നു താൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും."

ഇങ്ങനെ അതിലെ എത്ര വരികൾ വേണമെങ്കിലും ഓർത്തെടുക്കുവാൻ കഴിയും.

...ആധുനിക കവികളിൽ സുഗതകുമാരി ടീച്ചറിന്റെ കവിതകളോടാണ് ആഭിമുഖ്യം തോന്നിയിട്ടുള്ളത്. പാവങ്ങളോടും പ്രകൃതിയോടുമൊക്കെ അനുഭാവമുള്ള കവിതകളാണ് അത്. ഒരു ആധ്യാത്മികചൈതന്യം ആ കവിതകളിലും കാണാം.

**? തിരുമേനി എപ്പോഴെങ്കിലും കവിതയെഴുത്തിലേക്കു കടന്നിട്ടുണ്ടോ?**

• സ്കൂളിലും കോളേജിലും പഠിച്ചിരുന്നതായ സമയത്ത് മാഗസിനുകളിൽ കവിത എഴുതിയിട്ടുണ്ട്. വൈദികസെമിനാരിയിൽ പഠിക്കുന്ന കാലത്തും കവിതകൾ എഴുതിയിട്ടുണ്ട്. അതൊക്കെ ആരാധനാഗീതങ്ങളാണ്. കോരുത് മല്പാനച്ചൻ സുറിയാനിയിൽനിന്ന് പരിഭാഷപ്പെടുത്തിത്തരുന്നത് അച്ചന്റെ നിർദ്ദേശപ്രകാരം കവിതാരൂപത്തിൽ ചിട്ടപ്പെടുത്തുമായിരുന്നു. നാം ഇപ്പോൾ ആരാധനയിൽ ഉപയോഗിക്കുന്ന 'നാഥാ സവിധേ ഉൾപ്രാകാരേ' എന്നു തുടങ്ങുന്ന ഗീതം അങ്ങനെ എഴുതിയതാണ്. അതുപോലെ, അജ്ഞാനാന്ധത നീക്കിടുവാൻ... എന്നു തുടങ്ങുന്ന സെമിനാരിഗീതം, കോരുത് അച്ചൻ സുറിയാനിയിൽ എഴുതി ഞാൻ മലയാള പരിഭാഷ നിർവ്വഹിച്ചതാണ്. പിന്നീട് വൈദികനായി, മെത്രാനായി ഉത്തരവാദിത്വങ്ങൾ കൂടിയപ്പോൾ വായനയ്ക്കും എഴുത്തിനുമൊക്കെ സമയം കുറഞ്ഞു. ഈ കോവിഡ് കാലത്ത് ഞാൻ എഴുതിയ ഒരു പുസ്തകം (കവിതയല്ല) പ്രസിദ്ധീകരിക്കാമെന്നു കരുതുന്നു.

**?ഈ കോവിഡ് കാലം ഒരുപാട് കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു. അതിലൊന്ന് നമ്മുടെ പെരുന്നാളുകൾ മുതൽ വിവാഹവും ശവസംസ്കാരവും വരെ വളരെ ലളിതമായി നടത്തുവാൻ നാം നിർബന്ധിതരായി എന്നതാണ്. കോവിഡാനന്തരലോകത്തിന്റെ പുനഃസൃഷ്ടിക്ക് 'മിനിമലിസ' (Minimalism)ത്തിന്റെ ഈ പ്രായോഗികപാഠങ്ങൾ ഉപകരിക്കുമെന്നു കരുതാമോ?**

അങ്ങനെ പ്രതീക്ഷിക്കുന്നതിൽ വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല. ഇത് അടിച്ചേല്പിക്കപ്പെട്ട ഒരു ലാളിത്യമാണ്. മനുഷ്യൻ മരണത്തെ ഭയന്നു സ്വീകരിച്ച ലാളിത്യമാണ്. മരണത്തിന്റെ ഭയാശങ്കകൾ മാറിക്കഴിയുമ്പോൾ മനുഷ്യൻ പഴയ ജീവിതത്തിലേക്കു തിരിച്ചുപോകും എന്നാണ് എന്റെ ചിന്ത. മനുഷ്യർ അനധികൃതമായി സമ്പാദിക്കുന്ന ധനം എങ്ങനെ ചിലവഴിക്കണമെന്ന ചിന്തയാണ് ആർഭാടവും ധൂർത്തും കാട്ടുന്നതിന് വരെ അവരെ പ്രേരിപ്പിക്കുന്നത്.

**? കഴിഞ്ഞ മൂന്നു മാസങ്ങളിലായി നിരവധി സ്വീകരണ സമ്മേളനങ്ങളിലാണ് തിരുമേനി പങ്കെടുത്തത്. കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും വളരെ വൈകാരികവും ഹൃദയസ്പർശിയുമായ രീതിയിലാണ് വിശ്വാസിസമൂഹവും പൊതുസമൂഹവും തിരുമേനിയെ വരവേല്ക്കുന്നത്. ഇതിനെ തിരുമേനി എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ഈ സ്വീകരണങ്ങളോ, അനുമോദനങ്ങളോ ഞാൻ വ്യക്തിപരമായി കാണുന്നില്ല. ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനെ വിശ്വാസിസമൂഹവും പൊതുസമൂഹവും ആദരിക്കുന്നു, ബഹുമാനിക്കുന്നു. 'അതുകൊണ്ട് ഞാൻ അതു വിലക്കുന്നില്ല. മലങ്കരസഭയോടുള്ള ബഹുമാനവും സ്നേഹവും വെളിപ്പെടുന്ന സന്ദർഭമാണത്. മനുഷ്യന് ബുദ്ധി മാത്രമല്ല, വികാരവുമുണ്ട്. അതുകൊണ്ട് വൈകാരികതലങ്ങളെയും പോഷിപ്പിക്കേണ്ടതുണ്ട്.' സഭയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുന്നതിൽ തെറ്റില്ല. 'ജയ്' വിളിക്കുന്നതും ബഹുമതിപത്രം തരുന്നതുമൊക്കെ സഭയോടുള്ള സ്നേഹംകൊണ്ടാണ്. അത് നിയന്ത്രണം വിട്ടുപോകരുതെന്നു മാത്രം. നല്ല കാര്യങ്ങൾ ചെയ്യാനുള്ള പണം ധൂർത്തടിച്ചുകളയരുത്. പലതരം കർമ്മപദ്ധതികളിലൂടെ മറ്റുള്ളവർക്കു പ്രയോജനപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കണം.

**? തിരുമേനി ആരോഗ്യം ശ്രദ്ധിക്കുന്നില്ല, വിശ്രമിക്കുന്നില്ല എന്നു പരാതിയുണ്ട്. തിരുമേനിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പരിഹാരനടപടികൾ ഉണ്ടാകുമോ?**

തീർച്ചയായും. കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലമായി എനിക്കു നിയന്ത്രിക്കാൻ സാധിക്കാത്ത രീതിയിലുള്ള വിധത്തിൽ ധാരാളം പരിപാടികളിൽ പങ്കെടുക്കേണ്ടതായി വന്നു. അനേകം ആളുകൾ എന്നെ വിളിച്ച് പറഞ്ഞു, തിരുമേനി ഇങ്ങനെ വിശ്രമമില്ലാതെ പ്രവർത്തിക്കരുത് എന്ന്. മലങ്കര സഭയ്ക്കുവേണ്ടിയാണ് പറയുന്നതെന്ന് ഒടുവിൽ ജോഷാ അച്ചൻ വിളിച്ചു പറഞ്ഞു. ജനുവരി 21-ാം തീയതി ഞാൻ പരിപാടികൾ റദ്ദുചെയ്തു. ഒന്നുരണ്ടാഴ്ച വിശ്രമത്തിനായി തിരഞ്ഞെടുത്തു.

**? എത്ര തിരക്കുണ്ടെങ്കിലും പ്രഭാതനടത്തത്തിനു സമയം കണ്ടെത്തിയിരുന്ന ആളാണ് തിരുമേനി... ദിനചര്യയിലൊക്കെ മാറ്റം വന്നോ?**

ഞാൻ രാവിലെ 3.50-ന് എഴുന്നേല്ക്കും. രാത്രി നമസ്കാരത്തിനുമുമ്പായി 40 മിനിറ്റ് നടക്കും. വി. കുർബ്ബാന ഇല്ലാത്ത ദിവസങ്ങളിലേ പ്രഭാതനടത്തം പതിവുള്ളൂ. കുറച്ചുനാളായി മുടങ്ങിപ്പോയിരുന്നെങ്കിലും ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

**? മുൻഗാമിയും ഭാഗ്യസ്മരണീയനുമായ പ. പൗലോസ് ദ്വിതീയൻ ബാവായും തിരുമേനിയും തമ്മിൽ ഊഷ്മളമായ ബന്ധമാണ് ഉണ്ടായിരുന്നത്. പ. പൗലോസ് ദ്വിതീയൻ ബാവായെ അനുസ്മരിക്കാമോ?**

പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ശെമ്മാശനായിരുന്ന കാലം മുതൽ എനിക്കറിയാം. എറണാകുളം സെന്റ് മേരീസ് പള്ളിയിൽ പോൾ അച്ചൻ വികാരിയായിരുന്ന കാലത്ത് ഞാൻ അവിടെ പോകുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഞാൻ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയിൽ വന്നപ്പോൾ ഞങ്ങൾ തമ്മിൽ കൂടുതൽ അടുപ്പമുണ്ടായി. എന്റെ മുൻഗാമിയായിരുന്ന പക്കോമിയോസ് തിരുമേനി

*ശേഷം 11-ാം പേജിൽ*

മലങ്കര സഭാ ഭരണഘടനാ ശിൽപി
മലങ്കര സഭാഭാസുരൻ

# പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പൊലീത്താ

88-ാമത് ഓർമ്മപ്പെരുന്നാൾ 2022 ഫെബ്രുവരി 22, 23 (ചൊവ്വ, ബുധൻ)
കോട്ടയം പഴയ സെമിനാരിയിൽ



പരിശുദ്ധ പിതാവേ കോവിഡ് മഹാമാരി നീങ്ങിപ്പോകുവാൻ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.
പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്
വട്ടശ്ശേരിൽ കുടുംബയോഗം, മല്ലപ്പള്ളി
www.vattasserilkudumbayogam.com www.vattasserilfamily.com

**ഫാ. ജോബിൻ വർഗീസ്**
**പഴയസെമിനാരി**




മലങ്കര സഭാഭാസുരൻ പരി. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഭാസുര സ്മൃതിക്കിത് 88-ാം ആണ്ട്. ഭാരത ക്രൈസ്തവ സഭയിലെ തദ്ദേശീയനായ ദ്വിതീയ പ്രഖ്യാപിത പരിശുദ്ധൻ, മലങ്കര സഭാഭാസുരൻ പരി. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 88-ാം ഓർമ്മപ്പെരുന്നാൾ 2022 ഫെബ്രുവരി 23ന് പരി. സഭ ആചരിക്കുന്നു. ദേശീയവും വൈദേശീകവുമായ അധിനിവേശത്തിന്റെ കനൽവഴികളിൽ അടിപതറാതെ, മലങ്കര നസ്രാണിയുടെ സ്വത്വബോധം ഊട്ടിയുറപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങളെ തുറന്നിട്ട ഭാസുര തേജസ്സ്, പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത (1858-1934).

പരി. ഗീവറുഗീസ് ദ്വിതീയൻ ബാവാ പരിശുദ്ധന്റെ ചരമ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു: "വലിയ നോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്ന്, ഭൂലോക മല്പാനായ മാർ അപ്രേമിന്റെ ഓർമ്മദിവസമായ ഇന്ന് മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു. നമ്മുടെ കർത്താവിനുവേണ്ടി രക്തസാക്ഷിമരണം വഹിച്ച മാർ തേവോദോറസ് സഹദായുടെ ഓർമ്മദിവസമായ ഇന്ന് അതുപോലെയുള്ള പീഡകൾ സഭയ്ക്കുവേണ്ടി സഹിക്കുവാൻ മൗദ്യോന എന്ന നാമത്തിനു യോഗ്യനായിത്തീർന്നിരിക്കുന്ന നമ്മുടെ മെത്രാച്ചൻ കബറടക്കപ്പെടുന്നു". ആ കബറിനു മുന്നിൽ ഇങ്ങനെ രേഖപ്പെടുത്തി 'the time will not dim his glory' കാലത്തിനു മായിക്കാനാവാത്ത മഹത്വമുള്ളവൻ. ഗുരുക്കന്മാരും മുൻഗാമികളുമായ പരി. പരുമല തിരുമേനിയുടെയും ശിക്ഷണത്തിൽ വളർന്നുവരുകയും, അവർ തെളിച്ച സത്യവിശ്വാസത്തിന്റെ ശോഭ അഭംഗുരം കാക്കുകയും ചെയ്ത പുണ്യപുരുഷൻ. കോട്ടയം പഴയ സെമിനാരിയിൽ സുറിയാനി മല്പാനായി നിയമിക്കപ്പെട്ട പിതാവ് മതോപദേശസാരങ്ങൾ എന്ന കൃതിയിലൂടെ സഭയുടെ വിശ്വാസ തത്വങ്ങളെ ലളിതമായി പഠിപ്പിച്ചു.

മലങ്കര സഭയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനായി അനേകം പ്രതിസന്ധികൾ നേരിട്ടെങ്കിലും വിരുദ്ധതകൾക്കു മുമ്പിൽ, മാർത്തോമ്മായുടെ മാർഗ്ഗത്തിനുവേണ്ടി, ദേശീയതയ്ക്കുവേണ്ടി അടരാടി. വ്യവഹാരങ്ങൾക്കു നടുവിലും, ആത്മീയതയുടെ ഉത്തുംഗതയിൽ പ്രാർത്ഥനയിലും നോമ്പിലും, ഉപവാസത്തിലും കൂടുതൽ കരുത്തു നേടി. ഭരണസ്വാതന്ത്ര്യവും കെട്ടുറപ്പുമുള്ള ഒരു സഭയായി മലങ്കര സഭ വളരണമെന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. വ്യവസ്ഥാപിതവും, സുശക്തവുമായ ഭരണസംവിധാനങ്ങൾ മലങ്കരസഭയുടെ നിലനില്പിന് ആവശ്യമെന്ന് കണ്ട് ഭരണഘടനയുടെ (1934 മലങ്കരസഭാ ഭരണഘടന) നക്കൽ രൂപീകരിച്ചു. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സഭയുടെ അസ്ഥിത്വം ആരുടെ മുമ്പിലും അടിയറവു വയ്ക്കില്ല എന്ന ദൃഢനിശ്ചയം അദ്ദേഹത്തിനുണ്ടായിരുന്നു. കൂടെ നിന്നവർ പോലും വ്യവഹാരി എന്ന് വിളിച്ചധിക്ഷേപിച്ചപ്പോഴും സ്വാതന്ത്ര്യവും സ്വത്വബോധവും നഷ്ടപ്പെടാതെ ഒരു ജനത ഇവിടെ വളർന്നു വരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരത സഭയുടെ സ്വാതന്ത്ര്യവും തനിമയും കാത്തുസൂക്ഷിക്കുവാൻ പോരാടിയ കർമ്മധീരൻ. ഈ സഭയുടെ സ്വത്വബോധത്തെ നഷ്ടപ്പെടുത്തുവാൻ ശ്രമിച്ചവരുടെ മുമ്പിൽ സിംഹതുല്യം ഗർജ്ജിച്ചു നിൽക്കുവാൻ തയ്യാറായ പിതാവ്. വ്യവഹാരങ്ങൾക്കു നടുവിൽ സഭാ നൗക ആടിയുലഞ്ഞപ്പോഴും സ്വതന്ത്ര തുറമുഖത്ത് എത്തിക്കണമെന്ന കാർക്കശ്യത്തിൽ നിന്നും പിൻതിരിയുവാൻ ഈ പിതാവ് തുനിഞ്ഞില്ല. തർക്കങ്ങൾ കൊണ്ട് കാർമേഘാവൃതമായ കാലഘട്ടത്തിൽ സഭാ ഗാത്രത്തെ മുറി വേല്പിക്കുവാൻ ശ്രമിച്ചവരൊക്കെ പിന്തിരിയേണ്ടിവന്നു. ദൈവാശ്രയ ബോധത്തോടെ ഈ സഭയെ നയിക്കുവാനും സ്വതന്ത്ര കാതോലിക്കേറ്റെന്ന ആശയത്തിൽ അടിയുറച്ചു നില്ക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത് ദേശീയബോധവും പരി. മാർത്തോമ്മാ ശ്ലീഹാ പകർന്നു നൽകിയ ശ്ലൈഹികമായ ഈ സഭയുടെ അസ്ഥിത്വവും തന്നെയാണ്. നിലപാടുകളിലെ വ്യക്തത പ്രവൃത്തിയിൽ അദ്ദേഹം കാട്ടി.

വ്യവഹാരങ്ങളുടെ താളുകളിൽ മാത്രം പരിശുദ്ധ പിതാവിനെ കാണുവാൻ ശ്രമിച്ചവരും ശ്രമിക്കുന്നവരുമുണ്ട്. പരി. സഭയുടെ സ്വത്വവും അസ്ഥിത്വവും ആർക്കുമുമ്പിലും പണയപ്പെടുത്തുവാൻ കഴിയില്ലെന്ന ഉറച്ച നിലപാടാണ് ഇതിന് കാരണം. ഈ സഭ സ്വതന്ത്രമാണെന്ന ബോധ്യവും അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ ഉണ്ടായി.

മാർത്തൊമ്മൻ നസ്രാണിയുടെ ജാത്യാഭിമാന ബോധം വരും തലമുറകളിലേക്കും പകരണമെന്ന് പരിശുദ്ധ പിതാവിന്റെ ആഗ്രഹം നമുക്ക് മുമ്പിലുണ്ടാകട്ടെ. മല്ലപ്പള്ളിയിൽ ജനിച്ച് മലങ്കരയുടെ മഹാപുരോഹിത സ്ഥാനത്തേക്ക് എത്തി പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യവും, സ്വത്വബോധവും ആരുടെ മുമ്പിലും അടിയറ വയ്ക്കുവാൻ തയ്യാറല്ലെന്ന് പറയുകയും ഒരു സ്വതന്ത്ര കാതോലിക്കേറ്റിനുള്ള വഴിതെളിക്കുകയും ചെയ്തു. ഓരോ ദിവസവും അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ച് അനുഗ്രഹങ്ങൾ തേടുന്നവർ അനേകരാണ്. ഈ പുണ്യപിതാവിന്റെ, സഭാ ഭാസുരന്റെ ഭാസുരസ്മരണയിൽ, മദ്ധ്യസ്ഥതയിൽ നമുക്കും അഭയപ്പെടാം.




# 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' അഥവാ മലങ്കരയുടെ മഹാജനസമ്മേളനം

ഫാ. ഡോ. ജേക്കബ് കുര്യൻ

ലോകത്തിൽ ഇന്നുള്ള, ക്രൈസ്തവ സഭകളിൽ ഒന്നാം നൂറ്റാണ്ടു മുതലുള്ള അപ്പോസ്തോലിക പൈതൃകം കാത്തുസൂക്ഷിക്കുന്ന ചുരുക്കം സഭകളിൽ ഒന്നാണ് 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ'. ഈ സഭയിൽ പ്രധാന വിഷയങ്ങളെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുവാൻ എല്ലാ വിഭാഗം സഭാംഗങ്ങൾക്കും പ്രാതിനിധ്യത്തോടെ പൂർണ്ണ പങ്കാളിത്തം നൽകുന്ന വളരെ ബൃഹത്തായ ഒരു സംവിധാനമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ. ഒരു പക്ഷേ, ലോക സഭകളിൽ ഒന്നിനും ഇത്രമാത്രം വിപുലമായ ഒരു ഔദ്യോഗിക പ്രതിനിധിസഭ ഉണ്ടാവുകയില്ല. 2021 ഒക്ടോബർ 14-ന് പരുമലയിൽ നടന്ന സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പോലെ ആഗോള സഭാ ചരിത്രത്തിൽ പുതുമയുള്ള വെർച്ചൽ ഔദ്യോഗിക സഭാസമ്മേളനം വേറെ നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. 2022 ഫെബ്രുവരി മാസത്തിൽ നടക്കുവാൻ പോകുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യഥാവിധി നടക്കുന്ന ആദ്യത്തെ മഹാജന സമ്മേളനം ആയിരിക്കും.

1897-1910 കാലഘട്ടത്തിൽ വിഭാവന ചെയ്ത് നടപ്പിൽ വന്ന 'മലങ്കര സുറിയാനി മഹാജനസഭ' എന്ന മലങ്കരയുടെ സാംസ്കാരിക, സാമൂഹ്യ കൂട്ടായ്മയിൽ നിന്ന് വ്യത്യസ്തമായി 1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ വിഭാവന ചെയ്ത 'ഔദ്യോഗിക' പ്രതിനിധി സമ്മേളനത്തിന്റെ പിന്തുടർച്ചയിൽ അറുപതോളം മലങ്കര അസോസിയേഷനുകൾ കൂടുവാൻ ഇടയായിട്ടുണ്ടെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണ്.

'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എന്ന നാമവും' 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' എന്ന നാമവും ഒരു സഭാസമൂഹത്തിന്റെ സ്വത്വബോധത്തിന്റെ നിരവധി പോരാട്ടങ്ങളെയും അവയുടെ കഥാപരിണാമങ്ങളെയും ഓർമ്മിപ്പിക്കുന്നവയാണ്. ഒരു കാലത്ത് 'തോമ്മമാർഗ്ഗ'മെന്നും, 'നസ്രാണിമന്റ്'മെന്നും, മറ്റൊരു കാലത്ത് 'തരീസാപ്പള്ളി'യെന്നും, 'മലങ്കരമജ്‌ലിസ്' എന്നും, 'മലങ്കര ഇടവക 'യെന്നും, 'മലങ്കരമഹായിടവക'യെന്നും 'യാക്കോബായ സഭ'യെന്നും, 'മലങ്കരസഭയെന്നും, ഒക്കെ ഉപയോഗിച്ചിരുന്ന നാമങ്ങൾക്ക് ഒരു വ്യവസ്ഥാപിത പൂർത്തീകരണം സിദ്ധിച്ചത് 1934-ലെ സഭാഭരണഘടന പ്രകാരം 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ' എന്ന നാമധേയത്തോടെയാണ്. മേൽപറഞ്ഞ ഓരോ നാമത്തിനും അതിന്റേതായ ചരിത്ര സൂചകങ്ങളും, പിന്നാമ്പുറ പോരാട്ട കഥകളുമുണ്ട്. അതുപോലെ തന്നെ 1934 നു മുമ്പ് 'സുറിയാനി ക്രിസ്ത്യാനി' അസോസിയേഷനെന്നോ, 'മലങ്കര യാക്കോബായ സുറിയാനി അസോസിയേഷനെന്നോ, ഒക്കെ അറിയപ്പെട്ടത് 1934-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്നോ അതിനുശേഷം ചില കോടതി രേഖകളിൽ, മലങ്കര ഓർത്തഡോക്സ് സിറിയൻ അസോസിയേഷൻ എന്നോ പരിണാമം പ്രാപിച്ചതിനും അവയുടേതായ പശ്ചാത്തല കഥകൾ പറയുവാനുണ്ട്. ഈ കഥകൾ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർ, സഭാഭരണഘടനയുടെ രൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലം പഠിക്കുന്നത് അഭികാമ്യമാണെന്നു മാത്രം സൂചിപ്പിക്കട്ടെ. ഒരു തദ്ദേശീയ സ്വതന്ത്രസഭാസമൂഹം, പാശ്ചാത്യ-പൗരസ്ത്യ സഭകളുമായുള്ള ബന്ധങ്ങളിലെ ചരിത്രപരിണാമം നിമിത്തം പലതായി പിളർന്നതും, 'ഇടവക'യായോ, 'മഹാഇടവകയായോ' പരിമിതപ്പെടേണ്ടി വന്നതും പിന്നീട് ദൈവകൃപയുടെ പരിപാലനത്തിൽ നിരന്തര പോരാട്ടങ്ങളിലൂടെ സ്വതന്ത്ര സ്വത്വബോധത്തിന്റെ ആത്മബോധം ഉയിർത്തെഴുന്നേറ്റതും വെറുമൊരു 'അക്കപ്പോരിന്റെ കഥയല്ല സ്വത്തിനുവേണ്ടിയുള്ള കടിപിടിയുമല്ല, ഒരു സ്വയം കണ്ടെത്തലിന്റെ നീണ്ട കഥയാണ്.

ഈ സ്വത്വബോധത്തിന്റെ കാലാനുസൃത പ്രഖ്യാപനമാണ് ഓരോ മലങ്കര അസോസിയേഷനും. 2022 ഫെബ്രുവരി 25-നു നടക്കുവാനുള്ള മലങ്കര അസോസിയേഷൻ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ വിളിച്ചു കൂട്ടുന്ന പ്രഥമ അസോസിയേഷനാണ്. സ്വാഭാവികമായും മെത്രാന്മാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള അജണ്ടയാണ് ഈ അസോസിയേഷൻ പരിഗണിക്കുന്നത്. ഒരു മാനേജിംഗ് കമ്മറ്റിയുടെ കാലാവധി പൂർത്തിയാകാറായപ്പോൾ, അതിനോടനുബന്ധിച്ച അജണ്ടയോടുകൂടി, ട്രസ്റ്റി സ്ഥാനങ്ങളിലെ ഒഴിവുകൾ നികത്തുവാൻ മറ്റൊരു അസോസിയേഷൻ വൈകാതെ കൂടേണ്ടതായി വരും. ഏഴ് മേല്പട്ടക്കാരെ തിരഞ്ഞെടുക്കുമ്പോൾ അവരിൽ അടിസ്ഥാനപരമായി ഭരണകർത്താക്കളെയോ, സ്വന്തം പ്രോജക്ടുകളുടെ കാര്യസ്ഥന്മാരെയോ അല്ല, ജനം പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാണ്. മാധ്യമ ചർച്ചകളിലും പൊതുസമൂഹത്തിന്റെ വിലയിരുത്തലിലും ഇക്കാര്യം സ്പഷ്ടമാണ്. ലാളിത്യവും സ്നേഹവും വിശുദ്ധിയും കപടതയില്ലാതെ നിറഞ്ഞുതുളുമ്പുന്ന ദൈവപുരുഷന്മാരെയാണ്, മലങ്കര അസോസിയേഷനും അന്വേഷിക്കുന്നത്., തീർച്ച. അതിനായിരിക്കട്ടെ നമ്മുടെ മുൻഗണന.' ○

## അഭിമുഖം തുടർച്ച....

(ജോസഫ് മാർ പക്കോമിയോസ്) യോടുള്ള ആത്മബന്ധത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിന്റെ പിൻഗാമി എന്ന നിലയിലാണ് എന്നോടുള്ള സ്നേഹം. പ്രത്യേകിച്ച് കണ്ടനാട് ഭദ്രാസനം നേരിട്ട പ്രതിസന്ധികളിൽ പക്കോമിയോസ് തിരുമേനിയോടു താദാത്മ്യം പ്രാപിച്ചതുപോലെ എന്നോടും താദാത്മ്യപ്പെട്ടു. സഭയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചും കാതോലിക്കേറ്റിനെ സംബന്ധിച്ചുമൊക്കെ ഞങ്ങൾക്ക് ഒരേ വീക്ഷണമായിരുന്നു. അതുപോലെ വട്ടശ്ശേരിൽ തിരുമേനിയോടും കുറിച്ചി ബാവായോടും വട്ടക്കുന്നേൽ ബാവായോടുമൊക്കെ അദ്ദേഹത്തിന് പ്രത്യേക സ്നേഹവും ആദരവും ഉണ്ടായിരുന്നു. എനിക്കും ഈ പിതാക്കന്മാരോട് പ്രത്യേക അടുപ്പം ഉണ്ടായിരുന്നു. അതുപോലെ എന്തിലും സുതാര്യത വേണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. സമ്പത്തിനോട് തിരുമേനിക്ക് താല്പര്യമില്ലായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ കിട്ടുന്ന സമ്പത്ത് പാവപ്പെട്ടവർക്ക് കൊടുക്കുവാൻ ഒരു മടിയുമില്ലായിരുന്നു. ഇങ്ങനെ ഞങ്ങളെ തമ്മിൽ അടുപ്പിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന് എന്നിൽ ഒരു 'കോൺഫിഡൻസ്' ഉണ്ടായിരുന്നു. സഭാകേസിനെ സംബന്ധിച്ചോ ആരാധനയെ സംബന്ധിച്ചോ എന്തെങ്കിലും സംശയം ഉണ്ടായാൽ എന്നോട് ചോദിക്കും. എന്റെ സംശയങ്ങൾ തിരുമേനിയോടും ചോദിക്കുമായിരുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ നല്ല ഊഷ്മളമായ ബന്ധമായിരുന്നു.

**? പൂർവ്വഗാമികളായ കാതോലിക്കാമാരിൽ തിരുമേനിയെ സ്വാധീനിച്ചതാരെല്ലാമാണ്?**

ഞാൻ വാഴൂർ പള്ളിയിൽ സൺഡേസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ പരിശുദ്ധ ഗീവർഗീസ് ദ്വിതിയൻ ബാവായുടെ കാൽകഴുകൽ ശുശ്രൂഷയിൽ സംബന്ധിച്ചിട്ടുണ്ട്. ഏലിയാ കത്തീഡ്രലിൽവെച്ചായിരുന്നു ശുശ്രൂഷ. തിരുമേനിയുടെ ശുശ്രൂഷയിൽ സംബന്ധിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. ആ സന്ദർഭം മാത്രമേ തിരുമേനിയെപ്പറ്റി എന്റെ ഓർമ്മയിൽ ഉള്ളൂ. പരിശുദ്ധ ഔഗേൻ ബാവായുടെ കാലത്താണ് ഞാൻ വൈദികസെമിനാരിയിൽ പഠിക്കുന്നത്. ബാവാ സെമിനാരിയിൽ ഇടയ്ക്ക് വരുമ്പോൾ കാണും. ഞാൻ രണ്ടാംവർഷം പഠിക്കുമ്പോൾ കാതോലിക്കേറ്റിന്റെ ചരിത്രത്തെക്കുറിച്ച് ഒരു ലേഖനമത്സരത്തിൽ പങ്കെടുത്തു. ഞാൻ ഔഗേൻ ബാവായെ കണ്ട് കാതോലിക്കാ-പാത്രിയർക്കീസ് ബന്ധത്തെപ്പറ്റി അഭിപ്രായം ആരാഞ്ഞു. "എന്താ കുഞ്ഞേ, നമ്മൾ എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളാണ്. കുടുംബപ്പേര് ഒന്നാണ്. ചേട്ടന്റെ വീട് ചേട്ടന്. അനിയന്റെ വീട് അനിയന്." അങ്ങനെ ഗഹനമായ ഒരു വിഷയത്തെ വളരെ ലളിതമായി പറഞ്ഞുതന്നതോർക്കുന്നു.


പ. മാത്യൂസ് പ്രഥമൻ ബാവായെ ഞാൻ ഒരു Iconic person ആയിട്ടാണ് കാണുന്നത്. ഞാൻ സെമിനാരിയിൽ പോകുവാൻ ആഗ്രഹിച്ചപ്പോൾ തിരുമേനിയോട് ചോദിച്ചിട്ടാണ് പോയത്. ആരാധനാകാര്യങ്ങൾ, സഭയോടുള്ള സ്നേഹം, ആ പിതാവിന്റെ ഡിസിപ്ലിൻ (Discipline) ഒക്കെ എന്നെ വലിയതോതിൽ സ്വാധീനിച്ചിട്ടുണ്ട്. പ. മാത്യൂസ് ദ്വിതീയൻ ബാവായാണ് എന്നെ കണ്ടനാട്, ഇടുക്കി, കോട്ടയം ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്താ ആയി നിയമിച്ചത്. പിന്നീട് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല തന്നു. 1995-ലെ കോടതിവിധിക്കുശേഷം കേസുകളുടെ നടത്തിപ്പും എന്നെ ഏല്പിച്ചു. തുടർന്നുവന്ന പ. ദിദിമോസ് ബാവായും പ. പൗലോസ് ദ്വിതീയൻ ബാവായും അതു തുടർന്നു.

**? പ്രതീക്ഷ മുതൽ പ്രശോഭവരെ 17 ജീവകാരുണ്യപ്രസ്ഥാനങ്ങളാണ് കണ്ടനാട് ഭദ്രാസനത്തിൽ നടന്നുവരുന്നത്. തിരുമേനി സഭാധ്യക്ഷസ്ഥാനത്ത് അവരോധിക്കപ്പെട്ടപ്പോൾ എല്ലാ ഭദ്രാസനത്തിലേക്കും ഇതിന്റെ തുടർച്ചകൾ ഉണ്ടാകുമോ എന്നാണ് സഭാജനങ്ങൾ ഉറ്റുനോക്കുന്നത്.**

കണ്ടനാട് ഭദ്രാസനത്തിൽ എന്റെ മുൻഗാമിക്ക് ഒരു സ്മാരകം വേണം എന്ന നിലയിൽ 'പ്രതീക്ഷ' എന്ന സ്ഥാപനം തുടങ്ങി എന്നേയുള്ളൂ; ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കു വേണ്ടി. തുടർന്ന് അവരുടെ പ്രായമായവരെ സംരക്ഷിക്കേണ്ടിവന്നു. അങ്ങനെയാണ് 'പ്രശാന്തി'യുടെ ആരംഭം. അപ്പോൾ ഭിന്നശേഷിയുള്ള പുരുഷന്മാർക്കുവേണ്ടിയുള്ള സ്ഥാപനത്തിന്റെ ആവശ്യം വന്നു; 'പ്രത്യാശ' തുടങ്ങി. ഓരോന്നും ഓരോ ആവശ്യം വന്നപ്പോൾ തുടങ്ങിയതാണ്. അതിനൊക്കെ അതത് കാലത്ത് അഭ്യുദയകാംക്ഷികൾ കടന്നുവന്നു. സഭയുടെ നേതൃത്വത്തിൽ ബൃഹത്തായ ഒരു ജീവകാരുണ്യപദ്ധതിയെക്കുറിച്ച് ഇപ്പോൾ ആലോചനയിലാണ്. എന്റെ ഉത്തരവാദിത്തത്തിൽ സഭാജനങ്ങൾക്കു മാത്രമല്ല, പൊതുസമൂഹത്തിനു മുഴുവൻ ഉപകരിക്കത്തക്ക രീതിയിൽ ഉള്ള ഒരു പദ്ധതി... ഒരു മാസത്തിനകം എല്ലാവരെയും അറിയിക്കാം എന്നു കരുതുന്നു.

**? ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടക്കുന്ന അസോസിയേഷന്റെ പ്രാധാന്യം എന്താണ്?**

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഏഴു മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കുക എന്നതുതന്നെയാണ് ഈ അസോസിയേഷന്റെ പ്രാധാന്യം. ഈ മാനേജിങ് കമ്മറ്റിയുടെ കാലാവധി തീരുന്നതിനുമുമ്പ് അസോസിയേഷൻകൂടി മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കണം. അതുകൊണ്ടാണ് അത് ഫെബ്രുവരിയിൽ തന്നെ നടത്താൻ തീരുമാനിച്ചത്. ○



# നിരാലംബരുടെ പ്രതീക്ഷയും പ്രമോദവും



**ഫാ. ജോസ് തോമസ് പൂവത്തിങ്കൽ**
ഭദ്രാസന സെക്രട്ടറി, കണ്ടനാട് വെസ്റ്റ്

ഏഴും എഴുപതും ഒരുപോലെ എന്ന് പറയാറുണ്ട്. എഴുപതുകളുടെ നിറവിലും ഏഴിന്റെ പ്രസരിപ്പും ഉൽസാഹവും കുതൂഹലവുമായി മലങ്കര സഭയൊന്നാകെ നെഞ്ചിലേറ്റിക്കൊണ്ട് വിശ്രമമില്ലാതെ ഓടിനടക്കുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയെ കാണുമ്പോൾ ഈ നാട്ടുചൊല്ലാണ് ഓർമ്മ വരുന്നത്. വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയെന്ന നിർമ്മല ഭവനത്തിൽ നിന്നാരംഭിച്ച സമർപ്പിത ജീവിതം എഴു പത്തിരണ്ട് അറിയിപ്പുകാരുടെ സംഖ്യയ്ക്കൊത്തവണ്ണം തികഞ്ഞപ്പോൾ, എഴു പത്തിരണ്ട് അറിയിപ്പുകാരിലൊരാൾ പിൻഗാമിയായിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ മഹാപൗരോഹിത്യശ്രേണിയിൽ ആ ശ്ലൈഹിക സിംഹാസനത്തിൽ എത്തിയിരിക്കുകയാണല്ലോ. ആ ധന്യ ജീവിതം എഴുപത്തിമൂന്നാമാണ്ടിലേക്ക് പദമൂന്നുമ്പോൾ മലങ്കര നസ്രാണികളുടെ പൗരുഷവും ആത്മാഭിമാനവും ആത്മീയതയും സമ്യക്കായി സമ്മേളിക്കുന്ന ജാതിക്ക് കർത്തവ്യനായി, മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യകാതോ ലിക്കയുമായി ഉന്നത പദവിയിലേറിയിരിക്കുകയാണ്.

"മനുഷ്യൻ കണ്ണിനു കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമുവേൽ 16: 7) മലങ്കര സഭ ദൈവത്തിന്റേതാണെന്ന് ഒരിക്കൽ കൂടി തെളിയിക്കുന്നതായിരുന്നു ദൈവം തമ്പുരാൻ നടത്തിയ വലിയൊരു പരിശോധനയും തെരെഞ്ഞെടുപ്പും കാതോലിക്ക വാഴ്ചയും. An honest man is the noblest work of God (Alexander Pope, An Essay on Man). നിറകുടം ശബ്ദരഹിതമായിരിക്കും, ഒഴിഞ്ഞപാത്രങ്ങൾ അപശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുമ്പോൾ യഥാർത്ഥയോഗിക്കുമാത്രമേ നിസംഗതയോടെ അതിനെ വീക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. മുൻപൊരിക്കലും ഉണ്ടാകാത്തവിധത്തിലുള്ള, ഒരു സഭാപിതാവിനും നേരിടേണ്ടിവന്നിട്ടില്ലാത്ത അപമാനവാക്കുകളാലും അസത്യവാദങ്ങളാലും കുപ്രചരണങ്ങളാലും ജ്വലിപ്പിച്ച അഗ്നിചൂളയിൽ ശോധനചെയ്തെടുത്ത പരിശുദ്ധ പിതാവിന്റെ ശക്തിയെന്നത് ദീപ്തമായ മനസ്സിൽ നിന്നുയരുന്ന പ്രാർത്ഥനാ മന്ത്രങ്ങളായിരുന്നു. അതിലൂടെ സ്വർഗവുമായി ബന്ധിപ്പിച്ച പൊട്ടാത്ത ചരടായിരുന്നുവെന്ന് നമുക്കറിയാം. മനസ് തപിക്കുമ്പോൾ ഊഷ്മളമായ ഹൃദയത്തിലെ പ്രാർത്ഥനാമന്ത്രങ്ങൾ അഗ്നിനാളം പോലെ ഉയർന്ന് ദൈവസന്നിധിയിലേക്കെത്തുന്നു. അതിലൂടെതന്നെ തിരിച്ചെത്തുന്ന മറുപടി പ്രശോഭിപ്പിക്കുന്നത് അർത്ഥകനെ മാത്രമല്ല, അവനുൾപ്പെടുന്ന പ്രപഞ്ചത്തെമുഴുവനു മായിട്ടാണ്. അത് ആവാസവ്യവസ്ഥയെ ശുദ്ധവും നിർമ്മലവുമാക്കുന്നു. അതു പകർന്നു തരുവാനും മസ്സിലാക്കിത്തരുവാനും കഴിവും യോഗ്യതയുമുള്ളത് പ്രാ ർത്ഥനാജീവിതം നയിക്കുന്നവർക്കാണ്. മലങ്കര സഭയു ടെ അദ്ധ്യക്ഷനായ പരിശുദ്ധ ബാവ തിരുമേനി, കൈസറിയായിലെ വലിയ മാർ ബസേലിയോസിന്റെ ഭാഷയിൽ, നമസ്ക്കാരത്തിന്റെ ഇടവേളകളായ യാമപ്രാർത്ഥനയിലൂടെ സൃഷ്ടാവും വിധാതാവുമായ ദൈവവുമായി നിത്യബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നു. സൃഷ്ടിയെ സ്രഷ്ടാവിലേക്ക് കൊണ്ടുപോകുന്നതിനായി, തന്നെ ഏൽപ്പിച്ചിരിക്കുന്ന മഹാപൗരോഹിത്യ ശുശ്രൂഷ ആത്മാർത്ഥതയോടും തീഷ്ണതയോടും നിറവേറ്റുന്നത് വൈദികഗണങ്ങൾക്കെല്ലാം വലിയൊരു മാതൃകയാണ്.

കണ്ടനാട് ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ അകാലവിയോഗത്തിൽ സ്തബ്ധരായിപ്പോയ അജഗണങ്ങൾക്ക് ഇടയനായി, കണ്ടനാടിന്റെ അദ്ധ്യക്ഷനായി, ആത്മീയപിതാവായി ദൈവത്താൽ നിയോഗിക്കപ്പെട്ട മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത നട്ടുനനച്ചുവളർത്തി അനേകായിരങ്ങൾക്ക് താങ്ങും തണലും ശാന്തിയും സമാധാനവും നൽകുന്ന, പ്രതീക്ഷയിലാരംഭിച്ച് പതിനാറ് ശാഖകളുള്ള വടവൃക്ഷത്തിന്റെ പ്രശോഭയെന്ന പതിനേഴാമത്തെ ശിഖരം കിളിർത്തുവരുന്ന ഈ കാലയളവിൽ ഒരു മധുരപതിനേഴിന്റെ ചുറുചുറുക്കോടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കയായി കർമ്മനിരതനായിരിക്കുകയാണിപ്പോഴും. അധികമാർക്കും അവകാശപ്പെടാനാവാത്ത ആദിമസഭയുടെ വിശിഷ്ട ഗുണങ്ങൾ-സർവ്വവും പൊതുവെന്നു കരുതി - ഒരു ചില്ലിക്കാശിന്റെ പോലും സ്വകാര്യ സമ്പാദ്യമില്ലാത്ത സാക്ഷാൽ യിസ്രായേല്യൻ, എല്ലാം പൊതുവകയായി സ്വജീവിതം ഉഴിഞ്ഞുവെച്ചതിന്റെ മൂർത്തരൂപമാണ് കണ്ടനാട് ഭദ്രാസനത്തിലെ ജീവകാരുണ്യ പ്രസ്ഥാനങ്ങളും പദ്ധതികളും. മാനവ സേവ മാധവ സേവയാണെന്ന് ഭാരതീയപാരമ്പര്യം പഠിപ്പിക്കുന്നു. നോമ്പിലെ നമസ്ക്കാരത്തിൽ പ്രാർത്ഥിക്കുന്നതുപോലെ, ആവശ്യക്കാരനെ കണ്ടുപിടിച്ചു വിശപ്പകറ്റുന്ന യഥാർത്ഥ നസ്രാണി. സ്വന്തജീവിതം തന്നെ സന്ദേശമാക്കിമാറ്റിയ മഹാത്മ ഗാന്ധിജിയെ ഈ തലമുറയ്ക്ക് പരിചയപ്പെടുത്തുന്ന സാക്ഷാൽ ഭാരതീയൻ. ഓർമ്മിക്കുക, You have not lived today until you have done something for someone who can never repay you (John Bunyan). തിരികെ കിട്ടുമെന്ന് പ്രതീക്ഷയില്ലാതെ ഒരാൾക്ക് തക്കസ്ഥലത്തും സമയത്തും നൽകപ്പെടുന്ന ദാനമേതാണോ അതാണ് ഉത്തമമായ ദാനമെന്ന ഹിതോപദേശത്തിലെ പാഠമനുസരിച്ച് പ്രവർത്തിക്കുന്ന പരിശുദ്ധ ബാവ തിരുമേനിക്ക് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകളും മംഗളങ്ങളും നേരുന്നു. ദീർഘായുസോടെയിരുന്ന് മലങ്കര സഭയെ ഭാഗ്യമോടെ നയിക്കുവാൻ അങ്ങേക്കിടയാകട്ടെ.

o



## ഫാ. സുജിത്ത് തോമസ്

അസി. വികാരി, സെ. തോമസ് ഓർത്തഡോക്സ് ചർച്ച്, ഫിലാഡൽഫിയ

2022 ഫെബ്രുവരി 13
**കൊഹനെ ഞായർ**
മത്തായി 24: 42-51

**പശ്ചാത്തലം :** വലിയനോമ്പിനു മുമ്പുള്ള രണ്ട് ഞായറാഴ്ചയിലെ ഏവൻഗേലിയോൻ ഭാഗങ്ങൾ കർത്താവിന്റെ രണ്ടാം വരവിനെപ്പറ്റി ഓർമിപ്പിക്കുന്നു. ഈ ആഴ്ചയിലെ വേദഭാഗം ഒലിവേറ്റ് സംഭാഷണം (Olivet Discourse) എന്നും ചെറിയ വെളിപാട് (little apocalypse) എന്നും വിളിക്കപ്പെടുന്ന ഭാഗത്തിൽ നിന്നാണ്. യേശു തന്റെ പരസ്യ ശുശ്രൂഷയുടെ അവസാനഭാഗത്തു, അന്ത്യഅത്താഴത്തിനു മുമ്പെ യരുശലേം ദേവാലയത്തിനുനേരെ ഇരുന്ന് പഠിപ്പിച്ചതാണ് ഈഭാഗം (മത്തായി 24-25; മർക്കൊസ് 13; ലൂക്ക് 21). കർത്താവിന്റെ വരവിനെ ഓർത്തുകൊണ്ട് ജാഗ്രത പ്രാപിച്ചു വലിയനോമ്പിനു വേണ്ടി ഒരുങ്ങാം.

**1. കർത്താവിന്റെ രണ്ടാം വരവിനെ നോക്കിപ്പാർത്ത് ഉണർന്നും ഒരുങ്ങിയുമിരിക്കണം**

'മരിച്ചു പോയവരുടെ ഉയർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. 'ഇഹലോകജീവിതം ഒരുകാത്തിരിപ്പാണ്; നമ്മുടെ യജമാനൻ തിരിച്ചു വരുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പ്. നാം ഉണർന്നും (24:42,43), ഒരുങ്ങിയും (24:44) കാത്തിരിക്കണം. യജമാനൻ എപ്പോൾ വരുമെന്ന് നിർണയിക്കാൻ ശ്രമിക്കാതെ, യജമാനൻ എപ്പോൾ വന്നാലും അവനെ സ്വീകരിക്കുവാൻ എപ്പോഴും കാത്തിരിക്കണം. നാം കിഴക്കോട്ടു നോക്കി പ്രാർത്ഥിക്കുന്നത് ഈ കാത്തിരിപ്പിനെ സൂചിപ്പിക്കുന്നു (മത്തായി 24:27). (1 തെസ്സ ലൊനീക്യർ 4:16-17; എബ്രായർ 9:28; വെളിപ്പാടു 1:7)

a. ഉണർന്നിരിക്കുക (24:42, 43)

പാപത്തിന്റെ മന്ദതയിൽ നിന്നു എഴുന്നേൽക്കുക. ആത്മാവിനെ ഉണർത്തി ജാഗ്രതയോടെ നിൽക്കുക. (സങ്കീർത്തനങ്ങൾ 57:8; എഫെസ്യർ 5:14; യെശയ്യാ 52:1)

b. ഒരുങ്ങിയിരിക്കുക

ചെയ്ത ജോലിയെപ്പറ്റി യജമാനനെ ബോധിപ്പിക്കാൻ ഒരുങ്ങിയിരിക്കുക. പത്തുകന്യകമാരുടെ ഉപമ ഈ ഒരുക്കത്തെ ഓർമിപ്പിക്കുന്നു (മത്തായി 25:1-13). രണ്ടാം വരവിന്റെ ആകസ്മികത ഈ ഒരുക്കത്തിന്റെ ആവശ്യതയെ ശക്തിപ്പെടുത്തുന്നു.

**2. കർത്താവിന്റെ വേലയിൽ ഉത്സുകരാകണം**

യജമാനൻ തന്റെ ഭവനത്തിലെ ജോലി ദാസനെ ഏല്പിച്ചിട്ടുണ്ട് (24:45-46). രണ്ട് രീതിയിലുള്ള ദാസന്മാരെപ്പറ്റി ഉപമയിൽ പറയുന്നു. വേലചെയ്യുന്ന ഭാഗ്യവാനായ ദാസനും (24:46), ഉത്തരവാദിത്ത ബോധമില്ലാത്ത ദുഷ്ടദാസനും (24:48-51). ഏദൻതോട്ടത്തിൽ വേലചെയ്യുവാൻ ആദാമിനെ നിയോഗിച്ചു (ഉല്പത്തി 2:15). തോട്ടം സൂക്ഷിക്കുന്നത് കർത്താവ് നിയോഗിച്ച വേലയായത് പോലെ നമ്മുടെ എല്ലാപ്രവർത്തനങ്ങളും കർത്താവിന്റെ വേലയാക്കാം. കർത്താവിന്റെ രണ്ടാംവരവിനെ വിസ്മരിച്ചതുകൊണ്ടാണ് ദുഷ്ടദാസൻ തന്റെ ദൗത്യം പൂർത്തിയാക്കാഞ്ഞത്. 'നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ' (1 കൊരിന്ത്യർ 15:58). (കൊലൊസ്സ്യർ 3:17, 23; എഫെസ്യർ 6:7)

2022 ഫെബ്രുവരി 20
**ആനീദെ, സകല വാങ്ങിപ്പോയവരുടെയും ഞായർ**
ലൂക്കോ. 12: 32-49

**ഹൃദയത്തെ കത്തിജ്വലിപ്പിക്കട്ടെ**

ക്രിസ്തു തന്റെ ശിഷ്യരിൽ നിന്ന് തീക്ഷ്ണത ആവശ്യപെടുന്നു (12:49). അതുകൊണ്ടാണ് പെന്തിക്കോസ്തി പെരുന്നാളിൽ അഗ്നിനാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവിനെ നൽകിയത്. മാമോദീസായിൽ കൂടി നാമും ഈ അഗ്നിയെ സ്വീകരിച്ചു. യെരുശലേമിലെ വിശുദ്ധ കുറിലോസ് മാമോദീസായ്ക്ക് ഒരുങ്ങുന്നവരോട് പറഞ്ഞത് ഈ അഗ്നി അവരുടെമേൽ വന്ന് 'ആത്മാവിന് തേജസ് 'നൽകുമെന്നാണ്. മാമോദീസായിൽ കത്തിച്ചാരംഭിച്ചതിനെ ഉജ്ജ്വലിപ്പിക്കാൻ വിശുദ്ധ കുർബാനയെന്ന അഗ്നി നാം ഭക്ഷിക്കുന്നു (വിശുദ്ധ ക്രിസോസ്റ്റം). 'വിശ്വാസത്തോടെ സ്വീകരിക്കുന്നവർ അഗ്നിയേയും ആത്മാവിനെയും ഭക്ഷിക്കുന്നു' എന്ന് വിശുദ്ധ അപ്രേം പറയുന്നു. 'എന്റെ കർത്താവേ! നിന്നിലുള്ള ശരണത്തിന്റെ ഒരുതുള്ളി എന്നിൽ വീഴിച്ചിട്ട് അടങ്ങാതെ കത്തിജ്വലിക്കുന്ന ഹൃദയച്ചൂട് എനിക്ക് നൽകണമേ' എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം (ശനിയാഴ്ച രാത്രി രഹസ്യപ്രാർത്ഥന). (വെളി 3:16; 1 രാജ 18:24; 2 രാജ 1 :10 ; സങ്കീർത്തനങ്ങൾ 104 :4 ; ലൂക്ക് 3 :16; അപ്പൊസ്ത 2:3-4; എബ്രാ 12:29).

**2. നാം വിശ്വസ്തരായ കാര്യവിചാരകന്മാരാകണം**

'യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ (12:37; cf. 42). ദൈവമാണ് യഥാർത്ഥ ഉടമസ്ഥനും യജമാനനും. ദൈവം തന്റേതിൽ നിന്ന് നമ്മെ ഏല്പിച്ചു തന്നത്. അത് വിശ്വസ്തതയോടെ സൂക്ഷിക്കാനാണ്. 'ഓരോരുത്തന്നു വരം ലഭിച്ചതു പോലെവിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ' (1 പത്രൊസ് 4:10). വിജയത്തേക്കാൾ വിശ്വസ്തതയാണ് വലുത്. മാനവരാശി തന്റെ കാര്യവിചാരക ദൗത്യം വിസ്മരിച്ചതാണ് കാലാവസ്ഥാവ്യതിയാനത്തിനുകാരണം. ലഭിച്ചിരിക്കുന്ന സമയവും, കഴിവും, സമ്പത്തും (time, talent, treasure) നന്ദിയോടെ ദൈവരാജ്യ മഹത്വത്തിനുവേണ്ടി വിനിയോഗിക്കണം (1 കൊരിന്ത്യർ 4:1-2; ഉല്പത്തി 1:28; മത്തായി 25:14-30; കൊലൊസ്സ്യർ 3:23-24).

**3. സ്വർഗീയനിക്ഷേപത്തെ അന്വേഷിക്കുവാൻ ഹൃദയത്തെ ശീലിപ്പിക്കണം**

'നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും' (12:34). ഭൗമീക നിക്ഷേപത്തേക്കാൾ വലിയത് സ്വർഗീയ നിക്ഷേപമാണ്. സ്വർഗ്ഗത്തിൽ എങ്ങനെ നമ്മുക്ക് നിക്ഷേപിക്കുവാൻ സാധിക്കും (12:33)? ഹൃദയം സ്വർഗത്തിൽ വെക്കുകയും ആ ഹൃദയത്തിൽ വിശ്വാസം നിറക്കുകയും ചെയ്യുമ്പോൾ സ്വർഗത്തിൽ നമ്മുക്ക് നിക്ഷേപം സൂക്ഷിക്കാം. ഭൗമീക കാര്യങ്ങളെക്കാൾ സ്വർഗ്ഗീയകാര്യങ്ങൾ ആഗ്രഹിക്കണം. (യെശയ്യാ 33:6; 2 കൊരിന്ത്യർ 4:18; കൊലൊസ്സ്യർ 3:1).

2022 ഫെബ്രുവരി 27
**വലിയ നോമ്പിലെ ഒന്നാം ഞായർ**
യോഹ. 2:1-11

**1. രക്ഷയുടെ കാസാ നൽകികൊണ്ട് യേശു പുതിയരാജ്യം ആരംഭിച്ചു**

ദൈവരാജ്യത്തെപ്പറ്റിയുള്ള ഇസ്രായേലിന്റെ പ്രതീക്ഷയിൽ മുന്തിരിത്തോട്ടവും അത്തിവൃക്ഷവുമുണ്ടായിരുന്നു (മീഖാ 4:4;

യിരേമ്യാവു 8:13; 1 രാജാക്കന്മാർ 4:25; സെഖര്യാവു 3:10). യേശു ആദ്യം തന്നെ നഥാനിയേലിനെ അത്തിയുടെ കീഴിൽ കണ്ടു (1:48). കാനാവിൽ കർത്താവ് സമൃദ്ധമായ പുതുവീഞ്ഞ് നൽകി. ഈ വീഞ്ഞ് ലോകാവസാനത്തിൽ കുഞ്ഞാടിന്റെ കല്യാണവിരുന്നിൽ കൊടുക്കുവാൻ ഇരിക്കുന്നതാണ് (വെളിപ്പാടു 19:7-10). ഇത് രക്ഷയുടെ കാസയാണ് (സങ്കീർത്തനം 116:13). വിശുദ്ധ കുർബാനയിൽ നാം സംബന്ധിക്കുമ്പോൾ പുതിയ രാജ്യത്തിന്റെ രക്ഷയുടെ കാസായിൽ നിന്നാണ് പാനം ചെയ്യുന്നത്. ഈ കാസായിൽ നിന്ന് പാനം ചെയ്തു രക്ഷയിൽ വളരണം.

**2. കാനാവിലെ കല്യാണം മറ്റൊരു വിവാഹത്തിന്റെ ദൃഷ്ടാന്തമാണ്.**

അലക്സാൻഡ്രിയായിലെ വിശുദ്ധ കൂറിലോസ് പറയുന്നത് രക്ഷകൻ, വധുവായ മനുഷ്യസ്വഭാവത്തോടുള്ള കല്യാണത്തെ ദൃഷ്ടാന്തപെടുത്തുന്നുവെന്നാണ്. 'ദൈവവചനം സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന് ഒരുവൻ ചെയ്യുന്നത് പോലെ മനുഷ്യ സ്വഭാവത്തെ സ്വന്തമാക്കി, ആത്മീകജ്ഞാനത്തിന്റെ വിത്ത് ഉദരത്തിൽ നിക്ഷേപിക്കാനാണ്' (അലക്സാൻഡ്രിയായിലെ വിശുദ്ധ കൂറിലോസ്). ഈ വേദഭാഗത്തെപ്പറ്റി വിശുദ്ധ അപ്രേം പറയുന്നത് 'വധുവിൽ നീ നിന്റെ സഭയെ ചിത്രീകരിച്ചു' എന്നാണ്. ഈ കല്യാണം നടന്ന മൂന്നാം ദിവസം അന്ത്യകാലത്തെ സൂചിപ്പിച്ചു. പഴയ വീഞ്ഞ് പഴയനിയമത്തെയും, പുതിയ വീഞ്ഞ് പരിശുദ്ധാത്മാവിനെയും സുചിപ്പിക്കുന്നു (അലക്സാൻഡ്രിയായിലെ വിശുദ്ധ കൂറിലോസ്). ഈ അർത്ഥത്തെ നാം ധ്യാനിച്ചു നമ്മുടെ സ്വഭാവത്തെ ദൈവത്തിന്റെ സ്വന്തമാക്കി ആത്മീകജ്ഞാനം കൊണ്ട് നിറക്കാൻ ശ്രമിക്കണം.

**3. ദൈവമഹത്വം കുരിശിൽ ദർശിക്കാം**

'എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു' യേശു വിശുദ്ധ കന്യകമറിയാമിനോട് പറഞ്ഞു (2:4). പിന്നീട് യേശു കഷ്ടാനുഭവത്തിനു തയ്യാറായപ്പോൾ 'ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു' അറിഞ്ഞു വെന്നു വിശുദ്ധ യോഹന്നാൻ പറയുന്നു (13:1). അത്താഴത്തിൽ നിന്ന് യൂദാ 'പോയ ശേഷം യേശു പറഞ്ഞതു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു' (13:31). അതായത് യേശുമഹത്വപ്പെടുന്ന നാഴിക ക്രൂശിക്കപ്പെടുന്ന നാഴികയാണ്. ദൈവം തന്റെ മഹത്വത്തെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിലാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ട നാം (ഗലാത്യർ 2:20), ആ കുരിശിൽ മാത്രം പ്രശംസിക്കാം (ഗലാത്യർ 6:14).

**2022 മാർച്ച് 6**

**വലിയ നോമ്പിലെ രണ്ടാം ഞായർ**

ലൂക്കോ. 5: 12-16, 4:40-41.

**1. നാം ക്രിസ്തുവിനാൽ ശുദ്ധീകരിക്കപ്പെട്ടവരാണ്**

രക്ഷ സൗഖ്യം മാത്രമല്ല, അത് ശുദ്ധീകരണവുമാണ്. മാമോദീസയിൽ കഴുകി (1 കൊരി 6 :11 ; അപ്പോസ്തല 22 :16) വെടിപ്പാക്കപ്പെട്ടവരാണ് (1 യോഹന്ന 1 :7; 2 കൊരി 7:1) നാം. കുഷ്ഠരോഗം അശുദ്ധതയുടെ പ്രതീകമാണ്. സാധാരണ അശുദ്ധതയാണ് പടരുന്നത്. പക്ഷെ ഇവിടെ കർത്താവിന്റെ വിശുദ്ധി, അശുദ്ധതയെ നീക്കം ചെയ്തു. 'ശുദ്ധമാക' എന്ന വാക്കുകൾ നമ്മോടും പറയുന്നു. മാമ്മോദീസായിൽ കൂടി നേടിയ വിശുദ്ധിയിൽ വളർന്നു, അശുദ്ധതയെ അകറ്റി നിർത്താൻ നാം ശ്രമിക്കണം (യെശയ്യാ 52:1 ;വെളിപ്പാടു 21: 27)

**2. രക്ഷകൻ സൗഖ്യം നൽകുന്നു**

യേശു കുഷ്ഠരോഗിക്ക് സൗഖ്യം നൽകി. ഒരു സമ്പൂർണമായ സൗഖ്യമാണ് യേശു നൽകിയത്. ആദ്യം അവനെ സ്പർശിച്ചു അവന് സാമൂഹിക സൗഖ്യം കൊടുത്തു. പിന്നീട് അവന്റെ ശരീരത്തിന് സൗഖ്യം കൊടുത്തു. വീണ്ടും സാമൂഹിക സൗഖ്യത്തിനായി പുരോഹിതനെ കാണാൻ അയച്ചു. സമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ട കുഷ്ഠരോഗിയെ സമൂഹത്തിലേക്കു തിരിച്ചു കൊണ്ടുവരാൻ പുരോഹിതന് അധികാരമുണ്ടായിരുന്നു (ലേവ്യ 14). യേശുവിൽ കൂടി ലഭിക്കുന്ന രക്ഷ സമ്പൂർണമായ സൗഖ്യമാണ്. ആത്മശരീരമനസിന്റെ പൂർണ സൗഖ്യമാണിത്. 'ഔഷധ സമ്പത്തുള്ളോനാം ഉത്തമ വൈദ്യാ! സൗഖ്യം നീ വന്നണയുന്നോർക്കേകുവതായ് കേട്ടെൻ' എന്ന് ഈ നോമ്പിൽ പാടി സ്വർഗ്ഗീയ വൈദ്യനായ യേശുവിനെ സമീപിക്കാം. (പുറപ്പാടു 15 :26; യിരമ്യാവു 30:17; യാക്കോബ് 5:14)

**3. ദൈവമുമ്പാകെ വീണ് നമസ്കരിക്കാം**

കുഷ്ഠരോഗി 'യേശുവിനെ കണ്ടു കവിണ്ണു വീണു' (5:12). വേദപുസ്തകത്തിൽ ദൈവത്തെ ആരാധിക്കുമ്പോൾ അവന്റെ മുമ്പാകെ വീണ് നമസ്കരിക്കുമായിരുന്നു (സംഖ്യാ. 20:6; ഉല്പത്തി 17 :3; 1 ദിനവൃത്താന്തം 29:20; വെളിപ്പാടു 7:11). ഈ അടിസ്ഥാനത്തിലാണ് നാം ഇന്നും പ്രാർത്ഥിക്കുമ്പോൾ കുമ്പിട്ട് നമസ്കരിക്കുന്നത്. പ്രാർത്ഥനയിൽ ആത്മശരീരമനസിനെ പൂർണമായി ഉൾപ്പെടുത്തണം. ദണ്ഡനമസ്കാരത്തെ വിസ്മരിക്കരുത്. പാപത്തിലേക്കുള്ള മനുഷ്യന്റെ വീഴ്ചയും അനുതാപത്തോടെയുള്ള ഏറ്റുപറച്ചിലും ഇതിൽ സൂചിപ്പിക്കപ്പെടുന്നു. എഴുന്നേൽക്കുന്നത് ക്രിസ്തുവിലുള്ള ഉയർപ്പിനെയും നീതി യുള്ള ജീവിതത്തെയും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ മുമ്പാകെ മനസിനെ താഴ്ത്തി, ആത്മാവും ശരീരവും വീണു അവ ദൈവകൃപ സ്വീകരിക്കുവാൻ യോഗ്യതനേടട്ടെ.

**4. ഏകാന്തതയും നിശബ്തതയും അന്വേഷിക്കുക**

യേശു 'നിർജ്ജനദേശത്തുവാങ്ങിപ്പോയി പ്രാർത്ഥിച്ചു കൊണ്ടിരുന്നു' (5:16). ദേവാലയ ആരാധനപോലെ ആത്മീക ജീവിതത്തിനു ഏകാന്തതയും നിശബ്ദതയും ആവശ്യമാണ്. 'മനുഷ്യന് ഒരുമുറിയിൽ ഏകനായി നിശ്ചലനായി ഇരിക്കാൻ സാധിക്കാത്തതാണ് ലോകത്തിലെ എല്ലാപ്രയാസത്തിന്റെയും കാരണമെന്നു Pascal പറഞ്ഞു. ശബ്ദമയമായ ലോകത്തിൽ ഏകാന്തതയും നിശബ്ദതയും അന്വേഷിക്കണം. (സങ്കീർ. 46:10; 62:5; സഭാപ്രസംഗി 3:7; സെഫന്യാവു 1:7).


**CATHOLICATE & M.D SCHOOLS**

(CORPORATE MANAGEMENT)

DEVALOKAM, KOTTAYAM-686 004

Phone: 0481-2571485

Email: cmdschools@gmail.com, Web:cmdschools.org

**WANTED**

കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിലെ താഴെപ്പറയുന്ന തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറം കോർപ്പറേറ്റ് മാനേജ്മെന്റ് വെബ് സൈറ്റിൽനിന്നും, ഇ-മെയിൽ മുഖേനയും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം; കോർപ്പറേറ്റ് മാനേജർ, കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ്, ദേവലോകം, കോട്ടയം എന്ന വിലാസത്തിൽ മാറാവുന്ന 300/ രൂപയുടെ D.D, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം **2022 മാർച്ച് മാസം 7-ാം തീയതിക്കു** മുമ്പായി **ദേവലോകം കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസിൽ** ലഭിക്കേണ്ടതാണ്.

1. എച്ച്.എസ്.റ്റി (മലയാളം)
2. എച്ച്.എസ്.റ്റി (ഹിന്ദി)
3. എച്ച്.എസ്.റ്റി (മാത്സ്)
4. എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്)
5. എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്)
6. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ
7. എച്ച്.എസ്.റ്റി (ഹിന്ദി)
8. ഡ്രോയിംഗ് ടീച്ചർ
9. തയ്യൽ ടീച്ചർ

Kottayam.
01-02-2022

Sd/-
Corporate Manager



# തോൽക്കാത്ത ആയുധമേന്തി ആത്മീയ പോരാട്ടത്തിലേക്ക്

**ഫാ. ഡോ. റെജി ഗീവർഗ്ഗീസ്**
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി

വീണ്ടുമൊരു നോമ്പുകാലം സമാഗതമായി. നോമ്പ് എന്നാൽ 'നോക്കുന്നത്' എന്നർത്ഥം. ആദ്ധ്യാത്മിക ജീവിതത്തിന് ഒഴിച്ചു കൂടാനാവാത്തത് എന്ന നിലയിലാണ് പരിശുദ്ധ സഭ വലിയ നോമ്പ് അനുഷ്ഠിക്കുന്നത്. ആരാധനാ വർഷത്തിൽ നാം ആചരിക്കുന്ന മറ്റു നോമ്പുകളെക്കാൾ (യൽദോ നോമ്പ്, മൂന്ന് നോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയോ നോമ്പ്) ദൈർഘ്യം കൊണ്ടും പ്രാധാന്യം കൊണ്ടും വലിയ നോമ്പ് വ്യത്യസ്തമാണ്. കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തിലേക്കും ജീവദായകമായ പുനരുത്ഥാനത്തിലേക്കും പ്രവേശിക്കുന്നതിനു നമ്മെ ഒരുക്കുന്നതാണ് വലിയ നോമ്പ്. വലിയ നോമ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് പരാമർശിക്കുകയാണ് ഈ ലേഖനം. ഈ നോമ്പ് കാലം പ്രയോജനപ്പെടുത്തുവാൻ നമുക്ക് ശ്രമിക്കാം.

**1. കൃപയുടെ വാതിൽ തുറക്കുന്ന സന്ദർഭം**

ദൈവസ്നേഹം മൂലം കൃപയുടെ വാതിൽ തുറന്ന് പാപികളെ മാനസാന്തരത്തിലേക്കു വിളിക്കുന്ന സന്ദർഭമാണ് ഈ നോമ്പ്. വലിയ നോമ്പിന്റെ പ്രാധാന്യം ശുബ്ക്കോനോ ശുശ്രൂഷയിൽ വ്യക്തമാക്കുന്നുണ്ട്. ഈ ശുശ്രൂഷ അനുരഞ്ജനത്തിനുള്ള ആഹ്വാനമാണ്. ദൈവത്തിന്റെ ആർദ്ര സ്നേഹവും കരുണയും അനുതപിക്കുന്നവർക്കും കരുണയുടെ വാതിലിൽ മുട്ടുന്നോർക്കും തുറന്നു നൽകുമെന്ന ഉണർത്തുപാട്ടോടെയാണ് വലിയ നോമ്പിലേക്ക് സഭ നമ്മെ ക്ഷണിക്കുന്നത്. ഈ ആഹ്വാനത്തിന്റെ അടിസ്ഥാനം ദൈവം സ്നേഹമാകുന്നു എന്നതാണ്. ദൈവം സ്നേഹമാകുന്നു എന്ന് നാം തിരിച്ചറിയുന്നതു തന്നെ അനുതപിക്കുന്ന നമ്മെ തന്റെ കൃപാകടാക്ഷത്താൽ ദൈവം സ്വീകരിക്കുന്നതുകൊണ്ടാണ്. പാപിനിയായ സ്ത്രീയും (ലൂക്കോസ് 7:36-50), ചുങ്കക്കാരനും (18:9-14), അനുതപിച്ച ചോരനും (23:39-48) ദൈവസ്നേഹത്തെക്കുറിച്ചാണ് നമ്മോട് സംവദിക്കുന്നത്.

സമ്പത്തെല്ലാം ദുർവിനിയോഗം ചെയ്ത് മടങ്ങിവന്ന മകനെ സ്വീകരിക്കുന്ന പിതാവിന്റെ ചിത്രമാണ് നോമ്പ് വെളിപ്പെടുത്തുന്നത് (ലൂക്കോസ് 15). അവനെ പുത്രനായി സ്വീകരിക്കുന്നതിലാണ് പിതാവിന്റെ താൽപര്യം. മറിച്ച് അവന്റെ ഗതകാല ചരിത്രത്തെക്കുറിച്ച് അറിയുകയല്ല. അനുതപിച്ച് മടങ്ങിവരുന്ന ആരെയും സ്വീകരിക്കുന്ന സ്വർഗ്ഗീയ പിതാവ് നമ്മുടെ ആത്മതപനത്തിനും തിരിച്ചുവരവിനുമായി കാത്തിരിക്കുന്നു. ഈ നോമ്പ് കാലം നമുക്ക് ദൈവത്തിന്റെ കൃപയുടെ വാതിലിലേക്ക് തിരിച്ചുവരാം.

**2. അനുരഞ്ജനത്തിനുള്ള സന്ദർഭം**

നോമ്പ് അനുരഞ്ജനത്തിനുള്ള ആഹ്വാനമാണ്. ശുബ്ക്കോനോ ശുശ്രൂഷയിലെ പ്രാർത്ഥന നമുക്ക് ശ്രദ്ധിക്കാം, "കർത്താവേ! പരസ്പരം പരമാർത്ഥമായി സമാധാനം നൽകുവാൻ ഞങ്ങൾക്ക് കൃപ നൽകുകയും അതുമൂലം ദൈവീകമായി നിന്നോടുള്ള ഐക്യത്തിലും അനശ്വരമായ സ്നേഹബന്ധത്തിലും ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യണമേ". പരസ്പരം ആത്മാർത്ഥമായി സമാധാനം നൽകുവാൻ ദൈവകൃപ ആവശ്യമാണ്. പരസ്പര സമാധാനം സ്ഥാപിക്കാതെ നമുക്ക് ദൈവത്തോട് ബന്ധം സ്ഥാപിക്കുവാൻ സാധിക്കില്ല. സ്വർഗ്ഗസമാധാനമാകുന്ന പിതാവ് നമ്മുടെ രക്ഷയ്ക്കുവേണ്ടി പുത്രനെ നൽകി; പുത്രൻ നമ്മുടെ രക്ഷക്കുവേണ്ടി മരിച്ചു. പരിശുദ്ധ റൂഹാ നമ്മുടെ നന്മയിൽ സന്തോഷിക്കുന്നു. ഈ ദൈവ സ്വഭാവം തന്നെ അനുരഞ്ജനത്തിനുവേണ്ടിയുള്ള ആഹ്വാനമാണ്. കോവിഡ് 19 ന്റെ ഈ കാലഘട്ടത്തിൽ ഓരോരുത്തരുടെയും സുരക്ഷ അപരനിലാണ് നിലകൊള്ളുന്നത് എന്ന നമ്മുടെ തിരിച്ചറിവ് ആത്മീയ ജീവിതത്തിനും വെളിച്ചമേകേണ്ടതാണ്.

മോശയുടെ നോമ്പ് വലിയ നോമ്പിന്റെ മുൻകുറിയാണ്. നമുക്കുള്ള ക്ഷണപത്രവുമാണത്. മോശ നാൽപതുനാൾ സീനായ് മലയിൽ ദൈവത്തോടു കൂടെയായിരുന്നു. അതുകൊണ്ടു തന്നെ അത് ഉപവാസമായിരുന്നു. ഇസ്രായേൽ ജനത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-ആദ്ധ്യാത്മിക തലങ്ങളെ നിർവചിക്കുന്ന കല്പനകളെ പ്രാപിച്ചു ദൈവ മനുഷ്യബന്ധത്തെ നിയതമായ അടിസ്ഥാനമിടുന്നതായിരുന്നു മോശയുടെ ഉപവാസം. നമ്മുടെ സാമൂഹ്യ-ആദ്ധ്യാത്മിക തലങ്ങളെ പുനർ നിർവ്വചിക്കുന്നതിന് നമ്മുടെ നോമ്പുകാലവും സഹായകമാകണം.

സ്നേഹസ്വരൂപനായ ദൈവം പാപികളായ നമ്മോട് അനുരഞ്ജനപ്പെടുന്നതിനാൽ നമുക്കും പരസ്പരം അനുരഞ്ജനപ്പെടാൻ കഴിയും. നാം പരസ്പരം സ്നേഹിക്കുവാൻ ദൈവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. ദൈവസ്നേഹത്തിൽ നിന്ന് നമ്മെ അകറ്റാൻ യാതൊന്നിനും കഴിയില്ല എന്ന് പരിശുദ്ധ പൗലോസ് ശ്ലീഹായെപ്പോലെ നിലപാടെടുക്കുവാൻ നമുക്കും കഴിയണം (റോമർ 8:35-39). നോമ്പ് ബന്ധങ്ങളെ ഉറപ്പിക്കുവാൻ കഴിയുന്ന വഴിയാണ്. പരസ്പര സ്നേഹത്തിന്റെയും കരുതലിന്റെയും ക്ഷമയുടെയും സന്ദേശം മുഴക്കുന്നതാണ് ശുബ്ക്കോനോയുടെ വിശുദ്ധ ഏവൻഗേല്യോൻ (മത്തായി 18:18-35). കടം ഇളച്ചു നൽകുന്ന രാജാവിന്റെ ഉപമയാണ് കർത്താവ് ശിഷ്യരോട് പറയുന്നത്. കെട്ടുവാനും

അഴിക്കുവാനുമുള്ള അധികാരം കർത്താവ് ശിഷ്യർക്ക് നൽകിയിരുന്നു. ഈ അധികാരം എങ്ങനെ വിനിയോഗിക്കുമെന്നത് ദുഷ്ക്കരമായ ഒരു കാര്യമാണ്. ഈ ഉപമയിലെ രാജാവ് ദൈവമാണ്. അവൻ കടക്കാരനോട് കരുണയും ദീനാനുകമ്പയും കാണിച്ചു. എന്നാൽ കടം ഇളച്ചു കിട്ടിയവൻ അവന്റെ കടക്കാരനോട് ഇളച്ചുകൊടുക്കുവാൻ സന്മനസ്സ് കാണിക്കേണ്ടതാണ്. നാം പരസ്പരം അനുരജ്ഞനപ്പെടേണ്ടതിന്റെ ആവശ്യമാണ് ഇതിലൂടെ വ്യക്തമാകുന്നത്.

നോമ്പിന്റെ സാമൂഹ്യ തലം വ്യക്തമാക്കുന്നതാണ് ഈ വേദഭാഗം. ദൈവോന്മുഖവും മനുഷ്യോന്മുഖവുമായ ബന്ധങ്ങൾ യഥാസ്ഥാനപ്പെടുത്തുന്നതിനുള്ള സുവർണ്ണകാലമാകണം നോമ്പ്. വലിയ നോമ്പിലെ ഞായറാഴ്ചകളിലുടനീളം വായിക്കുന്ന വിശുദ്ധ വേദഭാഗങ്ങളിൽ സൗഖ്യദാനവും അനുരഞ്ജനവും ആവർത്തിച്ചുവരുന്ന സന്ദേശമാണ്. ഈ സന്ദേശത്തെ ജീവിതം കൊണ്ട് ഉൽഘോഷിക്കുന്നതിനുള്ള ആഹ്വാനമാണ് വിശുദ്ധ നോമ്പ്.

**3. ശക്തമായ പോരാട്ട കാലം**

നോമ്പ് ഒരു ശക്തമായ പോരാട്ട കാലമാണ്. ആർക്ക് എതിരെയാണ് നാം പോരാടേണ്ടത് എന്നത് ശ്രദ്ധേയമാണ്. പോരാട്ടമെന്നു കേട്ടാൽ ശത്രുവിനെ നിഗ്രഹിക്കുക എന്നാണ് നാം സാധാരണ ഗതിയിൽ ചിന്തിക്കുക. അപരനെ ശത്രുവായി കാണുന്ന പതിവാണ് നമുക്കുള്ളത്. എന്നാൽ നോമ്പിൽ നാം നേരിടുന്ന ശത്രു നാം തന്നെയാണ്. അതുകൊണ്ടു തന്നെ ഇതൊരു ആത്മീയ പോരാട്ടമാണ്. നാം നമ്മോടു തന്നെ യുദ്ധം ചെയ്യുന്നു. നമ്മിലെ ശത്രുവിനെ വ്യക്തമായി പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് നോമ്പ്. കർത്താവിന്റെ നോമ്പിനെ കുറിച്ചും ഈ വലിയ നോമ്പിൽ പരാമർശമുണ്ട്. കർത്താവ് തന്റെ കഷ്ടാനുഭവങ്ങളിലേക്ക് കടക്കുന്നതിന് മുമ്പല്ല നോമ്പും ഉപവാസവും അനുഷ്ഠിച്ചത്. അവ പരസ്യശുശ്രൂഷയ്ക്കുള്ള മുന്നൊരുക്കമായിരുന്നു. ദൈവപുത്രൻ ആത്മീയ പോരാട്ടത്തിൽ ശത്രുവിനെ ജയിച്ചാണ് ശുശ്രൂഷകൾ ആരംഭിച്ചത്. കഷ്ടാനുഭവങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് നാൽപതു ദിവസം നാം നോമ്പ് നോൽക്കുന്നത് കർത്താവിന്റെ നോമ്പിൽ നമുക്ക് പങ്കാളിത്തം ലഭിക്കുന്നതിനാണ്. സാത്താൻ ഏതെങ്കിലുമൊരു വ്യക്തിയല്ല. എന്നാൽ ഏതെങ്കിലുമൊരു വ്യക്തിയിലൂടെയല്ലാതെ അവന് നിലനിൽപ്പില്ല. ഒരുവൻ ആത്മപോരാട്ടത്തിൽ വിജയിക്കുമെന്ന് സാത്താന് തോന്നിയാൽ അവൻ അവനിലും ശക്തിയേറിയ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടുവരും. അപ്പോൾ ആത്മീയ പോരാട്ടം കഠിനതരമാകും.

ആത്മ-ശരീര-മനസ്സുകളുടെ സമ്മേളനമാണ് മനുഷ്യൻ. ഇതിൽ ഏതെങ്കിലുമൊന്നിന്റെ പരിപോഷണത്തിനുവേണ്ടി മറ്റു രണ്ടിനെയും ലഘൂകരിക്കുന്നത് അസന്തുലിതത്വം സൃഷ്ടിക്കും. എങ്കിലും പദാർത്ഥമയമായ ലോകത്ത് നാം ആയിരിക്കുന്നിടത്തോളം ശരീരത്തെ നിയന്ത്രണവിധേയമാക്കേണ്ടതാണ്. ജഡപരമായ നിയന്ത്രണവും ആത്മപരമായ നിയന്ത്രണവും പരസ്പരപൂരകമാകണം (റോമർ 8). ആത്മാവിനെ പ്രോജ്ജ്വലിപ്പിച്ച് ശരീരത്തെ നിയന്ത്രണവിധേയമാക്കുന്നതിന് ഉപവാസവും അനിവാര്യമാണ്. ഇതിന് പരിശുദ്ധാത്മാവാണ് നമ്മുടെ സഹായി, നമ്മുടെ കാര്യസ്ഥൻ. ആത്മാവിനെ അടച്ചിട്ടിരി

# നോമ്പ് ഒരായുധം

**ഫാ. ജിത്തു തോമസ്**

പരിശുദ്ധ സഭയുടെ ആത്മീയതയിൽ വലിയ സ്ഥാനമുള്ള നോമ്പും ഉപവാസവും പൗരസ്ത്യ സഭാവിശ്വാസത്തിൽ ഉന്നതമായ ജീവിതശൈലിയാണ്. ജീവിതത്തിന് ക്രമവും ക്രമത്തിന് ജീവനും പകരുന്ന ജീവിതക്രമമാണ് നോമ്പ്. പിതാക്കന്മാരുടെ ആലോചനകളിലും ഗുരുമൊഴികളിലും നോമ്പ് അജയ്യത പകരുന്ന ആയുധമാണ്. ആ ആയുധം അജയ്യമാണ്, ആ ആയുധത്താൽ അജയ്യത പകരുകയും ചെയ്യുന്നു. ഒരു ആയുധം ശക്തവും തകരാത്തതും ആയിരിക്കണം. നേരിടേണ്ടി വരുന്ന ഏത് പ്രതികൂലങ്ങളെയും പ്രയാസങ്ങളെയും തകർക്കുവാൻ ശക്തമായിരിക്കണം അജയ്യ ആയുധം. അവ തകരുവാൻ പാടില്ല, എന്നാൽ തകർക്കുവാൻ ശക്തവുമായിരിക്കണം.

നോമ്പ് അതിൽ തന്നെ ശക്തമായ ഒരായുധമാണ്. നോമ്പിനെ സാത്താന് തകർക്കാൻ കഴിയാത്ത ആയുധമാണ്. സാത്താനെ തോൽപിക്കുന്ന ആയുധവുമാണ് നോമ്പ്. യേശുവിന്റെ നോമ്പ് സാത്താന്റെ എല്ലാവിധ ആയുധങ്ങളെയും തകർത്തു. ഭക്ഷണമോഹത്തെയും, സ്ഥാനമോഹത്തെയും, അധികാരമോഹത്തെയും, ധനമോഹത്തെയും സാത്താൻ വച്ച് നീട്ടുമ്പോൾ നോമ്പിനാൽ യേശു അവയെ തോൽപിച്ചു. മോശ തന്റെ നോമ്പിന്റെ പൂർത്തീകരണത്തിൽ ദർശിക്കുന്ന ദുർവ്യാഖ്യാനത്തെ (സ്വർണ്ണകിടാവ്) തകർക്കുവാൻ ശക്തനായി മാറി. മോശ അറിഞ്ഞതും പഠിപ്പിച്ചതുമായ ആരാധനയും ആധ്യാത്മികതയും മറന്നിട്ട് സ്വയം വ്യാഖ്യാനത്തോടെ ഇസ്രയേല്യർ സ്വർണ്ണപ്രതിമയെ ആരാധിക്കുമ്പോൾ കല്ലിൽ കൊത്തിയ ന്യായപ്രമാണവും ഏന്തി നോമ്പുകാരനായ മോശ നമുക്ക് മുൻപിൽ നിൽക്കുന്നു.




മരണശേഷവും നോമ്പുകാർ തേജസ്കരിക്കപ്പെട്ട് പ്രത്യക്ഷപ്പെടുന്ന സുന്ദര കാഴ്ച മറുരൂപമലയിലുണ്ട്. മരണത്തെപോലും തകർക്കുന്ന ആയുധമാണ് നോമ്പ് എന്ന് നമുക്ക് ധ്യാനിക്കാം.

ആർഭാടത്തിന്റെ ആടയാഭരണങ്ങൾ അഴിച്ചു വിടേണ്ട കാലമാണിത്. അത് വസ്ത്രധാരണം മുതൽ തീൻമേശയിലും സംഭാഷണത്തിലും വരെ എല്ലാവരും തുല്യമായി മാറുന്ന സുന്ദര ജീവിതക്രമമാണ് നോമ്പ് കാലം സമ്മാനിക്കുന്നത്. നിനു

4/1/22, 5:33 PM malankarasabha February

ക്കുന്ന പഞ്ജരമല്ല ശരീരം. ആത്മാവിന് വസിക്കുവാൻ ആ കൂടാരത്തിൽ സ്ഥലം വർദ്ധിപ്പിക്കുകയാണ് നമ്മുടെ ദൗത്യം. ജീവിത യാത്രയിൽ നാം സ്വീകരിച്ചിരിക്കുന്ന അനേക ഭൗതികഘടകങ്ങൾ അവയുടെ ആവശ്യാനന്തരം പ്രയോജനരഹിതമാകുമല്ലോ. അതുപോലെ ആത്മീയ ശരീരമായി മാറുന്ന നമ്മുടെ ഭൗതിക ശരീരത്തെ ആത്മപ്രചോദനത്താൽ ആത്മാവിന് വസിക്കുവാനുള്ള ഇടമാക്കി മാറ്റുകയാണ് നാം ചെയ്യുന്നത്. 'പരിശുദ്ധാത്മാവിന്റെ കൂടിയിരിപ്പിന് ഭവനങ്ങളാക്കണമേ' എന്ന നമ്മുടെ പ്രാർത്ഥന സഫലമാക്കുവാൻ നോമ്പിൽ നമുക്ക് യത്നിക്കാം.

പഞ്ചേന്ദ്രിയങ്ങളുടെ പുനർനിർവ്വഹണമാണ് നോമ്പിൽ സംഭവിക്കേണ്ടത്. നോമ്പിലെ ആദ്യ ചൊവ്വാഴ്ച പ്രഭാത സെദറാ പ്രാർത്ഥന ശ്രദ്ധിക്കാം, "മരണവും നാശവും വരുത്തുന്ന ഇന്ദ്രിയങ്ങളെ താൽപര്യമായി അടക്കുവാൻ ശക്തി നൽകേണമേ. ഞങ്ങളുടെ കേൾവി നിന്റെ വിശുദ്ധ കൽപനകൾ സ്വീകരിക്കുന്നതിന് വെടിപ്പാക്കണമേ. ഞങ്ങളുടെ കാഴ്ച നിന്റെ അത്ഭുതങ്ങളെ ധ്യാനിക്കുവാനും ഞങ്ങളുടെ നാവ് നിന്റെ തിരുവചന മാധുര്യത്താൽ ആനന്ദിപ്പാനും സ്പർശനം പുണ്യപ്രവർത്തികളാൽ ശുഭപ്പെടുത്തുന്നതിനും വ്യത്യാസപ്പെടുത്തണമേ". നമ്മുടെ സ്രഷ്ടാവിന്റെ മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷയാണത്. രൂപാന്തരവും പുനസൃഷ്ടിയും ദൈവത്തിന്റെ പ്രവർത്തിയാണ്. വെള്ളത്തെ മേൽത്തരമായ വീഞ്ഞാക്കിയവൻ നമ്മെയും രൂപാന്തരപ്പെടുത്തുവാൻ കഴിയുന്നവനാണെന്ന് ജഡപ്രകാരം മരിച്ച ലാസറിനെ ഉയർപ്പിച്ച് വ്യക്തമാക്കി. അരുണവർണ്ണമണിഞ്ഞ ജലവും പുതുമനുഷ്യനായ ലാസറും ദൈവത്തിന്റെ അഗാധമായ സൃഷ്ടിപരതയുടെ നിദർശനങ്ങളാണ്. സമ്പൂർണ്ണ സമർപ്പണത്തിന്റെയും തന്മൂലമുള്ള രൂപാന്തരത്തിന്റെയും തിരഞ്ഞെടുത്ത ദിനങ്ങളായി മാറട്ടെ നമ്മുടെ നോമ്പ്.

### 4. കാർവരിയിലേക്കുള്ള പ്രയാണകാലം

വലിയ നോമ്പ് ഒരുക്കത്തോടുകൂടിയ പ്രയാണകാലമാണ്. കാൽവറിക്കുന്നാണ് നമ്മുടെ ലക്ഷ്യം. മാർഗ്ഗം തെളിക്കുന്നത് 'വഴിയും സത്യവും ജീവനും ഞാൻ ആകുന്നു' എന്നരുളിയ അരുമനാഥനായ യേശുവാണ്. അവനോട് കൂടിയുള്ള സഞ്ചാരത്തിൽ അവന്റെ ദുഃഖവും അവന്റെ അനുഭവവും നമ്മുടേതുമായി മാറണം. ക്രൂശ് വഹിച്ചുകൊണ്ടുള്ള യാത്രയാണിത്. അവൻ നമ്മെ വിളി ച്ച് ഈ യാത്രയിൽ നമ്മെ കൂട്ടാളികളാക്കുന്നു. ഭാരംപേറി കഴിയുന്ന നമുക്ക് അവന്റെ ലഘുവായ നുകം പേറി അവനോടൊപ്പം യാത്ര ചെയ്യാം. ഈ യാത്രയ്ക്ക് ആവശ്യമായതുമാത്രം കരുതിയാൽ മതി. തപശ്ചര്യയാൽ സൂക്ഷ്മമാക്കിയ ശരീരം യാത്രയുടെ ആയാസം കുറയ്ക്കും. വർഷാന്ത്യത്തിൽ സ്റ്റോക്ക് എടുക്കുംപോലെ ഒരു തെരഞ്ഞെടുപ്പ് നടത്തി നല്ലതു മാത്രം പേറി ആകാത്തത് വേനലിൽ കൊഴിയുന്ന വൃക്ഷദലം പോലെ കൊഴിച്ചുകളഞ്ഞ് നമുക്ക് യാത്രചെയ്യാം. വേനൽചൂടിനുശേഷം പുതുജീവനായ നാമ്പ് കിളിർത്തുവരും. ഉള്ളിലെ കറ ഉരുകി പുറത്തുവന്നു വൃക്ഷം പുതുസൃഷ്ടിയാകും പോലെ നമ്മുടെ ഉള്ളിലെ അശുദ്ധിയൊക്കെയും പുറത്തുകളഞ്ഞ് ക്രൂശിനെ ലക്ഷ്യമാക്കി നമുക്ക് യാത്ര തുടരാം. ക്രൂശിലൂടെ ഉത്ഥിതനായ കർത്താവിന്റെ വിജയവും നമ്മെ നോമ്പാകുന്ന ആത്മീയ പോരാട്ടത്തിന് ആയുധമേന്തി യാത്ര ചെയ്യുവാൻ സഹായിക്കും.

○

---

വയിൽ ധനികനും പട്ടിണിക്കാരനും ഒരുപോലെ ചാക്കുധരിച്ച് ചാരം പൂശി ഭക്ഷണം വെടിഞ്ഞ് ഉപവസിച്ചതുപോലെ. അവിടെ എല്ലാവരുടെയും സംഭാഷണം അത്യാവശ്യവും കണ്ണീരുമായിരുന്നു. സാമ്പത്തിക സാമൂഹിക ഔന്നത്യങ്ങൾ അഴിച്ചുവെച്ചുകൊണ്ട് എല്ലാവരും തുല്യത പാലിക്കുന്ന കാലമാണ് നോമ്പ്. അവിടെയാണ് 'ഉപേക്ഷിക്കുക' എന്ന വാക്ക് നോമ്പിൽ മുഴങ്ങുന്നത്. ഭക്ഷണത്തിൽ വർജിക്കേണ്ടത് ഇഷ്ടരുചികളും ആർഭാടവുമാണ്. വസ്ത്രത്തിലും നമ്മുടെ എല്ലാ ചര്യയിലും ഈ ഉപേക്ഷിക്കൽ ഉണ്ടാകണം. നോമ്പുകാലത്ത് ഉപേക്ഷിക്കലുണ്ടെങ്കിലും ഉപേക്ഷയും മടിയും അകറ്റി നമസ്ക്കാരവും പ്രാർത്ഥനയും ഏറണം.

നോമ്പുകാരൻ ഉപേക്ഷിക്കുന്നത് എല്ലാം ഒന്നാമതായി അവനവനുവേണ്ടിയാണ്. രണ്ടാമത് അന്യർക്കുവേണ്ടി കൂടിയാണ്. അവനവന്റെ ആരമീയ വർദ്ധനവുതന്നെയാണ് നോമ്പ് ലക്ഷ്യമിടുന്നത്. മറ്റുള്ളവർക്ക് മുന്നിൽ വിളങ്ങുവാനല്ല സ്വയം പ്രകാശിക്കുവാനാണ്. ഉപേക്ഷിക്കുന്നതു മൂലം ശൂന്യതയല്ല സൃഷ്ടിക്കപ്പെടുന്നത് നന്മയുടെയും സമാധാനത്തിന്റെയും നിറവാണ്. ദുർഭാഷണം ഒഴിയുമ്പോൾ സമാധാനം നിറയുകയാണ്. നാം നടത്തുന്ന ഭാഷണങ്ങൾ നിയന്ത്രണത്തിന് അതീതമായി മാറുമ്പോൾ നമുക്ക് തന്നെ അസ്വസ്ഥത സൃഷ്ടിക്കുന്നു. സ്വസ്ഥമായ ഒരു ജീവിതം നഷ്ടപ്പെട്ടിട്ട് വാശിയും വൈരാഗ്യവും വർദ്ധിച്ച അവസ്ഥയിലേക്ക് നാം നീങ്ങും. വലിയ ഭാരം ചുമക്കുന്നതിന്റെ സ്വസ്ഥതകേട് മുഴുവൻ നാം ചുമക്കേണ്ടി വരുന്നു. കോപം ഭാഷണത്തെ കീഴടക്കുന്നു. അസൂയ വാക്കുകളായി പുറത്തു വരുന്നു. നിയന്ത്രണാതീതമായി മാറി ഭാഷണത്തെ ന്യായീകരിക്കുവാനായി ബന്ധപ്പെടുന്നവരായി നാം മാറുന്നു. ദുർഭാഷണത്തിന്റെ കേളിരംഗമായി നമ്മുടെ ഓരോ നിമിഷവും മാറുന്നു. എന്നാൽ നോമ്പുകാരൻ തന്റെ നാവിനെ ബന്ധിക്കുന്നു. ദുർഭാഷണത്തിൽ നിന്നും വിട്ടൊഴിയുമ്പോൾ ഭാരം ഒഴിഞ്ഞവരായി ജീവിക്കുവാൻ സാധിക്കുന്നു. നാവ് നിയന്ത്രിതമാവുക മാത്രമല്ല, ശരീരവും മനസും മുഴുവനായി സ്വസ്ഥത അനുഭവിക്കുന്നു.

ഉപേക്ഷിക്കുന്നത് എല്ലാം ലാഭമായി കരുതുന്നവരുമുണ്ട്. ഭക്ഷണചിലവ് കുറഞ്ഞു എന്ന് പറയുന്നവരുണ്ട്. എന്നാൽ നോമ്പുകാരൻ ഉപേക്ഷിച്ചത് ഭൗതീക ലഭാമായി എണ്ണേണ്ടവനല്ല. ഉപേക്ഷിച്ചത് ഇല്ലാത്തവന് പങ്കിടേണ്ടവനാണ്. നോമ്പ് കാലത്ത് നോമ്പുകാരൻ കാരണം അന്നമില്ലാത്തവൻ സന്തോഷിക്കണം. ഉപേക്ഷിക്കുന്നതായി പ്രഖ്യാപിക്കുന്ന ഭക്ഷണം ഇല്ലാത്തവന്റെ മേശപുറത്തെ ഭക്ഷണമായി എത്തണം. ഉപേക്ഷിക്കുന്ന പുതുമോടികളും വസ്ത്രവും വസ്ത്രമില്ലാത്തവന്റെ നഗ്നത മറയ്ക്കണം. ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്നവനെ ഭവനമില്ലാത്തവനെ ഉൾപ്പെടെ ഈ 'ഉപേക്ഷിക്കൽ' സന്തോഷിപ്പിക്കണം.

ക്രിസ്തീയ വിശ്വാസവും ക്രിസ്തുബന്ധിതനും ത്രിത്വ ആരാധനയും ഒഴിഞ്ഞുള്ള നോമ്പും ഉപവാസവും അർത്ഥമുള്ളതല്ല. 'നോമ്പും പ്രാർത്ഥനയും' ഒന്നിച്ചു പോകുമ്പോഴാണ് ആത്മീയ ജീവിതം പ്രകാശിതമാകുന്നത്. പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ പൗരസ്ത്യ അദ്ധ്യാത്മീകതയുടെ നിറവിലുള്ള നോമ്പനുഷ്ഠാനമാണ് ഒരാളെ യഥാർത്ഥ നോമ്പുകാരനാക്കുന്നത്. ''മതാതീക ആദ്ധ്യാത്മീകത'' പ്രചരിപ്പിക്കപ്പെടുന്ന ആധുനിക കാലത്ത് നോമ്പ് ഒരു ''ഡയറ്റിംഗ് പ്ലാനായി'' ചുരുങ്ങിപോയി. നോമ്പ് ആത്മാവിനെയും ശരീരത്തെയും ഒരുപോലെ പ്രകാശിപ്പിക്കണം. അത് ഹൃദയശുദ്ധി പകരണം. ഒരു കണ്ണട ശുദ്ധിയുള്ളതാകുമ്പോൾ അത് ധരിക്കുന്നവർക്ക് കാഴ്ച മിഴിവുള്ളതാകുന്നത് പോലെ ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും. ഈ ദൈവദർശനത്തിന് നമ്മുടെ കാഴ്ചയെ മറയ്ക്കുന്ന സകലത്തെയും നോമ്പ് ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ മഹാകരുണയുടെ വാഗ്ദാനമാണ് ഈ ശുദ്ധീകരണം. നോ മ്പ് തോൽക്കാത്ത ആയുധമായി നമ്മെ കാക്കട്ടെ.

○



https://online.fliphtml5.com/zurna/xxpr/#p=1 17/44

4/1/22, 5:33 PM malankarasabha February



22

## ആരാധനാ പഠനം

ഫാ. ഡോ. വർഗ്ഗീസ്
പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)

# നോമ്പും ഉപവാസവും

അനുതാപത്തിന്റെയും നിഷ്ഠയുടെയും സമയമാണ് നോമ്പ് കാലം. വിവിധ തരത്തിലുള്ള അനുഷ്ഠാനങ്ങൾക്കൊണ്ടും പ്രാർത്ഥനകൾകൊണ്ടും ആത്മാവിനെ ശക്തിപ്പെടുത്തി പാപത്തെ കീഴ്പ്പെടുത്തുകയാണ് നോമ്പിന്റെ ലക്ഷ്യം. ഇക്കാരണത്താൽ നോമ്പ് സമയങ്ങളിൽ പ്രാർത്ഥനകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.

ഉപവാസം നോമ്പിന്റെ ഭാഗം തന്നെയാണ്. സുറിയാനിയിൽ 'സൗമൊ (Saumo) എന്ന പദമാണ് ഉപവാസത്തിനും നോമ്പിനും ഉപയോഗിച്ചിരിക്കുന്നത്. ഉപവാസം എന്നാൽ ഒരുമിച്ച് ജീവിക്കുക (ഉപ=ഒരുമിച്ച്, വാസം=ജീവിക്കുക) എന്നതാണർത്ഥം. അതായത് ദൈവത്തോട് ഒരുമിച്ച് ജീവിക്കുക. നോമ്പ് എന്ന വാക്ക് പഴയ മലയാളത്തിലെ 'നോയ് അമ്പ്' എന്നതിൽ നിന്നാണ് ഉത്ഭവിച്ചത്. സ്നേഹത്തോടെയുള്ള സഹനം (നോയ്=വേദന, അമ്പ്=സ്നേഹം) എന്നാണർത്ഥം. ദൈവസ്നേഹത്തിൽ നാം സ്വയം കഷ്ടത സഹിക്കുന്നതാണ് നോമ്പ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

നോമ്പിനെ വിശുദ്ധം എന്ന് ആരാധന ക്രമങ്ങളിൽ വിശേഷിപ്പിക്കുന്നു. പരിപാവനമായ നോമ്പ്, വിശുദ്ധ നോമ്പ് എന്നീ പദങ്ങൾ ആവർത്തിച്ച് വരുന്നതായി കാണാം. യേശു ഉപവസിച്ചതും (മത്താ. 4:2), മോശ (പുറ. 24:18; 34:28), ഏലിയാ. (1 രാജ. 19:8) ആദിയായവർ നോമ്പു നോറ്റതും ഈ വിശേഷണത്തെ കൂടുതൽ സാധൂകരിക്കുന്നു. ദാവീദിന്റെയും അനുയായികളുടേയും സന്ധ്യവരെയുള്ള ഉപവാസവും (1 ശമു. 1:12) ചെയ്ത തെറ്റിൽ നിന്നുള്ള മോചനത്തിനായി ആഹാബിന്റെ ഉപവാസവും (1 രാജ. 21:27) എസ്ഥേർ യഹൂദ ജനത്തോട് ആഹ്വാനം ചെയ്ത 3 ദിവസത്തെ ഉപവാസവും (എസ്ഥേർ 4:16), സമൂഹം മുഴുവനായുള്ള വിവിധ ഉപവാസങ്ങളും (ന്യായ. 20:26, 1 ശമു. 7:), യോന. 3:5) വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നുണ്ട്.

അനുതാപമാണ് ഉപവാസത്തിന്റെ ചൈതന്യം. അനുതാപസൂചകമായി കുമ്പിടുകയും, ഭക്ഷണമോഹങ്ങളെ നിയന്ത്രിക്കുകയും, പാപങ്ങളെ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും ചെയ്യുന്നു. ഭക്ഷണമോഹത്തെ കീഴടക്കുക എന്നത് നോമ്പിന്റെ നിഷ്ഠയിലുള്ളതാണ്. മത്സ്യം, മാംസം, മുട്ട, പാൽ എന്നിവയും, ഇവയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളും പൂർണ്ണമായും വർജ്ജിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. രോഗികൾക്കും, ഗർഭിണികൾക്കും, പ്രായാധികൃത്താൽ രോഗാവസ്ഥയിൽ ആയവർക്കും ഇതിൽ ഇളവു നൽകിയിട്ടുണ്ട്. ഉച്ചവരെയെങ്കിലും ഉപവസിക്കാത്തവരെ നോമ്പെടുക്കുന്നവരായി കണക്കാക്കാൻ പാടില്ലെന്ന് കാനോൻ പറയുന്നുണ്ട്. ഉച്ചവരെയെങ്കിലും ഭക്ഷണമൊന്നും കഴിക്കാതെ ഉപവസിക്കുന്ന പാരമ്പര്യമാണ് സഭയിൽ പ്രബലമായിട്ടുള്ളത്. എന്നാൽ സന്യാസിമാരും, വിവിധ വൈദിക ശ്രേണിയിലുള്ളവരും മൂന്നുമണിവരെയോ, സന്ധ്യവരെയോ ഉപവസിക്കാറുണ്ട്.

ഭക്ഷണ പാനീയങ്ങൾ വെടിയുന്നതോടൊപ്പം കോപവും അസൂയയും വെടിഞ്ഞുവേണം ഉപവസിക്കുവാൻ. മനസിൽ നിന്നും അനാവശ്യ ചിന്തകൾ അകറ്റി നിർമ്മലവും സുന്ദരവുമായ ചിന്തകൾ നിറച്ച് കാരുണ്യത്തിന്റെ കരങ്ങൾ നീട്ടാൻ കഴിയണം. സാത്താനെതിരായ പോരാട്ടത്തിൽ നോമ്പും ഉപവാസവും ശക്തമായ സംരക്ഷണ കവചങ്ങളാണെന്ന് സഭാപിതാവായ വി. അപ്രേം പഠിപ്പിക്കുന്നു. കാരണം ദുഷ്ടനെതിരായ പോരാട്ടത്തിൽ ഉപവാസം ശക്തമായ ആയുധമാണെന്ന് കർത്താവ് പഠിപ്പിച്ചു (മത്താ. 4:1) ഉപവാസം സത്യവും നീതിയും നിറഞ്ഞത് ആയിരിക്കണമെന്നും, നോമ്പിനെ എളിമയോടെ സമീപിക്കണമെന്നും, യഥാർത്ഥ ഉപവാസം വലിയ ഒരു നിധിയാണെന്നും വി. അപ്രേം കൂട്ടിച്ചേർക്കുന്നു.

ക്രിസ്തുവിന്റെ ജീവിത സന്ദേശം ജീവിതത്തിൽ പകർത്താനും വിശ്വാസത്തിൽ ബലപ്പെടാനും രക്ഷയുടെ പ്രത്യാശയിലേക്ക് വളരാനും നോമ്പനുഷ്ഠാനത്തിലൂടെ സാധിക്കണം. ०

**An urgent vacancy for Registered Nurse with MOH license for a Medical Center in Ras Al Khaimah, UAE.**


**An urgent vacancy for ENT Specialist with MOH license for a Medical Center in Ras Al Khaimah, UAE.**

*Please share your CV to*
**mendhanmedicalcenter@gmail.com**
**+971 50 638 6364, +971 55 949 7989**



https://online.fliphtml5.com/zurna/xxpr/#p=1 18/44

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യനാളുകൾ (മത്താ. 26:1–75)

തന്റെ അന്ത്യപ്രഭാഷണത്തിനുശേഷം യേശു തന്റെ ശിഷ്യന്മാരോടു രണ്ടു ദിവസത്തിനു ശേഷം കടന്നുവരുന്ന പെസഹാ പെരുന്നാളിനെക്കുറിച്ചു സൂചിപ്പിക്കുകയും മനുഷ്യപുത്രൻ ഇക്കാലയളവിൽ ക്രൂശിക്കപ്പെടുവാനായി ഏൽപ്പിക്കപ്പെടുമെന്നുള്ള പ്രവചനമറിയിക്കുകയും ചെയ്തു (മത്താ. 26:1-2). ഇതു ശരിവയ്ക്കുന്ന തരത്തിൽ പ്രധാന പുരോഹിതരും, ശാസ്ത്രിമാരും, ജനത്തിന്റെ മൂപ്പന്മാരും മഹാപുരോഹിതനായ കയ്യാഫാവിന്റെ ഭവനത്തിൽ ഒരുമിച്ചു കൂടി യേശുവിനെ കൊല്ലുവാനുള്ള പദ്ധതിക്കു അന്തിമരൂപം നൽകി. ജനത്തിന്റെ എതിർപ്പ് ഇല്ലാതാക്കുവാൻ പെരുനാൾ ദിനങ്ങളിൽ യേശുവിന്റെ കൊലപാതകം ഒഴിവാക്കുവാനും അവർ തീരുമാനിച്ചു (മത്താ. 26:3-5). തുടർന്നു നടക്കുന്ന ഏഴു സംഭവങ്ങൾ താഴെ പറയുന്നവയാണ് (ഇവ ഏകദേശം മർക്കോസിന്റെ സുവിശേഷം 14-ാം അധ്യായത്തിൽ പറയുന്ന തരത്തിൽ തന്നെയാണ് ഒന്നാമത്തെ സുവിശേഷകനും രേഖപ്പെടുത്തിയിരിക്കുന്നത്).

**1. യേശുവിന്റെ തലയിൽ സുഗന്ധ തൈലം പൂശുന്ന സ്ത്രീ (മത്താ. 26:6-13)**

ബഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ അത്താഴത്തിനു ചെന്ന യേശുവിന്റെ തലയിൽ വിലയേറിയ സുഗന്ധതൈലം പൂശുന്ന സ്ത്രീയെപ്പറ്റി മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന സംഭവം ഈ പുസ്തകത്തിലും നാം വായിക്കുന്നു (മർക്കോ. 14:3-9). വി. യോഹന്നാൻ ഈ സംഭവം ബഥാന്യയിലെ ലാസറിന്റെ ഭവനത്തിൽ വച്ചു നടന്നതായും, തൈലം പൂശുന്ന സ്ത്രീ ലാസറിന്റെ സഹോദരി മറിയയാണെന്നും, സുഗന്ധതൈലത്തിന്റെ പാഴ്ചിലവിനെപ്പറ്റി പരാതി പറയുന്നത് ഇസ്ക്കാര്യോത്തായൂദായാണെന്നും പറയുന്നു (യോഹ. 12:1-8). ഇതിൽ നിന്നൊക്കെയും വിഭിന്നമായി ഈ സ്ത്രീ പാപിനിയായിരുന്നുവെന്ന് വി. ലൂക്കോസും രേഖപ്പെടുത്തുന്നു (ലൂക്കോ. 7:36-39). യേശുവിന്റെ കബറടക്കത്തിന്റെ മുന്നോടിയായിട്ടാണ് ഈ സ്ത്രീ ഈ കർമ്മം ചെയ്തത് എന്നും സുവിശേഷം പ്രഘോഷിക്കപ്പെടുന്നയിടങ്ങളിലെല്ലാം ഇതു ഓർമ്മിക്കപ്പെടേണ്ടതാണെന്നും യേശു പറയുന്നത് ശ്രദ്ധേയമാണ്.

**2. പെസഹായുടെ ഭക്ഷണവും വി. കുർബ്ബാന സ്ഥാപനവും (മത്താ. 26:17-36)**

പെസഹാ പെരുന്നാളിന്റെ പ്രാരംഭ ദിനമായ ഒരുക്കനാളിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ശിഷ്യന്മാർ പെസഹാ ഒരുക്കുകയും (മത്താ. 26:19) അതിനിടയിൽ യേശു അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി അവ തന്റെ ശരീരരക്തങ്ങളാണെന്ന് പറയുകയും ചെയ്തത് സമവീക്ഷണ സുവിശേഷങ്ങളുടെ പാരമ്പര്യമാണ് (മർക്കോ. 14:12-21; ലൂക്കോ. 22:7-30). എന്നാൽ വി. യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശുവും ശിഷ്യന്മാരും സമ്മേളിക്കുന്നത് പെസഹായ്ക്ക് മുൻപാണ്; യേശുവിന്റെ ക്രൂശുമരണമാണ് പെസഹാ കുഞ്ഞാടിനെയറുക്കുന്ന സമയം നടക്കുന്ന സംഭവമായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്.

**3. ഗത്സമന പ്രാർത്ഥന (മത്താ. 26:36-46)**

ഒലിവ് മലയുടെ താഴ്വാരത്തിലുള്ള ഗത്സമനാത്തോട്ടത്തിൽ യേശു നടത്തുന്ന പ്രാർത്ഥന വി. മത്തായി ശ്ലീഹാ വികാരവായ്പോടുകൂടിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വി. യോഹന്നാൻ ശ്ലീഹാ യേശുവിന്റെ പ്രാർത്ഥനയുടെ ഉള്ളടക്കം നമുക്ക് വിശദമായിത്തന്നെ നൽകുന്നുണ്ട് (യോഹ. 17:1-26). അതിൽ യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടിയും, സഭയ്ക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും നടത്തുന്ന പ്രാർത്ഥനകൾ ഉണ്ട്. വി. മത്തായി ശ്ലീഹാ യേശുവിന്റെ പ്രാണവേദനയും ശിഷ്യന്മാരുടെ നിസംഗതയും ഭംഗിയായി വരച്ചു കാട്ടുന്നു.

**4. യൂദാ യേശുവിനെ ഒറ്റിക്കൊടുക്കുന്നു (മത്താ. 26:14-16; 47-49)**

മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുന്ന യൂദാ ഇസ്ക്കാര്യോത്താവ് ചുംബനം നൽകി തന്റെ ഗുരുവിനെ ചതിയ്ക്കുകയാണ് ചെയ്യുന്നത്. യൂദായുടെ അനുതാപവും മരണവും അടുത്ത അദ്ധ്യായത്തിൽ നാം കാണുന്നു.

**5. യേശുവിന്റെ അറസ്റ്റ് (മത്താ. 26:50-56)**

യേശുവിനെ 'റബ്ബി" എന്നുവിളിച്ച് ചുംബനം നൽകി ചൂണ്ടിക്കാട്ടിയത് തന്നെ അറസ്റ്റു ചെയ്യുവാൻ വന്നവർക്ക് കാര്യങ്ങൾ എളുപ്പമാക്കി. പ്രകോപിതനായ ഒരു ശിഷ്യൻ പടയാളികളിൽ ഒരുവന്റെ കാതറത്തുകളഞ്ഞതും നാം വായിക്കുന്നു. ഈ പ്രവർത്തി ചെയ്തത് പത്രോസാണെന്നും മുറിവേറ്റത് മൽക്കോസ് എന്ന പടയാളിയാണെന്നും വി. യോഹന്നാൻ എഴുതിയിരിക്കുന്നു (യോഹ. 10:18). കള്ളനും കവർച്ചക്കാരനും എന്നതുപോലെയാണ് പടയാളികൾ യേശുവിനോടു പെരുമാറിയത്.

**6. യേശു സന്നിദ്രി സംഘത്തിന്റെ മുമ്പിൽ (മത്താ. 26:57-68)**

യഹൂദന്മാരുടെ മതപരമായ കോടതിയായ സന്നിദ്രി സംഘത്തിൽ സാധാരണയായി എഴുപത്തിയൊന്ന് മൂപ്പന്മാർ ആണ് ഉൾപ്പെട്ടിരുന്നത്, അത്യാവശ്യ അവസരങ്ങളിൽ ഇത് 23 പേർ ഉൾപ്പെട്ട സംഘവുമാകാം. അതാതുകാലത്തെ മഹാപു രോഹിതനാണ് ഇതിന്റെ അധ്യക്ഷൻ. യേശുവിനെ വിസ്തരിക്കുന്നവേളയിൽ ഇത് കയ്യാഫാവായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഇദ്ദേഹത്തിന്റെ അമ്മാവിയപ്പനും മുൻമഹാപുരോഹിതനുമായിരുന്ന ഹന്നായുടെ സന്നിധിയിലുള്ള വിസ്താരവും നാം കാണുന്നുണ്ട്. മതപരമായ രണ്ട് ആരോപണങ്ങളാണ് ഇവിടെ വിസ്തരിക്കപ്പെടുന്നത്: ഒന്നാമത് യേശു യറുശലേം ദേവാലയം പൊളിച്ചുകളയും എന്നുപറഞ്ഞു. രണ്ടാമത്, യേശു ദൈവപുത്രനെന്ന് സ്വയം അവകാശപ്പെടുന്നു. കുറ്റങ്ങൾ തെളിഞ്ഞതായി ശാസ്ത്രിമാരും മൂപ്പന്മാരും അവകാശപ്പെടുകയും യേശുവിനെ പരിഹസിക്കുകയും ചെയ്യുന്നു.

**7. പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു (മത്താ. 26:69-75)**

ആരെല്ലാം നിന്നെ തള്ളിയാലും ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ലായെന്ന് അവകാശവാദം പറഞ്ഞ പത്രോസ് (മത്താ. 26:31-35) ഒടുക്കം മൂന്നു തവണ യേശുവിനെ തള്ളിപ്പറയുന്നത് നാം കാണുന്നു. തന്റെ ശിഷ്യന്മാർ പോലും യേശുവിനെ ഉപേക്ഷിക്കുന്ന കാഴ്ചയാണ് നാമിവിടെ കാണുന്നത്.

തുടരും...

# MAR DIONYSIUS SCHOOL
## RISHI VALLEY, MALLAPPALLY
AFFILIATED TO CBSE NEW DELHI NO. 930169
AN EDUCATIONAL INSTITUTION OF MALANKARA ORTHODOX CHURCH

RISHI VALLEY,
CHENGAROOR P.O.
MALLAPPALLY
PATHANAMTHITTA DIST
KERALA

#applyonline



30th year of meritorius service

- Highly experienced faculties from KG to XII. Offers Science, Commerce streams at Senior Secondary Level.
- Hostel facility for boys & girls.
- Special Coaching for National Level Competitive exams like NTSE.
- Special coaching for children with specific learning disabilities.
- 100% pass results in class X & XII exams.

**STEM EDUCATION**
Online Entrance coaching for class XI & XII students by renowned resource persons having decades of experience in KEAM, JEE & NEET entrance coaching.

/MarDionysiusSchool
/mardionysiusschool
/MarDionysiusSchoolMallappally

**Courses offered at Senior Secondary Level**
**Science Stream:**
English Core, Physics, Chemistry, Mathematics, Biology, Computer Science, Psychology, Home Science

**Integrated Commerce Stream:**
English Core, Business Studies, Accountancy, Economics, Mathematics, Psychology Home Science, Applied Mathematics, Entrepreneurship
Coaching classes for CA / CS / CMA / CLAT.

**Humanities Stream**
English Core, Psychology, Economics, History, Political Science

For Admission Contact
+91-9188675347
+91-8111911456
+91-9400060155

Register now: www.mardionysius.in contact@mdrishivalleyschool.com

# പഴയനിയമ പഠനം-22

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

## ഹഗ്ഗായി

**ക്രി. മു. 521** മുതൽ 485 വരെ കോരെശിന്റെ പിൻഗാമിയായി രാജ്യം ഭരിച്ച രാജാവാണ് ദാര്യാവേശ് ഒന്നാമൻ. ഇദ്ദേഹത്തിന്റെ വാഴ്ചയുടെ രണ്ടാമാണ്ടിലാണ് ഹഗ്ഗായി പ്രവാചകൻ പ്രവചന ശുശ്രൂഷ നിർവ്വഹിച്ചത്. ആറാം മാസം ഒന്നാം തീയതി ആദ്യപ്രവചനം. ഒൻപതാം മാസം 24-ാം തീയതി അവസാനത്തെ പ്രവചനം. അന്ന് രണ്ടു പ്രവചനങ്ങളുണ്ട്. താരതമ്യേന ഹ്രസ്വമായ നാലു പ്രവചനങ്ങളാണ് ഇതിലുള്ളത്. ഈ ഗ്രന്ഥത്തിലെ മുഴുവൻ എഴു ത്തും പ്രവാചകന്റേതല്ല. പ്രവാചകന്റെ വാക്കുകളെ മറ്റൊരാൾ സമാഹരിച്ച് ഒരു ഗ്രന്ഥമാക്കുകയാണ് ചെയ്തതെന്ന് ഉത്തമ പുരുഷ ശൈലിയിലുള്ള വിവരണങ്ങൾ വ്യക്തമാക്കുന്നു.

പ്രവചനം ഹഗ്ഗായിക്കു ലഭിച്ചുവെന്നല്ല; ഹഗ്ഗായിയിലൂടെ ഗവർണറായ സെരുബ്ബാബേലിന് ലഭിച്ചുവെന്നാണ് വായിക്കുന്നത്. സെരുബ്ബാബേൽ ശെയൽത്തീയേലിന്റെ മകൻ. ശെയൽത്തിയേൽ യഹൂദാരാജ്യത്തിലെ ഒടുവിലത്തെ രാജാവായ യെഖൊന്യാവിന്റെ (യെഹോയാഖീൻ) മകനാണ് (1 ദിനവൃ. 3:17). അങ്ങനെ ദാവീദിന്റെ പിൻഗാമി. ശെയൽത്തീയേൽ യേശുവിന്റെ വംശാവലിയിൽ ഉൾപ്പെട്ട വ്യക്തിയാണ് (വി. മത്താ. 1:12). എസ്രായുടെ പുസ്തകം (15) പ്രവാസത്തിൽ നിന്ന് മടങ്ങിയ യഹൂദന്മാർ ദേവാലയ പുനർനിർമ്മാണം തുടങ്ങിയതും, നേരിട്ട പ്രതിസന്ധിയും, തുടർന്നുണ്ടായ ശ്രമഫലമായി അതിന്റെ പൂർത്തീകരണവും വിവരിക്കുന്നുണ്ട്. ദാര്യാവേശിന്റെ ഭരണത്തിന്റെ ആറാം ആണ്ടിലാണ് (കി.മു. 518) ദേവാലയ പുനർനിർമ്മാണം പൂർത്തിയായത്. ഈ പശ്ചാത്തലമാണ് ഹഗ്ഗായി പ്രവചനത്തിന്റെ ചരിത്ര പശ്ചാത്തലം.

പ്രവാചകനെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ നിന്ന് ഹഗ്ഗായി എന്ന പേരല്ലാതെ മറ്റൊരു വിവരവും ലഭിക്കുന്നില്ല. കുടുംബം, പിതാവ് മറ്റു കാര്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. എസ്രായുടെ പുസ്തകത്തിലും ഈ പേർ സെഖര്യാവിന്റെ പേരിനോടു ചേർത്തു പരാമർശിക്കുന്നുണ്ട് (എസ്രാ. 5:1). ഹഗ് എന്ന എബ്രായ പദത്തിന് "പെരുന്നാൾ" എന്നാണർത്ഥം. 'ഹഗ്ഗായ്' എന്നാകുമ്പോൾ, എബ്രായ വ്യാകരണ നിയമപ്രകാരം "എന്റെ പെരുന്നാൾ' എന്നർത്ഥമാകും. ഒരു പെരുന്നാൾ ദിനം ജനിച്ചതിനാൽ, അതോടുബന്ധപ്പെട്ട ഒരു പേർ മാതാപിതാക്കൾ മകന് നൽകി. അതല്ല, ഇത് അദ്ദേഹത്തിന് ചാർത്തിക്കൊടുക്കുന്ന ഒരു "Nickname" ആണെന്നു കരുതുന്ന ചിലരുണ്ട്. അതുമല്ല ഈ ഗ്രന്ഥത്തിൽ ചില പെരുന്നാളുകളെക്കുറിച്ചുള്ള പരാമർശമുള്ളതിനാൽ ഗ്രന്ഥകാരനെന്നറിയാത്ത ഈ ഗ്രന്ഥത്തിന് പെരുന്നാളുമായി ബന്ധപ്പെട്ട് ഒരു ഗ്രന്ഥകർത്തൃത്വം ആരോപിക്കപ്പെട്ടതാകാമെന്നും അഭിപ്രായപ്പെടുന്നുണ്ട് വേദപണ്ഡിതർ.

യരുശലേമിൽ നിന്ന്, പ്രവാസത്തിലേക്കുപോയ ദമ്പതികൾക്ക് ബാബേലിൽ വച്ച് ജനിച്ച മകൻ യരുശലേമിലേക്കു മടങ്ങിവന്ന യഹൂദന്മാരോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തെ ദൈവം എടുത്തുപയോഗിച്ചു എന്നൊരു വാദവും നിലവിലുണ്ട്. മറ്റൊരുവാദം, ഹഗ്ഗായി യരുശലേമിൽ ശലോമോൻ പണിതദേവാലയം കണ്ടിട്ടുള്ള വ്യക്തിയാണ്, അദ്ദേഹം പ്രവാസത്തിലേക്കു നയിക്കപ്പെട്ടു; തിരികെവന്ന് ദൈവസന്ദേശം സെരുബ്ബാബേലിന് നൽകി (2:3). അദ്ദേഹം യരുശലേമിൽ മടങ്ങിവന്നത് വാർദ്ധക്യമായപ്പോഴാണ് (പ്രവാസം 70 വർഷമായിരുന്നല്ലോ). അതുകൊണ്ടാണ് പ്രവചനകാലം വളരെ ഹ്രസ്വമായത് (കേവലം 4 മാസം മാത്രം). ഹഗ്ഗായിയുടെ ശുശ്രൂഷ സെഖര്യാ പ്രവാചകൻ തുടരുന്നു.

വളരെ കൃത്യമായ ചരിത്രപരാമർശമുള്ള ഈ ഗ്രന്ഥത്തിൽ ഹഗ്ഗായിയുടെ പ്രവചനങ്ങൾ 4 തീയതികളിലാണുണ്ടായിട്ടുള്ളത്. എല്ലാം ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ (ക്രി.മു. 520). അവ താഴെ കൊടുക്കുന്നു. ഒടുവിലത്തെ രണ്ടു പ്രവചനം ഒരേ ദിവസം തന്നെ.

1. ആറാം മാസം ഒന്നാം തീയതി 1:1
2. ആറാം മാസം ഇരുപത്തിനാലാം തീയതി 1:15 3. ഏഴാം മാസം ഇരുപത്തി ഒന്നാം തീയതി 2:1
4. ഒമ്പതാം മാസം ഇരുപത്തിനാലാം തീയതി 2:10 5. ഒമ്പതാം മാസം ഇരുപത്തിനാലാം തീയതി 2:20

യഹൂദ കലണ്ടറിലെ തീയതികളെ ജൂലിയൻ കലണ്ടറുമായി ബന്ധിപ്പിച്ചു കണക്കാക്കുമ്പോൾ ഇവ യഥാക്രമം ആഗസ്റ്റ് 29, സെപ്റ്റംബർ 21, ഒക്ടോബർ 17, ഡിസംബർ 18 എന്ന് മനസ്സിലാക്കാം. യരുശലേമിലെ ദേവാലയം പുനർനിർമ്മിച്ചുകാണണമെന്ന അത്യുത്സാഹമാണ് ഈ പ്രവാചകന്റെ സന്ദേശം. അതിനായി അദ്ദേഹം ദേശാധിപതിയായ സെരുബ്ബാബേലിനേയും മഹാപുരോഹിതനായ യോശുവയേയും അവരുടെ ഉത്തരവാദിത്തം കൃതൃതയോടെ നിർവ്വഹിക്കുവാൻ പ്രേരിപ്പിച്ചു. അങ്ങനെ ദേവാലയ നിർമ്മാണവും അനുഷ്ഠാനങ്ങളുടെ പുനഃക്രമീകരണവും ശുദ്ധീകരണവും നടപ്പിലാക്കുവാൻ ഉത്ബോധിപ്പിച്ചു. ചിതറിപ്പോയ മതസാമൂഹ്യ ജീവിതത്തെ ഏകീകരിച്ച് സാമൂഹ്യ ഐക്യം സാധ്യമാക്കുവാനുള്ള പ്രഥമ പ്രായോഗിക നടപടി ഇതാണെന്ന് പ്രവാചകൻ തിരിച്ചറിയുന്നു. ഇത് മശിഹാ കാലത്തിന്റെ ഒരുക്കകാലമെന്നും അദ്ദേഹം മനസ്സിലാക്കുന്നു. ഈ രണ്ടു പദ്ധതികൾ പൂർത്തിയാകുമ്പോൾ, മുൻപ്രവാചകന്മാർ ദർശിച്ച ആ നല്ലകാലം യാഥാർത്ഥ്യമാകും. എന്തെന്നാൽ ദൈവം ഫലപുഷ്ടിയും സമൃദ്ധിയും നൽകി ജനത്തെ അനുഗ്രഹിക്കും; പുറജാതികളെ തള്ളി ദാവീദിന്റെ സിംഹാസനത്തിൽ സെരുബ്ബാബേലിനെ യഹോവയുടെ അഭിഷിക്തനായി നിയമിക്കും.



# യേശുവിനെ എഴുത്തിലാക്കിയ ഡോ. സി. ജെ. റോയ്



ഡോ. പോൾ മണലിൽ

ക്രിസ്തുദർശനം ജീവിതത്തിൽ മാത്രമല്ല വാക്കിലും വചനത്തിലും പ്രകാശിപ്പിച്ച എഴുത്തുകാരനായിരുന്നു ഡോ. സി.ജെ. റോയ് (1935-2022). യേശു എന്ന യാഥാർത്ഥ്യത്തെ തന്റെ ആന്തരിക ലോകത്തിൽ പ്രതിഷ്ഠിച്ചു കൊണ്ട് അതിന്റെ ജീവചൈതന്യത്തെ സർഗ്ഗപ്രക്രിയയാക്കി രൂപാന്തരപ്പെടുത്തിയ ഡോ. സി.ജെ. റോയ്, മലങ്കര ഓർത്തഡോക്സ് സഭ മലയാള സാഹിത്യത്തിനു സമ്മാനിച്ച അതുല്യ പ്രതിഭയായിരുന്നു. ഒരെഴുത്തുകാരൻ എന്ന നിലയിൽ എൺപത്തിയേഴു സംവത്സരങ്ങൾ ജീവിച്ച ഡോ. സി.ജെ. റോയ് തന്റെ ജീവിതത്തിൽ ഉണ്ടായ ആകുലതകളെയും സംഘർഷങ്ങളെയും വേദനകളെയും യാതനകളെയും താൻ കേട്ടും വായിച്ചും അനുഭവിച്ചും അറിഞ്ഞ യേശുവിലേക്കു കൈമാറി. കൂരിരുട്ടിൽ ശക്തമായ ഒരു പ്രകാശനാളം പോലെയായിരുന്നു യേശു തനിക്കു നല്കിയ സ്നേഹമെന്നു ചാത്തമ്പടത്തു ജോസഫ് റോയ് എന്നും വിശ്വസിച്ചു. യേശുവിന്റെ ആ സ്നേഹം തന്റെ ചുറ്റും ജീവിച്ചവർക്കു പകർന്നു കൊടുക്കുന്ന ഒരു പുണ്യകർമ്മമായിരുന്നു റോയിക്ക് എഴുത്ത്. ഡോ. സി. ജെ. റോയ് മലയാള സാഹിത്യത്തിൽ യേശുവിനെ പ്രകാശിപ്പിച്ച എഴുത്തുകാരനായിരുന്നു. അതെ, എഴുത്തിൽ അദ്ദേഹം യേശുവിനെ കണ്ടെത്തി.

പുതുപ്പള്ളി ചാത്തമ്പടത്തു വീട്ടിൽ ജോസഫിന്റെയും മന്ദപ്പറമ്പിൽ മറിയാമ്മയുടെയും അഞ്ചാമനായി ജനിച്ച സി.ജെ. റോയ് മനുഷ്യനെപ്പറ്റി പഠിക്കാനുള്ള ശാസ്ത്രലോകത്തിലേക്കാണ് ആദ്യം കാൽകുത്തിയതെങ്കിലും ജീവിതത്തിലെ പ്രതിസന്ധികളെപ്പറ്റിയും പ്രതികൂല സാഹചര്യങ്ങളെപ്പറ്റിയും പഠിക്കാൻ മനുഷ്യജീവിതം തന്നെ പഠിക്കണമെന്നു ബോധ്യപ്പെട്ടാണ് സാഹിത്യത്തിന്റെ വഴിയിലേക്ക് സഞ്ചരിച്ചത്. അതിനു അദ്ദേഹത്തിനു വെളിച്ചം പകർന്നതു വിശുദ്ധ വേദപുസ്തകമായിരുന്നു. വേദപുസ്തകവായനയിലൂടെ യേശുക്രിസ്തുവിനെ റോയ് തന്റെ ആന്തരിക ലോകത്തിന്റെ വെളിച്ചമാക്കി മാറ്റി. അങ്ങനെയാണ് എഴുത്തിനെ പുഞ്ചിരിയുടെ പൂക്കാലമാക്കി മാറ്റിയത്. റോയിയുടെ വീട്ടിൽ പണ്ട് മറ്റു നാലു സഹോദരങ്ങൾ ഉണ്ടാക്കി പാടുന്ന ഒരു പാട്ടുണ്ടായിരുന്നു.

"ഒന്നാമൻ ഓമന
രണ്ടാമൻ രാജാവ്
മൂന്നാമൻ മുല്ലപ്പൂ
നാലാമൻ നാഴികമണി
അഞ്ചാമൻ പുഞ്ചിരി"

ഡോ. സി.ജെ. റോയ് എന്ന എഴു

ത്തുകാരനെ മനസ്സിലാക്കാൻ ഈ പാട്ട് മതി. എഴുത്തിൽ ഓമനത്തവും രാജത്വവും മുല്ലപ്പൂമണവും നാഴികമണിയുടെ കൃത്യതയും പുഞ്ചിരിയും സമന്വയിപ്പിച്ചുകൊണ്ടാണ് മലയാള ഗദ്യസാഹിത്യത്തെ ഡോ. റോയ് സമ്പുഷ്ടമാക്കിയത്. തന്റെ എഴുത്തിനെപ്പറ്റി റോയ് പറയുന്നതു, അതു യേശു കാണിച്ചുതന്ന ജീവിതശൈലിയാണെന്നാണ്.

ഡോ. സി.ജെ. റോയി ഏറെ അറിയപ്പെടുന്നതു അധ്യാപകൻ എന്ന നിലയിലും ഭാഷാശാസ്ത്രജ്ഞൻ എന്ന നിലയിലും ഉപന്യാസകാരൻ എന്ന നിലയിലുമാണ്. ഒരു പ്രൈമറി സ്ക്കൂൾ അധ്യാപകന്റെ മകനായി ജനിച്ച റോയ് ബാല്യത്തിൽ ഏറെ വേദനിച്ചതും ദുഃഖിച്ചതും ദാരിദ്ര്യവും അവഗണനയും തൊഴിലില്ലായ്മയും മറ്റും കണ്ടിട്ടായിരുന്നു, പാവങ്ങളോടുള്ള കരുതൽ റോയ് തന്റെ ജീവിതാദർശമാക്കി മാറ്റിയതിനു പിന്നിൽ മുണ്ടകപ്പാടം അഗതി മന്ദിരത്തിന്റെ സ്ഥാപകരായ സാധു മത്തായിച്ചനും പി.സി. ജോർജ്ജും മറ്റും കാണിച്ചുകൊടുത്ത മനുഷ്യനന്മയുടെ പാഠങ്ങളായിരുന്നു. എഴുത്തും അതുപോലെ നന്മയോടുള്ള ആഭിമുഖ്യമാണെന്നു റോയി മനസ്സിലാക്കി. അങ്ങനെയാണ് എഴുത്തിൽ ക്രിസ്തുവിനെ കണ്ടെത്തുവാനുള്ള 'ഉദ്യമം' റോയ് സമാരംഭിച്ചത്.

'പാപ്പൻസ്' എന്ന ശീർഷകത്തിൽ ഡോ. റോയ് ഒരു ഉപന്യാസമെഴുതിയിട്ടുണ്ട്. പണ്ട് പറമ്പിലെ പണിക്കാരനായിരുന്നു പാപ്പൻ. പാപ്പനെ 'പാപ്പൻസ്' ആക്കിയതു റോയിയാണ്-വ്യാകരണ ക്ലാസിൽ നിന്നു കിട്ടിയ ഒരു അറിവിന്റെ അടിസ്ഥാനത്തിലായിരുന്നു അത്. ഏകവചനത്തോട് ബഹുവചന പ്രത്യയം ചേർത്താൽ അത് ബഹുമാന സൂചകമാകും. അവൻ, അവർ, അവർകൾ എന്ന മട്ടിൽ. ആദരവിനു അർഹമാകുന്ന പലതും തന്റെ കുട്ടിക്കാലത്തു ഡോ. റോയ് പാപ്പനിൽ കണ്ടിരുന്നു. എന്നാൽ ആരോ ഗ്യം നഷ്ടപ്പെട്ട പാപ്പനു വേണ്ടതു പണമല്ല, സ്നേഹമായിരുന്നു എന്ന് റോയ് തിരിച്ചറിഞ്ഞു. ഒരു ദിവസം പാപ്പൻ റോയിയെ കാണാൻ വന്നു. തനിക്കു റോയിയുടെ ഒരു മുണ്ടു വേണമെന്നു ആവശ്യപ്പെട്ടു. പാപ്പൻ ആ മുണ്ടുമായി വീട്ടിൽ പോയി. അധികം വൈകാതെ പാപ്പൻ മരിച്ചു. റോയ് നൽകിയ മുണ്ട് ഉടുപ്പിച്ചാണ് പാപ്പനെ വീട്ടുകാർ അടക്കിയത്. പാപ്പന്റെ ആഗ്രഹം അതായിരുന്നു. ഡോ. റോയ് മനുഷ്യരോടു കാണിച്ച സ്നേഹത്തിന്റെ ഒരു പ്രകാശനമാണ് പാപ്പൻസ്!

'തഞ്ചാവൂരിലെ താപസൻ' എന്ന പേരിൽ ഡോ. റോയി തന്റെ ഗുരുവിനെപ്പറ്റി എഴുതിയിട്ടുണ്ട്. അധ്യാപകവൃത്തിയിൽ തന്റെ വിജയരഹസ്യത്തിനു പിന്നിൽ റോയ് കണ്ടിരുന്നതു ഗുരുവായ പ്രൊഫ. വി.ഐ. സുബ്രഹ്മണ്യത്തെയാണ്. ഗുരുവിനെ അച്ഛനായി കരുതി, റോയ്. ആ ഗുരു പറഞ്ഞുകൊടുത്ത പാഠമാണ് റോയ് ജീവിതത്തിലെന്നും അനുവർത്തിച്ചത്. "യഥാർത്ഥ സുഖം വെളിയിൽ നിന്നല്ല, ഉള്ളിൽ നിന്നു വരുന്നു. അതു നേടുവാനുള്ള മാർഗം അർപ്പണമനോഭാവത്തോടെയുള്ള അധ്വാനമാകുന്നു."

ഡോ. സി.ജെ. റോയിയുടെ എഴുത്തിന്റെ നന്മയെ സമർത്ഥിക്കാൻ എത്രയോ ഉപന്യാസങ്ങൾ വാക്കുകൾ പൂക്കുന്ന പൂമരം, ഭൂമിയുടെ ഗന്ധം, ഭാവുകത്വത്തിന്റെ പാതയിൽ, പുതിയ മുഖങ്ങൾ, സ്വപ്നങ്ങളുടെ സന്ധ്യ തുടങ്ങിയ പുസ്തകങ്ങളിൽ സമാഹരിച്ചിട്ടുണ്ട്. 'അക്ഷര യാത്രകൾ' എന്ന പേരിൽ അദ്ദേഹം ആത്മകഥയും എഴുതി. ഭാഷാശാസ്ത്രജ്ഞൻ എന്ന നിലയിൽ ഭാഷാ ദർശനം, തിയ്യ ഡയലക്റ്റ് എന്നീ കൃതികൾ ശ്രദ്ധേയമാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനയും റോയിയുടെ എഴുത്തിന്റെ ലോകത്തിന്റെ ഭാഗമായി. 'കുർബ്ബാനയുടെ വ്യാകരണം' എന്ന പേരിൽ 1978-ൽ അദ്ദേഹം പ്രൗഢമായ ഒരു പ്രബന്ധമെഴുതിയിട്ടുണ്ട്. മലയാള ഭാഷയിൽ അത്തരമൊരു രചന ആദ്യമായിട്ടായിരുന്നു. കുർബ്ബാനയുടെ അന്തരാർത്ഥവും കുർബ്ബാനയുടെ കീർത്തനങ്ങളും പ്രാർത്ഥനകളും ഒക്കെ ഇതിൽ സൂക്ഷ്മമായി അദ്ദേഹം പഠിച്ചെഴുതി. എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'സ്നേഹക്കൂട്' എന്ന പുസ്തകത്തിൽ കാൽവറി ഒരു ക്ലാസ് മുറിയാണെന്നു കണ്ടെത്തിയ റോയ് തന്റെ വേദശാസ്ത്രവിചിന്തനങ്ങൾ 'മാധ്യമ മൂല്യം മനുഷ്യൻ' ഇലവാടാത്ത വൃക്ഷങ്ങൾ തുടങ്ങിയ കൃതികളിൽ ചാലിച്ചു ചേർത്തിട്ടുണ്ട്. 'അകക്കണ്ണ്' എന്ന പുസ്തകത്തിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പറ്റി റോയ് എഴുതുന്നതു, അദ്ദേഹം വിക്ടർ യൂഗോയുടെ 'ലാ മിറാബെമെനോ വലിലെ ബിഷപ്പിന്റെ മറ്റൊരു പതിപ്പാണെന്നാണ്. ഈ പുസ്തകത്തിൽ അദ്ദേഹം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ വിശേഷിപ്പിച്ചതു, ദൈവത്തിന്റെ സന്ദേശം മനുഷ്യരിലെത്തിച്ച മാലാഖ എന്നാണ്.

മനോരമയിൽ പത്രപ്രവർത്തകനായി ജീവിതം ആരംഭിച്ച ഡോ. റോയ് അധ്യാപകവൃത്തി തുടങ്ങുന്നത് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലാണ്. മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ കീഴിൽ അവിടെ മലയാളം പഠിപ്പിച്ച അദ്ദേഹത്തെ ഭാഷാശാസ്ത്രം പഠിക്കാൻ തിരുവനന്തപുരത്തേക്കു അയച്ചപ്പോഴാണ് വി.ഐ. സുബ്രഹ്മണ്യത്തിന്റെ ശിഷ്യനായി ഭാഷാഗവേഷണം നടത്താനും തുടർന്നു മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ മലയാളം വകുപ്പിന്റെ സ്ഥാപക അധ്യക്ഷനാകാനും അവസരം ഉണ്ടായത്. ആലുവ യു.സി. കോളജിൽ പഠിക്കുമ്പോൾ ഫാ. പോൾ വർഗീസിന്റെ ബൈബിൾ ക്ലാസുകളിൽ ആകൃഷ്ടനായ ഡോ. റോയ് ക്രിസ്തു ദർശനത്തിന്റെ ആഴത്തിലുള്ള അന്വേഷണങ്ങൾക്കു അന്നാണ് തുടക്കം കുറിച്ചത്.

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കാൻ മധുരയിൽ നിന്നു കോട്ടയത്തെത്തിയ കാലം മുതൽ സഭയുടെ സംസ്കാരിക പ്രവർത്തനങ്ങളിൽ ഡോ. റോയ് പങ്കാളിയാണ്. മധുരയിൽ സഭയുടെ ദേവാലയം നിർമ്മിക്കുന്നതിൽ പങ്കാളിത്വം വഹിച്ചിട്ടുള്ള അദ്ദേഹം ദീർഘകാലം ചെന്നൈ ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. പ്രൊഫ. കെ.എം. തരകന്റെ കൂടെ സഭയുടെ സാഹിത്യ വേദി പ്രവർത്തനങ്ങൾക്കു ദീർഘകാലം ഡോ. റോയ് നേതൃത്വം നൽകിയിട്ടുണ്ട്. എം.ഒ.സി. പബ്ലിക്കേഷൻസിലും സഭാകവി സി.പി. ചാണ്ടിയുടെ പേരിലുള്ള പുരസ്കാര നിർണ്ണയ സമിതിയിലും അദ്ദേഹം അംഗമായിരുന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു ബൈബിൾ സൊസൈറ്റിയുടെ കേരള ഓക്സിലറിയിൽ അംഗമായിരുന്നു. അഗാപ്പെ, കൊയ്നോണിയ എന്നീ സഭാപ്രസിദ്ധീകരണങ്ങളിൽ ഡോ. റോയ് പതിവു പംക്തി കൈകാര്യം ചെയ്തിരുന്നു. മാതൃഇടവകയായ പുതുപ്പള്ളി നിലയ്ക്കൽ പള്ളിയുടെ 'ശ്ലൈഹിക ശബ്ദം' അണിയിച്ചൊരുക്കുന്നതിനും ഡോ. റോയ് സമയം കണ്ടെത്തി. ○

# പാഠവും മാതൃകയുമായി മാറിയ യോനാപ്രവാചകനും നിനവേനിവാസികളും

ഫാ. തോമസ് രാജു, കരുവാറ്റ

പരിശുദ്ധ സഭയുടെ അഞ്ച് കാനോനിക നോമ്പുകളിൽ ഏറെ പ്രാധാന്യപൂർവ്വം വിശ്വാസികൾ അനുഷ്ഠിക്കുന്ന നോമ്പാണ് മൂന്ന് നോമ്പ്. നിനുവനോമ്പ്, നിനുവേക്കാരുടെ യാചനയുടെ ദിനങ്ങൾ (Days of Rogation) എന്ന പേരിലും ഇത് അറിയപ്പെടുന്നു. വലിയനോമ്പാരംഭത്തിന് 18 ദിവസങ്ങൾക്ക് മുമ്പുള്ള തിങ്കൾ മുതൽ ബുധൻ വരെയുള്ള ദിവസങ്ങളിലാണ് ഈ നോമ്പാചരണം ക്രമീകരിച്ചിരിക്കുന്നത്. മത്സ്യത്തിന്റെ വായിൽ മൂന്ന് രാവും മൂന്ന് പകലും ചെലവഴിച്ച പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന യോനാ ദീർഘദർശിയുടെ അനുതാപവും, യോനായുടെ പ്രസംഗം കേട്ട് ദുഷ് കൃത്യങ്ങളിൽ നിന്നും പിന്തിരിഞ്ഞ നിനവേ നിവാസികളുടെ മാനസാന്തരവുമാണ് ഈ നോമ്പിൽ സ്മരിക്കപ്പെടുന്ന പ്രധാന ആശയങ്ങൾ.

സുറിയാനി സഭയിൽ മൂന്ന്നോമ്പിന്റെ ഉത്ഭവത്തക്കുറിച്ച് പൊതുവേ പറയപ്പെടുന്നത്-ഇത് വേദപുസ്തക അടിസ്ഥാനത്തിൽ രൂപം കൊണ്ട വ്രതദിനങ്ങൾ എന്നതിനെക്കാൾ ചരിത്രപരമായ കാരണങ്ങൾ നിമിത്തമായി സുറിയാനി സഭയിൽ രൂപപ്പെട്ടതും സ്വീകരിക്കപ്പെട്ടതുമാണെന്നാണ്. ആറാം നൂറ്റാണ്ടിനോടടുപ്പിച്ച് ഇന്നത്തെ ഇറാഖിന്റെ വടക്കൻ പ്രദേശങ്ങളിൽ പടർന്നുപിടിച്ച മഹാവ്യാധിയാൽ ദേശവും നിവാസികളും പ്രാണഭയത്തിലായിപ്പോയപ്പോൾ അതിൽ നിന്നും രക്ഷപെടുവാൻ വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം മൂന്ന് ദിവസത്തേക്ക് ഉപവാസം നിശ്ചയിച്ച് പ്രസിദ്ധം ചെയ്തു എന്നും തൽഫലമായി രോഗബാധ ഒഴിഞ്ഞ് അവരേവരും സംരക്ഷിക്കപ്പെട്ടു എന്നും കൃതഞ്ജതാസൂചകമായി ഈ നോമ്പാചരണം സഭയിൽ പിന്നീട് തുടർന്നു വന്നു എന്നും കരുതപ്പെടുന്നു. മരണവും രോഗവും അതിന്റെ വ്യാപനവും വല്ലാതെ വർദ്ധിക്കുന്ന ഒരു കാലയളവിൽ തന്നെയാണ് ഈ നോമ്പാചരണം ഈ വർഷവും നിർവ്വഹിക്കപ്പെടുന്നത്. നിനുവയരോടുണ്ടായ കോപം അവരുടെ നിലവിളിയെ മാനിച്ച് ദൈവം നീക്കികളഞ്ഞതുപോലെ നമ്മുടെ പശ്ചാത്താപവും നിലവിളിയും കണ്ണുനീരും നിമിത്തമായി ശുഭകാലങ്ങളും സ്വസ്ഥമായ സംവത്സരങ്ങളും നമുക്കായി ദൈവം നൽകട്ടെ.

യോനാ പ്രവാചകന്റെ ജീവിത കഥയും നിനവേ നിവാസികളുടെ അനുതാപവും എല്ലാക്കാലത്തേക്കും ഒരു മാതൃകയും പാഠവുമാണെന്നാണ് ക്രിസ്തുവിന്റെ പഠിപ്പിക്കൽ (വി.ലൂക്കോ.11:29-32) കാരണം അലയാഴിയിൽനിന്നും മത്സ്യത്തിന്റെ ഉദരത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട യോനാ നിബി ദൈവപരിപാലനയെക്കുറിച്ചും എല്ലായിടവും വ്യാപിച്ചുകിടക്കുന്ന ദൈവസാന്നിദ്ധ്യത്തെക്കുറിച്ചും ആഴമായബോധ്യമുള്ളവനായി മാറ്റപ്പെട്ടു-നിനവേയിൽ നിന്നുള്ള ഒളിച്ചോട്ടവും പുതിയതീരത്തേക്കുള്ള യാത്രയും നിയോഗം നൽകിയ ദൈവ



ദൈവത്തിൽനിന്നും അരുളപ്പാട് സ്വീകരിച്ച് ജനത്തെ അറിയിക്കുക എന്നതാണ് പ്രവാചകദൗത്യം. ലഭിച്ച അറിയിപ്പിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കാനോ ചിലതൊക്കെ വിട്ടുകളയാനോ പ്രവാചകന് അധികാരമില്ല.


പഴയ അസ്സീരിയാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന നിനെവെ മഹാനഗരമായി അറി യപ്പെട്ടിരുന്നു. പുറജാതികളുടെ നഗരമായ നിനെവെ സമ്പന്നമായിരുന്നെങ്കിലും ദുഷ്ടതകൾ നിറഞ്ഞ നഗരമായിരുന്നു. നാശത്തിന്റെ നഗരം എന്നു നഹും പ്രവാചകൻ വിശേഷിപ്പിച്ച നഗരമാണിത്. ഇന്നത്തെ ബാഗ്ദാദിനടുത്ത് തെഗ്രീസ് നദീതീരത്തുള്ള ഒരു നഗരമായിരുന്നു ഇത്. അവരുടെ ദുഷ്ടത ദൈവസന്നിധിയിൽ എത്തിയതുകൊണ്ട് ദൈവകോപം നഗരത്തിനെതിരെ ജ്വലിച്ചു. ഈ നഗരത്തിനെതിരെ പ്രസംഗിക്കുവാനാ ണ് ദൈവം യോനായോട് ആവശ്യപ്പെട്ടത്. നസറേത്തിനു സമീപമുള്ള ഗത്ത്ഗേഫർകാരനായിരുന്നു യോനാ പ്രവാചകൻ. യോനാ എന്ന എബ്രായ പദത്തിനു പ്രാവ് എന്നാണർത്ഥം.

നിനെവെയിൽ താൻ സ്വീകരി ക്കപ്പെടുകയോ തന്റെ വാക്കുകൾ ശ്രദ്ധിക്കപ്പെടുകയോയില്ലെന്നു യോനാ ചിന്തിച്ചു. അതുകൊണ്ട് ദൈവകല്പനയ്ക്കുപരിയായി സ്വന്തബുദ്ധിയിലും യുക്തിയിലും ആശ്രയിക്കുവാൻ യോനാ തീരുമാനിച്ചു. ദൈവീക ആലോചനയേക്കാൾ ഇവിടെ പ്രായോഗിക ബുദ്ധിയാണ് കൂടുതൽ ഫലപ്രദമെന്നു ചിന്തിച്ച പ്രവാചകൻ സ്വന്തമായ ചില തീരുമാനങ്ങൾ എടുത്തു. ദൈവത്തിന്റെ സന്ദേശം ലഭിച്ച പ്രവാചകൻ അതിനു വഴങ്ങാതെ ഒളിച്ചോടാൻ ഒരു വിഫലശ്രമം നടത്തി. അവൻ നിനെവേക്കു പകരം തർശീശിലേക്കു പോകുന്ന ഒരു കപ്പലിൽ കയറി.

യോനാ സഞ്ചരിച്ച കപ്പൽ കടൽ ക്ഷോഭത്തിൽപ്പെട്ട് മുങ്ങുമാറായി. പരിഭ്രാന്തരായ കപ്പൽ ജീവനക്കാരും യാത്രക്കാരും ഓരോരുത്തരും താന്താങ്ങളുടെ ദേവൻമാരെ വിളിച്ച് സഹായത്തിനായി പ്രാർത്ഥിച്ചു. എന്നാൽ ദൈവത്തിന്റെ പ്രവാചകനായ യോനാ കപ്പലിന്റെ ഉള്ളറയിൽ കിടന്നു സുഖമായുറങ്ങി. ഈ കോവിഡു കാലത്ത് ഇതേവർക്കും ഒരു പാഠമാണ്. പ്രതികൂലതയിൽ ദൈവജനം ഉണർന്നിരുന്നു പ്രാർത്ഥിക്കേണ്ടതിന്റെയും പ്രവർത്തിക്കേണ്ടതിന്റെയും സമയത്ത് അലസരായിരുന്നാൽ യോനായുടെ അനുഭവം അവർക്കുവന്നു ചേർന്നാൽ അതിൽ അതിശയിക്കേണ്ടതില്ല. അക്കാലത്തെ കീഴ്വഴക്കം അനുസരിച്ച് ആരുടെ ദോഷം മൂലമാണ് അനർത്ഥം ഉണ്ടായതെന്നറിയാൻ ചീട്ടിടുകയും ചീട്ടു യോനായ്ക്കു വീഴുകയും ചെയ്തു. യോനായുടെ സമ്മതപ്രകാരം അവർ അവനെ എടുത്തു കടലിലേക്കെറി ഞ്ഞു. കടൽ ശാന്തമായി. കപ്പൽ അതിന്റെ വഴിക്കു യാത്രയായി.

തെറ്റിപ്പോയവനെങ്കിലും യോനായെ വിട്ടുകളയുവാൻ ദൈവം ഒരുക്കമായിരുന്നില്ല. യോനായ്ക്കു ദൈവത്തിലേക്കുള്ള തിരിച്ചുവരവിന് ഒരവസരം കൂടി നൽകാൻ ദൈവം തീരുമാനിച്ചു. കടലിൽ എടുത്തെറിയപ്പെട്ട യോനായെ ഒരു മത്സ്യം വിഴുങ്ങി. യോനായെ വിഴുങ്ങിയ മത്സ്യം തിമിംഗലമാണെന്നു കരുതപ്പെടുന്നു. തിമിംഗലം കൃപയുടെ അടയാളമാണ്. ദൈവകൃപയാകുന്ന തിമിം ഗലത്തിന്റെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും യോനാ കഴിച്ചുകൂട്ടി. യോനാ പ്രവാചകന്റെ അടയാളം ഒരു മുൻകുറിയായിരുന്നു. യോനാ കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും

ത്തിന്റെ കണ്ണുവെട്ടിച്ചാണെന്നുള്ള യോനായുടെ മിഥ്യാധാരണയ്ക്കേറ്റ കനത്ത പ്രഹരമാണ് യാനത്തെ ഉലച്ചുകളഞ്ഞ സമുദ്ര ക്ഷോഭം. സത്യത്തിൽ ദൈവമില്ലാതെയുള്ള നമ്മുടെ സ്വപ്നങ്ങളും പ്രയത്നങ്ങളും നിർമ്മിതികളുമെല്ലാം എല്ലാക്കാലത്തേക്കും ശാശ്വതമായും നിലനിൽക്കും - നിലനിൽക്കുന്നു എന്ന വാദങ്ങൾക്കൊക്കെ കേവലമൊരു നിമിഷത്തെ ആയുസ്സാണുള്ളത്. നിനയ്ക്കാത്ത നേരത്ത് വന്നുഭവിക്കാവുന്ന ദുരിതപ്പെയ്ത്തുകൾ നമ്മുടെ ജീവിതക്രമത്തിന്റെ സ്വരതാളങ്ങളെ ക്രമമില്ലാത്തതാക്കുകയും ജീവിതമാകുന്ന യാനത്തെ വല്ലാതെ ഉലച്ചു കളയുകയും ചെയ്തേക്കാം. അതിനാ ൽ ദൈവബോധ്യമുള്ളവരായി ജീവിക്കുവാനാവുക എന്നത് പ്രധാനമാണ്. ദൈവമനുഷ്യന്റെ ഹൃദയാഗ്രഹങ്ങളിൽ സമസ്ത സൃഷ്ടിയുടെയും നൻമയാണ് ഉൾച്ചേർന്നിരിക്കേണ്ടത് എന്ന പാഠവും യോനാ നൽകുന്നുണ്ട്. ആവണക്കിനുചുവട്ടിൽ നഗരത്തിന്റെ നാശംകാണുവാൻ കാത്തു കെട്ടിക്കിടന്ന പ്രവാചകനോട് യഹോവ നൽകുന്ന അരുളപ്പാട് ഇതിനുദാഹരണാണ്. സ്വന്തപ്രവചനങ്ങളുടെ നിവർത്തീകരണത്തിൽ ആനന്ദിച്ചുകൊണ്ട് സ്വയം മഹിമവത്കരിക്കുന്ന പ്രവചന-ഇടയശുശ്രൂഷകളെക്കാൾ ദൈവം പ്രീതിപ്പെടുന്നത് ജീവിതഗതിയിൽ മാറ്റമുണ്ടാക്കുവാനാഗ്രഹിക്കുന്നവരെ ഉൾക്കൊള്ളുന്ന അവരുടെ രക്ഷാർത്ഥം ഇടവിടാതെ ദൈവസന്നിധിയിൽ മദ്ധ്യസ്ഥതയണയ്ക്കുന്ന നിയോഗിതരെയാണെന്നാണ് യോനായുടെ ജീവിതത്തെ ദൈവം വിലയിരുത്തുമ്പോൾ നമുക്ക് ലഭിക്കുന്ന സന്ദേശം.




നിനുവേ നിവാസികളുടെ മാതൃക പ്രശംസനീയമാണ്. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അകമ്പടിയില്ലാതെ പ്രവചനത്തിനായി പകുതിമാനസ്സവുമായി കടന്നുവന്ന യോനായെ അവർ സ്വീകരിച്ചു(യോനാ 3:5) എന്നത് മാത്രമല്ല തങ്ങളുടെ അകൃത്യഭാരത്തെയോർത്ത് മൃഗങ്ങളെക്കൊണ്ടും കുഞ്ഞുങ്ങളെക്കൊണ്ടു പോലുമവർ നോമ്പെടുപ്പിച്ചു എന്നതും ശ്രദ്ധേയമാണ്. വി. അപ്രേമിന്റെ ഭാഷ്യപ്രകാരം 'സോദോമും ഗോമോറയും ദൈവസന്നിധിയിൽ നിന്നും നേരിട്ട അതേ ഭീഷണിയാണ് നിനവേക്കാർക്കും നേരിടേണ്ടി വന്നത് എന്നാൽ അവരുടെ ഹൃദയത്തിന്റെ വ്യത്യസ്തതയാണ് അവരെ സംരക്ഷിച്ചത്. നിനവേക്കാരുടെ ചാരം പൂശലും രട്ടുടുക്കലും യാഗം പോലെ പ്രീതികരമായി ഭവിച്ചു.അവരുടെ കണ്ണിൽ നിന്നൊഴുകിയ കണ്ണുനീരുകൾ സ്വർഗ്ഗത്തിൽ നിന്നൊഴുകുന്ന കാരുണ്യത്തെ കണ്ടുമുട്ടി'.

മാനസാന്തരം എന്നത് കേവലം തിരുത്തലും ഒത്തുതീർപ്പുമായി പരിഗണിക്കപ്പെടുന്ന ഒരു കാലത്താണ് സമ്പൂർണ്ണ മനംതിരിയൽ എന്ന മാനസാന്തരത്തെ നിനവേ നിവാസികൾ വഴിയായി നാം ദർശിക്കുന്നത്.

ഇത് നമ്മുടെ പാതകൾക്ക് പുതിയ പ്രകാശം പകരട്ടെ. നോമ്പു നമസ്ക്കാരത്തിൽ ചൊല്ലും പോലെ

ഹൃദയത്തിൽ പരിവർത്തനമില്ലാത്ത ദൈവനീതിയെക്കുറിച്ച് ഭീതിയും വിചാരവുമില്ലാത്ത നമ്മെ തന്റെ കൃപയുടെ ബാഹുല്യത്തിന്റെ തണലിൽ സംരക്ഷിക്കുവാനും രൂപാന്തിരപ്പെടുത്തുവാനും ഈ നോമ്പ് വഴിയും പാലവുമാകട്ടെ.

# യോനാ പ്രവാചകന്റെ അടയാളം

വി.കെ. തമ്പി, അടൂർ

ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്തായി 12:40). യോനാ യഥാർത്ഥമായും അനുതപിച്ചു പ്രാർത്ഥിച്ചു. ദൈവം യോനായുടെ പ്രാർത്ഥന കൈക്കൊണ്ടു. മത്സ്യം അവനെ കരയിലേക്കു ഛർദിച്ചിട്ടു.

ദൈവീക കല്പനയനുസരിച്ചു യോനാ നിനവേയിലേക്കു യാത്രയായി. നാല്പതുരാവും നാല്പതു പകലും കഴിയുമ്പോൾ ദൈവം അവരെ നശിപ്പിക്കുമെന്നുള്ള അരുളപ്പാടിനെക്കുറിച്ച് അവരോടു പ്രസംഗിച്ചു. ഭയന്നുപോയ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ തങ്ങളുടെ അകൃത്യങ്ങൾ വിട്ടൊഴിഞ്ഞു. അവർ ഒരു ഉപവാസം പരസ്യം ചെയ്തു. രാജാവും ജനങ്ങളും കന്നുകാലികൾ വരെ ഉപവസിച്ചു. ദൈവം മനസ്സുമാറ്റി നിനെവേയ്ക്കു നേരേയുള്ള തന്റെ കോപം പിൻവലിച്ചു. അവരുടെ മേൽ വരുത്തുമെന്നു പറഞ്ഞ അനർത്ഥം അവർക്കു വരുത്തിയതുമില്ല. ഒരു മില്ലിമീറ്ററിന്റെ ഒരു ലക്ഷത്തിലൊന്നു മാത്രം വലുപ്പമുള്ള ഒരു വൈറസ്. വസ്തുക്കളെ അതിന്റെ ഒന്നര ലക്ഷം ഇരട്ടി വലുപ്പത്തിൽ കാണിക്കുന്ന അതിസൂക്ഷ്മമായ മൈക്രോസ്കോപ്പിൽ കൂടി മാത്രമേ ഈ വൈറസിനെ കാണാൻ സാധിക്കൂ. പക്ഷേ ലോകത്തിലെ ജനങ്ങളെയെല്ലാം ഈ വിനാശകാരിയായ വൈറസിന്റെ ആക്രമണത്തിൽ ഭയന്നു വിറയ്ക്കുകയാണ്. ഒന്നാം ലോകമഹായു ദ്ധത്തിന്റെ കെടുതികൾ നേരിട്ടനുഭവിച്ചത് ലോകജനസംഖ്യയുടെ മൂന്നിലൊന്നുമാത്രം. രണ്ടാം ലോകമഹായുദ്ധം മൂലമുള്ള കെടുതികൾ നേരിട്ടനുഭവിച്ചത് ലോക ജനസംഖ്യയുടെ മൂന്നിൽ രണ്ടു ജനങ്ങൾ. എന്നാൽ കൊറോണാ വൈറസ് മൂലമുള്ള ദുരിതം ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ ഒരുപോലെ അനുഭവിക്കുകയാണ്. വൈറസിനെതിരെ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതോടൊപ്പം നിനവേയിലെ ജനങ്ങൾ ചെയ്തതുപോലെ തങ്ങളുടെ അകൃത്യങ്ങൾ വിട്ടൊഴിഞ്ഞ് അനുതാപമുള്ളവരായി ദൈവത്തിലേക്കു മനം തിരിയുന്നത് ഈ മഹാമാരിക്കാലത്തും എക്കാലത്തും കരണീയമാണ്.

മഹാനഗരമായ നിനുവേയ്ക്കു ഭവിപ്പാനിരിക്കുന്ന അനർത്ഥം കാണാൻ നോക്കിപ്പാർത്ത യോനാ ദൈവത്തിന്റെ പ്രവാചകനെങ്കിലും ഇടുങ്ങിയ ചിന്താഗതിയുള്ള ഒരു സാധാരണ യഹൂദനായിരുന്നു. രക്ഷ യഹൂദന്മാർക്കു മാത്രമെന്നു വിശ്വസിച്ചിരുന്ന ഒരു യാഥാസ്ഥിതിക മനോഭാവക്കാരനായ യോനായ്ക്കു നിനുവേയ്ക്കുണ്ടായ വിടുതൽ ഉൾക്കൊള്ളാനായില്ല. അതിരുകളില്ലാത്ത കാരുണ്യത്തിന്റെ ഉടമയായ സ്വർഗ്ഗീയ പിതാവ് സ്വജാതിയും വിജാതിയുമെല്ലാം തന്റെ രക്ഷാകരമായ പദ്ധതിക്കുള്ളിൽ വരുന്നവരാണെന്നുള്ള സത്യം യോനായെ ഒരു ദൃഷ്ടാന്തത്തിൽകൂടി ബോധ്യപ്പെടുത്തി.

# വിശുദ്ധ വേദപുസ്തകവായന ഒരു പുനർവിചിന്തനം

'നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികളെ പ്രമാണിക്കുന്നതിനായി ഞാനാണയിട്ട് നി ശ്ചയിച്ചു. ഞാനേറ്റവും ക്ഷീണിച്ചിരിക്കുന്നു. കർത്താവേ നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ എന്റെ വായിലെ വചനങ്ങൾ നീ ഇഷ്ടപ്പെട്ട് നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ'

സങ്കീ. 119 : 105



**ഫാ. ജോബി ജോർജ്ജ് മദ്രാസ്**

എല്ലാ സന്ധ്യാ പ്രാർത്ഥനയിലും നാം ഉൾപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ്. എന്നാൽ ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ വിശുദ്ധ വേദപുസ്തകത്തിന്റെ ഉപയോഗം എത്രത്തോളം ഉണ്ട് എന്ന് വിചിന്തനം ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. ചിലപ്പോൾ ഈ ആശയത്തെ വ്യാഖ്യാനിക്കുവാൻ തുടങ്ങുമ്പോൾ തന്നെ മനസ്സിൽ കുറ്റബോധം ഉയരുവാൻ തുടങ്ങും. കാരണം വിശുദ്ധ വേദപുസ്തകത്തിന്റെ ഉപയോഗം വ്യക്തിപരമായ ജീവിതത്തിൽ ഇത്രത്തോളം മാത്രമേ ഉള്ളൂ എന്നൊരു സത്യം കുറ്റബോധത്തോടെ മാത്രമേ മനസ്സാക്ഷിക്കു മുമ്പിൽ നിൽക്കുവാൻ സാധിക്കൂ. എന്നാലും ഇനി യുള്ള കാലങ്ങളിൽ വിശുദ്ധ വേദപുസ്തകം ഉപയോഗിക്കണം എന്ന ഒരു തീരുമാനത്തിൽ എത്തിക്കുവാൻ സാധിച്ചാൽ ഈയൊരു ചിന്ത ഏറെ അർത്ഥവത്താവുകയാണ്. പുരോഹിതരെ കുറിച്ച് വിശുദ്ധ വേദപുസ്തകവുമായി ബന്ധപ്പെട്ട ഒരു വർത്തമാനം ഉണ്ട് , ക്രൈസ്തവരിൽ ഏറ്റവും വേദപുസ്തകം കുറച്ച് ഉപയോഗിക്കുന്നത് പുരോഹിതർ ആയിരിക്കും. ഞായറാ ഴ്ച വിശുദ്ധ ഏവൻഗേലിയോൻ അല്ലാതെ ഒരാഴ്ച എത്ര പ്രാവശ്യം വി. വേദപുസ്തകം ഉപയോഗിക്കുന്നുണ്ട് എന്ന ചോദ്യം ഉയരും. ആ ജാള്യത ഉൾകൊണ്ട് രണ്ട് അനുഭവങ്ങൾ വിശുദ്ധ വേദപുസ്തകം എത്രത്തോളം നാം ഉപയോഗിക്കുന്നു എന്നും അല്ലെങ്കിൽ വിശുദ്ധ വേദപുസ്തകം എത്രത്തോളം നമ്മെ സ്വാധീനിച്ചിട്ടുണ്ട് എന്ന് ചിന്തിക്കുവാൻ ശ്രമിക്കുകയാണ്.

ഏതാനും മാസങ്ങൾക്ക് മുമ്പ് കേരളത്തിന്റെ തെക്കേയറ്റത്ത് നിന്ന് ഒരു രോഗിയേയും കൊണ്ട് ഒരു ടാക്സി ഡ്രൈവർ വെല്ലൂർ സ്നേഹഭവനിൽ എത്തി , ഈ രോഗി ആശുപത്രിയിൽ പോയ സമയം ടാക്സിഡ്രൈവർ മുറി യിൽ തനിച്ചാണ്. സ്നേഹഭവന്റെ എല്ലാ മുറികളിലും വിശുദ്ധ വേദപുസ്തകം നിത്യ പ്രാർത്ഥന ക്രമം എന്നിവ വച്ചിട്ടുണ്ട്. വിശുദ്ധ വേദപുസ്തകം മേശപ്പുറത്ത് ഇരിക്കുന്നത് അദ്ദേഹത്തിന്റെ കണ്ണിൽപ്പെട്ടു. ഈ മനുഷ്യൻ തന്റെ കയ്യിൽ വി. വേദപുസ്തകം എടുത്തു തുറന്നു വായിക്കുവാൻ തുടങ്ങി. ഏകദേശം മൂന്നു ദിവസത്തോളം ഉപയോഗിച്ചു. ചികിത്സ പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ ടാക്സി ഡ്രൈവർ രോഗിയേയും കൂട്ടി തിരിച്ചു കേരളത്തിലേക്ക് മടങ്ങിപ്പോയി. അവിടെ ചെന്നതിനുശേഷം വാട്സാപ്പിൽ എനിക്കൊരു മെസ്സേജ് അയച്ചു. ഫാദർ ഞാൻ ഇന്ന തീയതി മുതൽ ഇന്ന തീയതി വരെ ഇന്ന മുറിയിൽ താമസിച്ച ആളാണ്. ഞാൻ മറ്റൊരു മത വിശ്വാസിയാണ്. എന്നാൽ ഞാനവിടെ തനിച്ചായിരുന്ന സമയം അവിടെ മുറിയിൽ ഉണ്ടായിരുന്ന വിശുദ്ധ വേദപുസ്തകം ഉപയോഗിക്കുവാൻ തുടങ്ങി. മൂന്നുദിവസംകൊണ്ട് ഏറെ വായിക്കുവാൻ എനിക്ക് സാധിച്ചു. മടങ്ങിപ്പോരുമ്പോൾ വി. വേദപുസ്തകം എന്റെ കൂടെ ചേർക്കുവാൻ ഞാൻ ആഗ്രഹിച്ചു എങ്കിലും അനുവാദമില്ലാത്തതിനാൽ ഞാൻ അവിടെ വച്ചിട്ട് മടങ്ങിപ്പോന്നു. ഞാൻ എന്റെ നാട്ടിൽ എത്തിയതിനു ശേഷം എനിക്ക് പരിചയമുള്ള വഴിയൊക്കെ ഒരു വേദപുസ്തകം അന്വേഷിച്ചു. എന്നാൽ ലഭിച്ചില്ല. ഒരു അപേക്ഷ ഫാദറിന്റെ മുമ്പിൽ വയ്ക്കുകയാണ്. സാധിക്കുമെങ്കിൽ ഇതോടൊപ്പം ചേർക്കുന്ന അഡ്രസ്സിൽ വിശുദ്ധ വേദപുസ്തകത്തിന്റെ ഒരു കോപ്പി എനിക്ക് അയച്ചു തരുവാൻ സാധിക്കുമോ. അദ്ദേഹം നൽകിയ അഡ്രസ്സിൽ വിശുദ്ധ വേദപുസ്തകം അയച്ചുകൊടുത്തു. അദ്ദേഹത്തിന് ലഭിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം ഹൃദയത്തോട് ചേർത്ത് പിടിച്ച് അദ്ദേഹത്തിന് മുഖം കാണിക്കാതെ ഒരു ഫോട്ടോ അയച്ചു നൽകി. ഈ ഫോട്ടോ ഞാൻ കണ്ടപ്പോൾ ഒരു പുരോഹിതനായ എന്റെ ജീവിതത്തിൽ വിശുദ്ധ വേദപുസ്തകം ഇത്രയും സ്വാധീനം ചെലുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് മുൻപിൽ സ്തബ്ധനായി.

ഇന്ന് ഫോട്ടോ എടുക്കുവാൻ സ്റ്റുഡിയോയിൽ പോകേണ്ട ആവശ്യം ഇല്ലാതായിരിക്കുന്നു. സ്റ്റുഡിയോയി ൽ എടുക്കുന്ന ഫോട്ടോയുടെ മിഴിവിനേക്കാൾ ഏറെ വ്യക്ത മായി നമ്മുടെ മൊബൈൽ ക്യാമറകളിൽ ഈ ടെക്നോ ളജി ഇന്ന് സാധ്യമാണല്ലോ. എന്നാൽ ഇൻസ്റ്റാഗ്രാമിലും ഫേസ്ബുക്കിലും വാട്സ്ആപ്പിലും എല്ലാം നമ്മുടെ ചിത്രങ്ങൾകൊണ്ട് നിറയ്ക്കുവാൻ ഏറെ പരിശ്രമിക്കുന്നവരാണ് നാം. എന്നാൽ എവിടെയെങ്കിലും ഒരു വിശുദ്ധ വേദപു സ്തകം കയ്യിൽ പിടിച്ചു കൊണ്ടോ ഹൃദയത്തോട് ചേർത്തു പിടിച്ചു ഒരു ചിത്രം പോസ്റ്റ് ചെയ്യുന്ന ആരേയും ഇപ്പോൾ കാണാനില്ല. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി മലങ്കര സഭയുടെ സഭാരത്നം കാലംചെയ്ത ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഒരു കൈയ്യിൽ സ്ലീബായും മറ്റൊരു കയ്യിൽ വിശുദ്ധ വേദപുസ്തകവും പിടിച്ചുകൊണ്ട് നിൽക്കുന്ന ഒരു ചിത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമാത്രമാണ് ഒരു ഓർമ്മ. അഭിവന്ദ്യ തിരുമേനിയെ അറിയാവുന്നവർക്ക് ഏറെ വ്യക്തമാണ് അഭിവന്ദ്യ തിരുമേനി വിശുദ്ധ വേദപുസ്തകവും ദൈവവചനവും അദ്ദേഹത്തിന്റെ ജീവിതത്തിലും പ്രവർത്തിയിലും എങ്ങനെ പ്രാവർത്തികമാക്കി എന്നുള്ള സത്യം. അദ്ദേഹം അനേക കാര്യത്തിൽ നമുക്കേവർക്കും റോൾ മോഡൽ ആണെങ്കിലും വിശുദ്ധ വേദപുസ്തകം എങ്ങനെ ഉപയോഗിക്കണം എന്ന് ലോകത്തെ പഠിപ്പിച്ച ഒരു പിതാവെന്ന നിലയിൽ അഭിവന്ദ്യ തിരുമേനി വിശുദ്ധ വേദപുസ്തകം നമ്മുടെ ജീവിതത്തിൽ ഉപയോഗിക്കണം എന്ന തീരുമാനത്തോടെ കൂടി റോൾ മോഡൽ ആക്കുവാൻ നമുക്ക് സാധിക്കുമോ.

മൂന്ന് ആഴ്ചകൾക്ക് മുമ്പ് തമിഴ്നാട്ടിലെ തിരുപ്പൂരിൽ നിന്ന് മാതാപിതാക്കൾ 15 വയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയെ കൊണ്ട് സ്നേഹഭവനിൽ എത്തി. പഠിക്കുവാൻ മിടുക്കിയായ ഒരു പെൺകുട്ടി, എന്നാൽ ഒരു ദിവസം പ്രഭാതത്തിൽ അവളുടെ കാഴ്ച നഷ്ടപ്പെട്ടു. എം ആർഐ എടുത്ത് വെളിച്ചത്തിൽ അതിൽ അവളുടെ തലയിൽ ഒരു ട്യൂമർ എന്ന് ഉറപ്പിച്ചു. CMC ഹോസ്പിറ്റലിൽ ന്യൂറോ സർജറി വിഭാഗം ഡോക്ടർ ട്യൂമർ എടുത്തു മാറ്റുവാൻ തയ്യാറായി. എന്നാൽ അവളുടെ കാഴ്ച തിരികെ ലഭിക്കുമോ എന്ന് ഉറപ്പു പറയാൻ സാധിക്കുന്നില്ല എന്ന് കൂട്ടിച്ചേർത്തു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു കുടുംബം. ഈ മകൾക്ക് കാഴ്ച നഷ്ടപ്പെട്ടതോടൊപ്പം ഒപ്പം ശരീരത്തിലെ ഒരു വശത്തെ സെൻസേഷനും നഷ്ടപ്പെട്ടു. ഈ മകളുടെ സർജറി പൂർത്തീകരിച്ചു. അവർ മടങ്ങി പോകുന്നതിനു മുൻപായി അമ്മ എന്നെ കാണുവാൻ സ്നേഹഭവനിൽ എത്തി. ഈ അമ്മ ഒരു ആവശ്യം പറഞ്ഞു. ഫാദർ തമിഴ് ബൈബിൾ കിടക്കുമാ. ഞാൻ നിശബ്ദനായി കാരണം മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ബൈബി ൾ സ്നേഹഭവനിൽ ഉണ്ടായിരുന്നു. എന്നാൽ തമിഴ് വേദപുസ്തകം ഇല്ലായി രുന്നു. ഞാൻ മറുപടി പറഞ്ഞു തമിഴ് ബൈബിൾ ഇല്ല. മലയാളം ബൈബിൾ ഉണ്ട്. എന്നാൽ ആ അമ്മ വിശുദ്ധ വേദപുസ്തകം വച്ചിരുന്ന സ്ഥലത്ത് നിന്ന് ഒരു മലയാളം വേദപുസ്തകം എടുത്തു. എന്റെ മുൻപിൽ വന്നിട്ട് പറഞ്ഞു അയ്യ ഇതു പോതും. ഏതാനും ദിവസങ്ങൾക്ക് മുമ്പ് സ്നേഹഭവനിൽ തമിഴ് വേദപുസ്തകം എത്തി. ആദ്യം ഈ അമ്മയ്ക്ക് അയച്ചു കൊടുക്കുകയാണ് ചെയ്തത്. അത് അയച്ചിട്ടുണ്ട് എന്ന് വിളി ച്ചറിയിച്ചു. അമ്മ തിരികെ വിളിച്ചു. അതുവരെയും ഫോൺ സംഭാഷണം തുടങ്ങിയിരുന്നത് വണക്കം അയ്യാ എന്നായിരുന്നു എങ്കിൽ അന്ന് തുടങ്ങിയത് സ്തോത്രം അയ്യാ എന്നാണ്. തുടർന്ന് ആ അമ്മ പറഞ്ഞു ഇപ്പോൾ എന്റെ മകൾക്ക് ചെറിയ തോതിൽ കാണാൻ സാധിക്കുന്നുണ്ട്. അവളുടെ സെൻസേഷൻ ഇല്ലാതിരുന്ന ഭാഗത്ത് സ്പർശിച്ചു കഴിഞ്ഞാൽ അവർക്ക് തിരിച്ചറിയാൻ സാധിക്കുന്നുണ്ട്. ആ അമ്മയുടെ സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കാതെ വിങ്ങിപ്പൊട്ടി കരഞ്ഞു പറഞ്ഞു. *അയ്യാ എൻ യേസു വപ്പാവുക്ക് റൊമ്പ നട്രി. അയ്യാ നീങ്കക്കൊടുത്ത ബൈബിൾ പാപ്പാവുടെ കൈയ്യിൽ വച്ച് എന്നുമേ ജപം പണ്ണിയിരുക്ക്. എൻ യേസുവപ്പാവുക്ക് സ്തോത്രം.*

പ്രിയരെ ഈ അമ്മ മലയാളം വേദപുസ്തകം ഉപയോഗിച്ചിട്ടില്ല. എന്നാൽ ഈ അമ്മ ചെയ്തത് ആ മലയാളം വേദപുസ്തകം തന്റെ മകളു ടെ കയ്യിൽ പിടിപ്പിച്ചു യേശുവിനോട് പ്രാർത്ഥിച്ചു. നമ്മെ വി. വേദപുസ്തകത്തിലെ എത്ര വാകൃങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. എത്ര അധ്യായങ്ങൾ നമ്മെ സ്വാധീനിച്ചിട്ടുണ്ട്. എത്ര പുസ്തകങ്ങൾ നമ്മെ സ്വാധീനിച്ചിട്ടുണ്ട്. ഈ അമ്മ ഒരു സാക്ഷ്യം കൂടി നമുക്ക് നൽകുന്നുണ്ട്. വിശുദ്ധ വേദപുസ്തകം എന്ന ദൈവവചനം കയ്യിൽ പിടിച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ പോലും ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കും എന്ന സത്യം. സ്വയം പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു വിഷയമാണ്. നമ്മെ സംബന്ധിച്ച് ആരാധനാക്രമങ്ങളിൽ ഉള്ള പ്രാർത്ഥനകൾ കൃത്യമായി പൂർത്തീകരിക്കുന്നുണ്ട്. എങ്കിലും വിശുദ്ധ വേദപുസ്തക വായന നന്നേ കുറഞ്ഞിരിക്കുന്നു . ഇനിയെങ്കിലും വി. വേദപുസ്തക വായന / ധ്യാനം വളർത്തിയെടുക്കുവാൻ നം ശ്രമിക്കേണ്ടതുണ്ട് എന്നാണ് എന്റെ പക്ഷം. കാരണം ദൈവവചനം ഉപയോഗിക്കുമ്പോൾ നമ്മുടെ വാക്കിലും പ്രവർത്തിയിലും അത് തെളിഞ്ഞു വരുവാൻ തുടങ്ങും നാം അറിയാതെ. അങ്ങനെയെങ്കിൽ നമ്മുടെ ഇടയിൽ തർക്കങ്ങളും പ്രതിസന്ധികളും പ്രയാസങ്ങളും ദുരിതങ്ങളും രൂപപ്പെടുമ്പോൾ ദൈവവചനം നാം അറി യാതെ നമ്മുടെയിടയിൽ വ്യാപരിക്കുവാൻ തുടങ്ങും. അതിനാൽ പ്രതിസന്ധികൾ പരിഹരിക്കുവാൻ സാധിക്കും.

o


**65th Death Anniversary** **Fourth Death Anniversary**

(07-12-2021) (13-01-2022) (12-02-2022)







**CHANDY EASOW**

**T.E. MATHAI**

(Rtd. Supdt. District Agriculture Office, Idukki)

**MARIAMMA MATHEW**

(Rtd. HM, Govt. LPS, Vazhamuttam)

**CHUNDACKAMANNIL, MALLASSERY, PTA**

*With fond memories*

**CA. Jacob Mathew (Babu) & Family**
**Mrs. Lizy Babu & Family**

ദീർഘദർശിയും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനുമായ
പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച്



Mankoottathil Geevarghese
Memorial Charity Trust

KALLISSERY - CHENGANNUR

**E-mail:** nightingale_india@yahoo.com




കുടുംബ വിശേഷം 18

ജിജി ജോൺസൺ

# ഞാൻ കർത്താവിൽ ആനന്ദിക്കും...

കോവിഡാനന്തരനാളുകളെ പ്രതീക്ഷിച്ച് പലകണക്കുകൂട്ടലുകളും നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് വീണ്ടും അതിന്റെ പലവകഭേദങ്ങൾ നമ്മെ കീഴ്പ്പെടുത്തുന്നത്. മുൻകൂട്ടി തയ്യാറാക്കിയ പല ഔദ്യോഗിക അനൗദ്യോഗിക പരിപാടികളും താളംതെറ്റുന്നു. ഇത് നമ്മുടെ സന്തോഷത്തെ കെടുത്തുകയും ആശങ്കകളും ആകുലതകളും കൂട്ടുകയും ചെയ്യുന്നു. എന്തായാലും കുറെ നാളത്തേക്ക് ഈ വക വൈറസുകളെ ഒഴിവാക്കി ഒരുജീവിതം സാധിക്കുകയില്ല, മറിച്ച് അതിനോടൊത്ത് ജീവിതം പരിശീലിക്കേണ്ടിയിരിക്കുന്നു. ഇതുമായൊന്ന് സമരസപ്പെടണമെങ്കിൽ ഭയവും ആശങ്കകളും നമ്മിൽ നിന്നകന്നേ മതിയാവൂ. ഈ കാലഘട്ടത്തിൽ ഹബക്കൂക്ക് പ്രവാചകന്റെ വാക്കുകൾ ഇവിടെ ഏറെ അർഥവത്താണ്, '...എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും.....(3:18) അനീതി, അക്രമം, കലഹം, അസമാധാനം, അഴിമതി എല്ലാം നിറഞ്ഞ സമൂഹത്തിന്റെ നടുവിൽ നിന്നാണ് പ്രവാചകൻ യഹോവയോട് അപേക്ഷിക്കുകയും ഉത്തരം ലഭിക്കുകയും ചെയ്യുന്നത്. അത് വിശ്വാസത്തെ സ്ഥിരപ്പെടുത്താനും ദൈവത്തിലാണ് പൂർണ്ണ ആശ്രയമെന്ന് ബോധ്യപ്പെടാനും നാം ആയിരിക്കുന്ന അവസ്ഥയിൽ ആനന്ദം അനുഭവിക്കാനും സഹായിക്കുന്നു.

'ആനന്ദം' എന്ന വാക്കിന്റെ അർത്ഥം എന്താണ്? നാം കൂടുതലും ഉപയോഗിക്കുന്ന പദം 'സന്തോഷം'ആണല്ലൊ. ഈ രണ്ട് പദങ്ങളും മാറിമാറി ഉപയോഗിക്കുമെങ്കിലും യഥാർത്ഥത്തിൽ രണ്ടും രണ്ടർത്ഥമാണ് തരുന്നത്. പ്രധാന വ്യത്യാസം എന്താണെന്ന് നോക്കാം. നാം ആയിരിക്കുന്ന ചുറ്റുപാടിൽ സാഹചര്യത്തിനനുസരിച്ച് അനുഭവിക്കുന്ന വികാരമാണ് സന്തോഷം (happiness). സാഹചര്യം മാറിയാൽ സന്തോഷത്തിന്റെ അളവും മാറുന്നു. പ്രതികൂല സാഹചര്യത്തിൽ സന്തോഷം നഷ്ടപ്പെടുമെന്ന് മാത്രമല്ല നിരാശയിലേക്ക് എത്തിപ്പെടാനും സാധ്യതയുണ്ട്. സന്തോഷം മനസിന്റെ ഭാവമാണങ്കിൽ ആനന്ദം (joy) ആത്മാവിന്റെ അവസ്ഥയാണ്. സന്തോഷം ഭൗതിക സാഹചര്യങ്ങളിൽ ഉളവാകുന്നതാണെങ്കിൽ ആനന്ദം ധ്യാനാത്മകമായാണ് ലഭിക്കുന്നത്. സന്തോഷം ബാഹ്യമായുണ്ടാകുന്നതും ആനന്ദം അന്തരംഗത്തിൽ നിന്നുളവാകുന്നതുമാണ്. സന്തോഷം അല്പായുസാണെങ്കിൽ ആനന്ദം അനന്തമാണ്. ആനന്ദം ദൈവികമായ അനുഭവമാണ്. സാഹചര്യങ്ങൾ മാറിയാലും ജീവിതത്തിന്റെ അവസ്ഥകൾക്ക് മാറ്റംവന്നാലും ആത്മാവിന്റെ ഫലമായ ആനന്ദം നഷ്ടമാകില്ല. അത് ഏതുചുറ്റുപാടിനേയും പ്രതിരോധിക്കാനും അതിജീവിക്കാനും ജീവിതത്തിൽ അർഥം കണ്ടെത്താനും ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ട് പോകാനും സഹായിക്കുന്നു. ദൈവത്തോടുള്ള ആശ്രയ ബന്ധത്തിലാണ് ഈ ആനന്ദം ഉള്ളിൽ നിറയുന്നത്. സകലത്തിന്റേയും നിയന്ത്രണം അവിടുന്നാണെന്നുള്ള ബോധ്യം നമ്മെ ഭരിക്കുകയും ഏതവസ്ഥയിലും മുന്നോട്ട് പോകാനുള്ള ധൈര്യം അവിടുന്ന് തരികയും ചെയ്യും. ലഭിക്കുന്നതിന്റെ അളവ് കുറഞ്ഞാലും മനസ്സും തൃപ്തമാകുന്നു. ശാന്തതയുംപ്രത്യാശയും സമാധാനവും നാം അനുഭവിക്കാൻ തുടങ്ങുന്നു.

ആനന്ദം ലഭിക്കാനുള്ള എട്ട് മാർഗ്ഗത്തെ (8 pillars) കുറിച്ച് 'The book of joy' എന്ന പുസ്തകത്തിൽ ദലൈലാമ വിവരിക്കുന്നുണ്ട്. അവ ഇപ്രകാരമാണ്.

1. Perspective (കാഴ്ചപ്പാട്) : ഞാൻ, എന്റെ, എനിക്ക് എന്നതിൽ നിന്നും നമ്മൾ, നമ്മുടെ, നമുക്ക് എന്ന രീതിയിലുള്ള മുന്നേറ്റം ഉണ്ടാകണം. വ്യക്തികേന്ദ്രീകൃതമായി ചിന്തിക്കുന്നതിൽ നിന്നും മറ്റുള്ളവരെ ഉൾപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. 2. Humility (വിനയം) : മനുഷ്യൻ നിർമ്മിക്കപ്പെട്ടിരിക്കുന്നതു തന്നെ മണ്ണിൽ (humus) നിന്നാണ്. മണ്ണിലേക്കാണ് തിരികെ പോകേണ്ടതും. ഈയൊരു ചിന്ത നമ്മെ ഭരിച്ചാൽ വിനയം പരിശീലിക്കാനും ജീവിതം ലളിതമാക്കാനും സാധിക്കും. ഇത് ആനന്ദത്തിലേക്കുളള ഒരു വഴിയാണ്. 3. Humour (നർമ്മം) : ഉള്ളു തുറന്ന് ആത്മാർത്ഥമായി ചിരിക്കാൻ സാധിക്കണം. നമ്മിലുളള നർമ്മ ബോധം, സ്വയം ശാന്തമാകാനും മറ്റുള്ളവരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും സാധിക്കുന്നു. ചിരിക്കാനും ചിരിപ്പിക്കാനും സാധിക്കുന്നത് നല്ല ആരോഗ്യത്തെ പ്രദാനം ചെയ്യുന്നു. 4. Acceptation (സ്വീകാര്യത) : മറ്റുള്ളവരെ അംഗീകരിക്കാൻ സാധിക്കുമ്പോൾ നാം ആത്മീകമായി ഔന്നത്യം പ്രാപിക്കുകയാണ്. അംഗീകാരം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നാണല്ലോ. 5. Forgiveness ( ക്ഷമ): ഇതൊന്ന് മാത്രമാണ് മുറിവുകളെ സൗഖ്യമാക്കാനും വേദനകളെ മറക്കാനും സാധിക്കുന്ന മരുന്ന്. ക്ഷമ നമ്മുടെ മനസ്സിനെ അധമവികാരങ്ങളിൽ നിന്നും സ്വതന്ത്രമാക്കുന്നു. 6. Gratitude (നന്ദി) : ജീവിതം നമുക്ക് സമ്മാനിക്കുന്ന കഷ്ടതയുടേയും സന്തോഷത്തിന്റേയും അനുഭവങ്ങളിൽ നിന്നും നന്മയുടെ നിമിഷങ്ങളെ പുണരുക. ഓരോനിമിഷവും കൃതജ്ഞതയോടെ സ്മരിക്കുക. 7. Compassion (അനുകമ്പ) : നഷ്ടപ്പെട്ടുപോകുന്നവരെ ജീവിതത്തിന്റെ വഴിത്താരയിലേക്ക് മടക്കികൊണ്ടുവരുന്നതും, ദുഖിതർക്ക് സന്തോഷം പകർന്നുകൊടുക്കാനാവുന്നതും ആനന്ദത്തിന്കാരണമാകുന്നു. മറ്റൊരാൾക്ക് നാം പ്രയോജനമുളളവരാകുന്ന സ്വന്തം ദുഖങ്ങളെ ഇല്ലായ്മ ചെയ്യാൻ സാഹായിക്കുകയും ജീവിതം അർഥവത്തായി തീരുകയുംചെയ്യുന്നു. 8. Generosity (ഉദാരമനസ്കത): നമുക്കുള്ളത് മറ്റുള്ളവർക്ക് നൽകാനും നമുക്കാവശ്യമായവ മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാനും കഴിയുന്നത് പ്രകൃതിയിലെ ഊർജ്ജസംരക്ഷണ നിയമമാണല്ലോ. ഉദാരമനസ്കരായിരിക്കുന്നത് ആരോഗ്യത്തെ ഉത്തേജിപ്പിക്കുകയും ആയുസ് വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് ന്യൂറോസയൻസും സമർത്ഥിക്കുന്നു.

ആനന്ദത്തിന്റെ ഈ 8 തൂണുകളും പൊതുവായി കാണിക്കുന്നത് നാം ഒറ്റക്കല്ല, മറ്റുള്ളവരെ കൂടി കരുതണമെന്നാണ്. ആനന്ദം ലഭിക്കുന്നത് കൂട്ടായ്മയിലാണ്, പങ്കുവെക്കുമ്പോഴാണ്, വേദനകളിൽ ആശ്വാസം പകരുമ്പോഴാണ്. എന്നാൽ ഇന്ന് സന്തോഷത്തിന്റെ അളവുകോലായി കരുതുന്ന സമ്പത്ത്, ഭൗതികനേട്ടങ്ങൾ, ആരേയും അസൂയപ്പെടുത്തുന്ന വളർച്ച എല്ലാമാണ്. ഈ സാഹചര്യങ്ങളിൽ അപ്രതീക്ഷിതമായി മാറ്റമുണ്ടായാൽ സന്തോഷം നഷ്ടപ്പെടുകയും നിരാശയിലേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നു. സന്തോഷവും സമാധാനവും വരേണ്ടത് ചുറ്റുപാടുകളിൽ നിന്നോ ഭൗതിക സാഹചര്യങ്ങളിൽ നിന്നോ അല്ല, എല്ലാം നിയന്ത്രിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ നിന്നാണെന്ന ബോദ്ധ്യവും വിശ്വാസവുമുണ്ടെങ്കിൽ ഏതുമഹാമാരിയായാലും പ്രതിസന്ധിയായാലും ദൈവവുമായുളള ബന്ധത്തേയോ അവിടുന്ന് തരുന്ന ആനന്ദത്തേയോ നശിപ്പിക്കാനാവില്ല.

പ്രവാചകൻ ഓർമ്മിപ്പിക്കുന്നതുപോലെ "അത്തിവൃക്ഷം തളർക്കുന്നില്ലെങ്കിലും; മുന്തിരിവള്ളിയിൽ ഫലങ്ങൾ ഇല്ലെങ്കിലും; ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും; വയലിൽ ധാന്യം വിളയുന്നില്ലെങ്കിലും; ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നറ്റു പോയാലും; ഗോശാലകളിൽ കന്നുകാലി ഇല്ലാതായാലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (ഹബക്കൂക് 3 : 17,18).




# ആരാധനാ കലണ്ടർ

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

സുറിയാനി പാരമ്പര്യത്തിൽ സാധാരണ (ശ്ഹീമ) നമസ്കാരത്തിന്റെ മുഖവുരയിലും പെങ്കീസാ നമസ്കാരത്തിന്റെ ആമുഖത്തിലും ആരാധനാകാലങ്ങളുടെ പ്രത്യേക വിഭജനം പ്രതിപാദിക്കുന്നില്ല. വേദവായനക്കുറിപ്പിലും പ്രത്യേക കാലങ്ങളായുള്ള വിഭജനം കാണുന്നില്ല. സമയത്തിന്റെ വേദശാസ്ത്ര (Theology of time) വീക്ഷണത്തിൽ പൗരസ്ത്യ സഭ അവലംബിച്ചിരിക്കുന്ന സമീപനം ആയിരിക്കാം ഇതിന്റെ കാരണം.

മനുഷ്യാവതാര മഹനീയ സംഭവത്തിലൂടെ യേശുക്രിസ്തു 'സമയത്തെ' ശുദ്ധീകരിച്ചു. പ്രകൃതിശക്തികളെ നിയന്ത്രിച്ചുകൊണ്ട് (വി. ലൂക്കോ. 23:44, വി. മത്തായി 27:52) സമയത്തിന്റെ അതിർത്തികളെ അതിജീവിച്ചു. യേശുക്രിസ്തുവിന്റെ പുനരുത്ഥാനവും പ്രത്യക്ഷപ്പെടീലും രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള പ്രഖ്യാപനവും 'സമയത്തിന്' അപ്പുറമായ നിത്യതയെ വ്യക്തമാക്കുന്നു.

സമയത്തിന്റെ ശുദ്ധീകരണം, സമയത്തിന്റെ നിയന്ത്രണത്തിന്മേലുള്ള വിജയം, സമയത്തിന് ഉപരിയായിട്ടുള്ള നിത്യതയുടെ പ്രത്യാശ എന്നീ ത്രിവിധ മാനങ്ങളിലാണ് സുറിയാനി പാരമ്പര്യത്തിൽ ആരാധന ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ആരാധന സമയബന്ധിതം അല്ല; സമയത്തിന് അപ്പുറമായ നിത്യതയുടെ മുൻ ആസ്വാദനം ആണ്.

ഒരു ദിവസത്തെ ഏഴു യാമങ്ങളായി കണക്കാക്കി ഓരോ യാമത്തിലും പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. സന്ധ്യ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാംമണി, ആറാം മണി (ഉച്ച), ഒമ്പതാംമണി എന്നിവയാണ് ഏഴ് യാമങ്ങൾ. കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ ഏഴു ഘട്ടങ്ങളോട് ബന്ധപ്പെടുത്തി യാമനമസ്കാരത്തെ വിശദീകരിക്കുന്നുണ്ട്. രാത്രി: കർത്താവിന്റെ ഗത്സമനയിലെ പ്രാർത്ഥനയും തുടർന്ന് പടയാളികൾ ബന്ധിക്കുന്നതും. പ്രഭാതം: യേശുവിന്റെ വിവിധ ഘട്ടങ്ങളായുള്ള വിസ്താരം. മൂന്നാം മണി: പീലാത്തോസ് യേശുവിനെ ക്രൂശിൽ തൂക്കുവാൻ വിധിക്കുന്നു. ആറാം മണി (ഉച്ച): യേശുവിന്റെ ക്രൂശീകരണം. ഒമ്പതാംമണി: യേശു പ്രാണനെ പിതാവിങ്കൽ ഭരമേല്പിച്ച് തല ചായ്ച്ച് മരിക്കുന്നു. സന്ധ്യ: യൗസേഫും നിക്കോദിമോസും കൂടി യേശുവിനെ കുരിശിൽ നിന്നിറക്കുന്നു. സൂത്താറ: യേശുവിന്റെ കബറടക്കം

കാർഷികജീവിതവുമായി ബന്ധപ്പെടുത്തി യാമപ്രാർത്ഥനകളെ വിശദീകരിക്കുന്ന രീതിയും ഉണ്ട്. സന്ധ്യ-നിലം ഒരുക്കൽ; സൂത്താറ-വിത; രാത്രി -കളകളിൽനിന്ന് വിത്തിന് നൽകുന്ന സംരക്ഷണം; പ്രഭാതം-കൊയ്ത്ത്; മൂന്നാം മണി-മെതിക്കൽ; ആറാം മണി - ശേഖരണം; ഒമ്പതാംമണി-ദാനധർമ്മങ്ങൾക്കായുള്ള ആദ്യഫലം. ശ്ഹീമ നമസ്കാരത്തിന്റെ മുഖവുരയിൽ ബാഹ്യവും ആന്തരികവുമായ പത്ത് ഇന്ദ്രിയങ്ങളുടെ സ്ഥാനത്തേക്ക് രാത്രി പ്രാർത്ഥനയുടെ നാലു യാമങ്ങളുംകൂടി ക്രമീകരിച്ചിരിക്കുന്ന പത്തു പ്രാർത്ഥനകളായി വിശദീകരിക്കുന്നു.

ഓരോ ദിവസത്തെയും യാമപ്രാർത്ഥനകളുടെ ഉള്ളടക്കം വിചിന്തനം ചെയ്യുമ്പോൾ പ്രത്യേക ധ്യാനവിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നതായി കാണുന്നു.

സന്ധ്യ പ്രപഞ്ചോല്പത്തിയെക്കുറിച്ചും സ്രഷ്ടാവായ ദൈവത്തെക്കുറിച്ചും സൃഷ്ടിയുടെ സൗന്ദര്യത്തെക്കുറിച്ചും വർണ്ണിക്കുന്നു. സൂത്താറയുടെ പ്രധാന പ്രമേയം അനുതാപമാണ്. കർത്താവിന്റെ മനുഷ്യാവതാര വ്യാപാരം, വി. ദൈവമാതാവ്, പ. സ്ലീബ, പരിശുദ്ധന്മാർ, വിശ്വാസികളായ വാങ്ങിപ്പോയവർ എന്നീ വിഷയങ്ങൾ രാത്രിപ്രാർത്ഥനയിലെ പ്രത്യേക കൗമാകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രഭാതം പുതിയ സൃഷ്ടിയെയും കർത്താവിന്റെ പുനരുത്ഥാനത്തെയും വിഷയീഭവിക്കുന്നു. മൂന്നാം മണിയിൽ തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ അനുതാപത്തിന്റെയും ബുധനാഴ്ച ദൈവമാതാവിന്റെയും വെള്ളിയാഴ്ച സ്ലീബായുടെയും ശനിയാഴ്ച വാങ്ങിപ്പോയ പുരോഹിതരുടെ ഓർമ്മയുമാണ് ധ്യാനവിഷയങ്ങളായി നൽകിയിരിക്കുന്നത്.

ആറാം മണി ദൈവമാതാവ്, പരിശുദ്ധന്മാർ, വാങ്ങിപ്പോയവർ എന്നിങ്ങനെ പൊതുവായും ഒമ്പതാം മണി വാങ്ങിപ്പോയവർക്കുംവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയായും ക്രമീകരിച്ചിരിക്കുന്നു.

പ്രതിദിന പ്രാർത്ഥനാക്രമത്തെ ശ്ഹീമോ (സാധാരണ) നമസ്കാരം എന്നറിയപ്പെടുന്നു. തിങ്കൾ സന്ധ്യ മുതൽ ശനിയാഴ്ച ഒമ്പതാംമണി വരെയാണ് ഈ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്. ഞായറാഴ്ചകളുടെയും പെരുന്നാളുകളുടെയും പ്രാർത്ഥനാക്രമം, 'പെങ്കീസ' (പുസ്തകം, പുസ്തക വിഭാഗം, വാല്യം) എന്ന പേരിൽ അറിയപ്പെടുന്നു. പെങ്കീസ ക്രമത്തിലെ പ്രമേയങ്ങളും ഘടനയും സാധാരണ (ശ്ഹീമോ) നമസ്കാരക്രമത്തിൽനിന്നും വ്യത്യസ്തമാണ്.

'പെങ്കീസ' (ഞായറാഴ്ചകളുടെയും പെരുന്നാളുകളുടെയും പ്രാർത്ഥനാക്രമം) ആരംഭിക്കുന്നത് കൂദോശ് ഈത്തോ ഞായറാഴ്ച മുതലാണ്. എല്ലാ വർഷവും ഒക്ടോബർ 30നോ അതിനു ശേഷമോ വരുന്ന ആദ്യത്തെ ഞായറാഴ്ചയാണ് കൂദോശ് ഈത്തോ.

കർത്താവിനടുത്ത (മോറാനായ) പെരുന്നാളുകളെ കേന്ദ്രീകരിച്ചാണ് കൂദോശ് ഈത്തോ ഞായറാഴ്ച മുതൽ ആരംഭിക്കുന്ന പ്രതിവർഷ ആരാധനാ കലണ്ടർ ക്രമീകരിച്ചിരിക്കുന്നത്. യൽദോ, ദനഹ, കൃംതാ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ, സ്ലീബാ എന്നീ മാറാനായ പെരുന്നാളുകളും, ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാളും ആരാധനാകലണ്ടറിലെ പ്രധാന സംഭവങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

മലങ്കരസഭ ഇപ്പോൾ പിന്തുടരുന്ന ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ച് യൽദോ (കർത്താവിന്റെ ജനനപ്പെരുന്നാൾ) ഡിസംബർ 25നും, ദനഹ-ജനുവരി ആറ് ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഓഗസ്റ്റ് 15നും, സ്ലീബാ പെരുന്നാൾ, സെപ്റ്റംബർ 14നും സ്ഥിരനിർണ്ണയപ്പെടുത്തിയിരിക്കുന്നു. 1953 മെയ് 14 സ്വർഗ്ഗാരോഹണ പെരുന്നാൾ മുതൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 59/16.4.53 കല്പന പ്രകാരം മലങ്കരസഭ ഗ്രിഗോറിയൻ കലണ്ടർ അംഗീകരിച്ച് പിന്തുടരുന്നു. (എ.ഡി. 325ൽ നിഖ്യാ സുന്നഹദോസ് അംഗീകരിച്ച 'ജൂലിയൻ കലണ്ടർ' ബി.സി. 46ൽ റോമൻ ചക്രവർത്തി ജൂലിയസ് സീസർ ക്രമീകരിച്ചതാണ്. പ്രസ്തുത കലണ്ടർ അനുസരിച്ച് ഒരു വർഷത്തിൽ 365.25 ദിവസങ്ങളാണ്. സൗകര്യത്തിനുവേണ്ടി ഒരു വർഷത്തെ 365 ദിവസങ്ങളായും നാലാം വർഷത്തെ 366 ദിവസങ്ങളുള്ള അതിവർഷമായും (Leap Year) ക്രമീകരിച്ചു. ജൂലിയൻ കലണ്ടർ പഴയ റോമൻ കലണ്ടറിന്റെ പരിഷ്കരിച്ച രൂപമായിരുന്നു. 1582-ൽ പോപ്പ് ഗ്രിഗറി ജൂലിയൻ കലണ്ടറിനെ, ഭൂമി സൂര്യനെ ഒരു പ്രാവശ്യം ചുറ്റുവാൻ എടുക്കുന്ന കൃത്യമായ സമയത്തിന് (365 ദിവസം, അഞ്ചു മണിക്കൂർ, 59 മിനിറ്റ്, 16 സെക്കന്റ്) (365.24219 ദിവസങ്ങൾ) അനുസ

രിച്ച് വീണ്ടും പരിഷ്കരിച്ചു. ഇതിനെ 'ഗ്രിഗോറിയൻ കലണ്ടർ' എന്നറിയപ്പെടുന്നു. ഇന്ന് പൊതുവിൽ ഉപയോഗിക്കുന്നത് ഗ്രീഗോറിയൻ കലണ്ടറാണ്. എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് സഭയും ഏതാനും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ജൂലിയൻ കലണ്ടർ പിന്തുടരുന്നു. ജൂലിയൻ കലണ്ടറും ഗ്രീഗോറിയൻ കലണ്ടറും തമ്മിൽ 13 ദിവസങ്ങളുടെ വ്യത്യാസം ഉണ്ട്.)

ഉയിർപ്പ് പെരുന്നാളിന്റെ തീയതി അനുസരിച്ച് വലിയനോമ്പാരംഭം, പെസഹ, ദുഃഖവെള്ളി, സ്വർഗ്ഗാരോഹണം, പെന്തിക്കോസ്തി തുടങ്ങിയ പെരുന്നാളുകൾക്ക് ഓരോ വർഷവും തീയതികളിൽ മാറ്റം സംഭവിക്കുന്നു. മാർച്ച് മാസത്തിൽ വരുന്ന വസന്ത വിഷുവിന് (Spring Equinox) ശേഷം വരുന്ന വെളുത്ത വാവ് (Full Moon) കഴിഞ്ഞ് വരുന്ന ആദ്യ ഞായറാഴ്ചയാണ് ഉയിർപ്പ് ഞായറാഴ്ചയായി ഗണിക്കുന്നത്. വസന്തവിഷുവിന് ശേഷം വരുന്ന വെളുത്തവാവ് ഒരു ഞായറാഴ്ച ആണെങ്കിൽ അതിന് ശേഷം വരുന്ന ഞായറാഴ്ചയായിരിക്കും ഉയിർപ്പ് ഞായറാഴ്ചയായി കണക്കാക്കുന്നത്. പ്രസ്തുത തീരുമാനം എ. ഡി. 325ൽ കൂടിയ നിഖ്യാ സുന്നഹദോസിലാണ് നിജപ്പെടുത്തിയത്. നിഖ്യാ സുന്നഹദോസിന്റെ സമയത്ത് ജൂലിയൻ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് ഉയിർപ്പ് പെരുന്നാളിന്റെ ഗണനപ്രക്രിയ നിർവ്വഹിച്ചത്. എന്നാൽ ഇന്ന് ജൂലിയൻ കലണ്ടർ പിന്തുടരുന്നവരും ഗ്രീഗോറിയൻ കലണ്ടർ പിന്തുടരുന്നവരും ഒരു വർഷത്തിൽ വ്യത്യസ്ത തീയതികളിൽ ഉയിർപ്പ് പെരുന്നാൾ ആചരണം നടത്തുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെയും ഏതാനും ഓറിയന്റൽ സഭകളുടെയും നോമ്പാചരണത്തിന്റെയും ഉയിർപ്പ് പെരുന്നാളിന്റെയും തീയതിയും മലങ്കര സഭ പിന്തുടരുന്ന ഗ്രീഗോറിയൻ കലണ്ടറിന്റെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന തീയതിയും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം മേൽ വിവരിച്ചതാണ്.

മൂന്നുനോമ്പും വലിയനോമ്പും ഹാശാആഴ്ചയും ഉയിർപ്പ് ഞായറാഴ്ചയ്ക്കുശേഷം വരുന്ന ഒരാഴ്ചയും (ഹേവോറാ ദിനങ്ങൾ) പുതുഞായറാഴ്ചയും ആരാധനാവർഷത്തിൽ പ്രത്യേക പ്രാധാന്യത്തോടെ സജ്ജീകരിച്ചിരിക്കുന്നു. വേദവായനക്കുറിപ്പിൽ ഈ ക്രമീകരണം വ്യക്തമായി നിഴലിക്കുന്നു.

മൂന്നുനോമ്പിലും വലിയനോമ്പിലും ശനിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിലേക്ക് (തിങ്കൾ മുതൽ വെള്ളി വരെ) പ്രത്യേക നമസ്കാരം ക്രമപ്പെടുത്തിയിരിക്കുന്നു. 'അനുതാപത്തിൽ' കേന്ദ്രീകരിച്ചുള്ള നോമ്പിലെ ധ്യാനവിഷയങ്ങളാണ് യാമനമസ്കാരങ്ങളിൽ കാണുന്നത്. നമസ്കാരത്തിന്റെ ഘടനയും 'നോമ്പിന്റെ നമസ്കാരത്തിൽ' വ്യത്യാസം ഉണ്ട്. സാധാരണ നമസ്കാരത്തിൽ നിന്നും നോമ്പിന്റെ നമസ്കാരത്തിൽ നിന്നും വ്യത്യസ്തമായ ഘടനയും പ്രമേയവുമാണ് 'ഹാശാ ആഴ്ച' (ഹാശാ തിങ്കൾ മുതൽ ദുഃഖശനിയാഴ്ച ഒമ്പതാം മണിവരെ) നമസ്കാരത്തിന് ക്രമീകരിച്ചിരിക്കുന്നത്. ഹാശാ ആഴ്ചയിലെ 'ക്രമ'വും 'കൗമ'യും പ്രത്യേകം ക്രമീകരിച്ചിരിക്കുന്നു.

ചുരുക്കത്തിൽ ഇന്ന് മലങ്കര സഭയിൽ ഉപയോഗത്തിൽ ഇരിക്കുന്ന പ്രതിവർഷ ആരാധനയിൽ സാധാരണ നമസ്കാരം (ശ്ഹീമോ) ഞായറാഴ്ചകളുടെയും പെരുന്നാളുകളുടെയും പ്രാർത്ഥനാക്രമം (പെങ്കീസ) നോമ്പിലെ നമസ്കാരം (മൂന്നുനോമ്പും, അമ്പതുനോമ്പും) ഹാശാ ആഴ്ചയിലെ നമസ്കാരക്രമം എന്നീ നാലു ക്രമങ്ങൾ ഉണ്ട്. (വൈദികരും സന്യസ്തരും ഉപയോഗിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കാനോന നമസ്കാരം, രഹസ്യപ്രാർത്ഥനകൾ, പ്രത്യേക സന്ദർഭങ്ങളിലേക്കുള്ള പ്രാർത്ഥനകൾ എന്നിവയും സുറിയാനി പാരമ്പര്യത്തിൽ ഉൾപ്പെടുന്നു.

ആണ്ടടക്കമുള്ള നമസ്കാരക്രമങ്ങളിലെ പ്രാർത്ഥനാ അനുഭവവും വേദവായനക്കുറിപ്പിലെ പ്രധാന സംഭവങ്ങളും അവയിലൂടെ ലഭിക്കുന്ന ആരാധനാജീവിതവും സമന്വയിപ്പിച്ച് ആത്മീക വളർച്ചയും ദൈവീകരണവും പ്രാപിക്കുകയെന്നതാണ് മലങ്കര സഭ ഉപയോഗിക്കുന്ന സുറിയാനി ആരാധനാ കലണ്ടറിന്റെ ഉദ്ദേശ്യവും ലക്ഷ്യവും.

ആരാധനാകലണ്ടറിനെ കാലങ്ങളും ഉപകാലങ്ങളുമായി വിഭജിക്കുന്ന രീതി, ലത്തീൻ, ഗ്രീക്ക് പാരമ്പര്യങ്ങളിൽ കാണുന്നു. പ്രസ്തുത ആരാധനാപാരമ്പര്യങ്ങളുടെ സ്വാധീനത്തിൽ സുറിയാനി വേദവായനക്കുറിപ്പ് അടിസ്ഥാനമാക്കി സൂബോറോ, ദനഹ, വലിയനോമ്പ്, ക്യംതാ, പെന്തിക്കോസ്തി, മറുരൂപം, സ്ലീബാ എന്നീ ഏഴു കാലങ്ങളായി വിഭജിച്ച് വിശദീകരിക്കുന്ന രീതി ഇന്ന് കണ്ടുവരുന്നു. പഠനത്തിന് ഈ രീതി പ്രയോജനപ്പെടുത്താവുന്നതാണ്. ഗ്രീക്കു പാരമ്പര്യത്തിൽ ആരാധനാകാലത്തിനനുസൃതമായ ആരാധനാവസ്ത്രങ്ങളുടെ നിറങ്ങളും പ്രതിപാദിക്കുന്നുണ്ട്. ഹാശാ ആഴ്ചയിലെ 'കറുപ്പ്' നിറം ആരാധനാവസ്ത്രങ്ങൾക്ക് നിർദ്ദേശിക്കുന്നതൊഴികെ സുറിയാനി പാരമ്പര്യത്തിൽ ഓരോ കാലത്തിനും പ്രത്യേക ആരാധനാവസ്ത്രത്തിന്റെ നിറം നിർദ്ദേശിക്കുന്നതായി കാണുന്നില്ല. എന്നാൽ ഈ വിഭജനം അത്യന്തികമായി കർശനപ്പെടുത്തി വിശകലനം ചെയ്യുന്നതിൽ അപാകത കാണുന്നു. ഒന്നാമത് ആരാധന സമയബന്ധിതമായ ഒരു കർമ്മം അല്ല. സമയത്തിന് ഉപരിയായ നിത്യതയാണ് ആരാധനയുടെ പ്രധാന പ്രമേയം. രണ്ടാമത് ആരാധന ഒരു ഉപാസനാരീതിയോ (cult) പ. സഭ ഒരു ഉപാസനാ സമിതിയോ (cultic group) അല്ല. പ. സഭ മശിഹാ എന്ന തലയോളം വളരുവാൻ (എഫേ. 4:15) കർത്താവ് തെരഞ്ഞെടുത്ത തന്റെ ശരീരവും മണവാട്ടിയുമാണ്.

പെരുന്നാളുകളുടെയും ഞായറാഴ്ചകളുടെയും പ്രാർത്ഥനാക്രമം (പെങ്കീസ) വേണ്ടവിധം മലങ്കരസഭയിൽ ഉപയോഗത്തിൽ വന്നിട്ടില്ല. ആരാധനാകലണ്ടറിന്റെയും സുറിയാനി പാരമ്പര്യത്തിൽ ആരാധനയുടെ അർത്ഥതലം വിശദീകരിക്കുന്ന സന്ദർഭങ്ങളിലും ഈ അപര്യാപ്തത പ്രതിഫലിക്കുന്നുണ്ട്. ആരാധനാകലണ്ടറിന്റെ പ്രധാന സന്ദർഭങ്ങൾ ഞായറാഴ്ചകളും പെരുന്നാളുകളുമാണ്. വേദവായനകുറിപ്പിലൂടെ പ്രസ്തുത സന്ദർഭങ്ങളുടെ ആശയം വേദപുസ്തകാടിസ്ഥാനത്തിൽ ലഭിക്കുന്നു. പെങ്കീസായിൽനിന്ന് വിവർത്തനം ചെയ്തിട്ടുള്ള ഗദ്യപ്രാർത്ഥനകൾ (പ്രാരംഭപ്രാർത്ഥന, പ്രൊമിയോൻ, സെദറ, എത്രോ, ഹൂത്തോമോ) ഓരോ ഞായറാഴ്ചയുടെയും പെരുന്നാളുകളുടെയും ആത്മീയ അർത്ഥം വിശദീകരിക്കുന്നു. പെങ്കീസ നമസ്കാരക്രമത്തിലെ പദ്യഭാഗം മാത്രമാണ് ഇന്ന് ഉപയോഗത്തിൽ ഇല്ലാത്തത്. സുറിയാനി പാരമ്പര്യത്തിലെ വിവിധ സഭകളുടെ താരതമ്യപഠനത്തിൽ നമസ്കാരക്രമവും ഘടനയും ഫലപ്രദമായി ഉപയോഗിക്കുന്നവരിൽ ശ്രദ്ധേയമായ നിരയിലാണ് മലങ്കരസഭയുടെ സ്ഥാനം.

ഓരോ വിശുദ്ധ കുർബ്ബാനയും കർത്താവിനോടുകൂടെയുള്ള സ്വർഗ്ഗീയ വിരുന്നിന്റെ മുന്നാസ്വാദനം വർത്തമാനകാലചരിത്രസമയത്ത് വിശ്വാസിക്ക് അനുഭവവേദ്യമാക്കുന്നു. എല്ലാ നമസ്കാരങ്ങളുടെയും ലക്ഷ്യം ഇതുതന്നെയാണ്. ചരിത്രത്തിലെ സമയത്തെ അനുനിമിഷം ശുദ്ധീകരിച്ച് ചരിത്രത്തിന്റെയും സമയത്തിന്റെയും പൂർത്തീകരണമായ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലേക്ക് വിശ്വാസ സമൂഹത്തെ ഒരുക്കുകയാണ് ആരാധനയുടെ ലക്ഷ്യം.

ഞായറാഴ്ച-സമയത്തെ അതിജീവിച്ച കർത്താവിന്റെ പുനരുത്ഥാന ദിവസമാണ്. ഒന്നാം ദിവസം മുതൽ ഏഴാം ദിവസമായ ശാബത് വരെ സമയബന്ധിതമായ ആഴ്ചവട്ടമാണ്. പുനരുത്ഥാന ദിനമായ ഞായറാഴ്ച പ്രസ്തുത ആഴ്ചവട്ടത്തിന് അപ്പുറമായ 'എട്ടാം ദിവസം' ആണ്. 'എട്ടാം നാൾ' മശിഹാ കാലത്തിന്റെ സമാരംഭവും നിത്യതയിലേക്കുള്ള പ്രവേശനകവാടവുമാണ്. ഗണനത്തിനും വിചിന്തനത്തിനും അതീതമായ 'നിത്യതയുടെ' അച്ചുതണ്ടിലാണ് സുറിയാനി ആരാധനാകലണ്ടറും സമയക്രമീകരണവും പരിക്രമണം ചെയ്യുന്നത്.

**BRIDEGROOM WANTED**

Orthodox Christian parents invite proposal for their daughter MA, B.Ed (English Literature), 28 yrs/165, born and brought up in Mumbai, presently working in a reputed school in Mumbai, from parents of well educated, employed boys.

Contact No.:

**9819139256 / 9820963050**

**BRIDE WANTED**

ഓർത്തഡോക്സ് യുവാവ്, 34/167, കൊല്ലം സ്വദേശി, ഇന്ത്യൻ റെയിൽവേയിൽ സ്റ്റാഫ് നഴ്സ് ആയി ജോലി ചെയ്യുന്നു. അനുയോജ്യരായ കുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു.

Contact No:

**9447980011**

**BRIDEGROOM WANTED**

Orthodox parents invite proposal from God fearing boys for their daughter 27/155 cm M.com, pursuing CA and currently working as senior associate in M N C (Infopark Kochi). Prefer families with more than one boy.

Contact No.:

**+918921097822**

**BRIDE WANTED**

ഓർത്തഡോക്സ് യുവാവ് 30/175, BCom, ദുബായിയിൽ Accountant cum Administrator. UAE യിൽ ജോലിയുള്ളതോ, ജോലി സാധ്യതയുള്ളതോ ആയ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**M4 ID - 4953385**

**WhatsApp UAE No. +971 50 105 0790**

## വസ്തു വില്പനയ്ക്ക്

കോട്ടയം കാനം സി.എം.എസ് ഹൈസ്കൂളിന് സമീപം കൃഷി, വീട് നിർമ്മിതി ഇവയ്ക്ക് അനുയോജ്യമായ വറ്റാത്ത ജലലഭ്യത, റോഡ്, ത്രീഫേസ് വൈദ്യുതി സൗകര്യമുള്ള 96 സെന്റ് ഭൂമി പ്ലോട്ടുകളായും, അല്ലാതെയും വില്പനയ്ക്ക്. ഭവനദാന പ്രോജക്ടുകളുള്ള പള്ളികൾക്കും, സംഘടനകൾക്കും പരിഗണന.

ബന്ധപ്പെടുക: **+919744848482**
**jacob.marian@gmail.com**

**BRIDE WANTED**

Middle class Orthodox parents invite proposals from families of god fearing and employed girls for their son 28 years/170 cm (B.Sc HDC) working in a co-operative institution in Kottayam.

Contact No.:

**9446038749**

# മലങ്കര അസോസിയേഷൻ : ഓൺലൈൻ ക്രമീകരണങ്ങൾക്കായി കോർ കമ്മറ്റിയെ നിയമിച്ചു

**കോട്ടയം:** ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ ഓൺലൈൻ ക്രമീകരണങ്ങൾ സംബന്ധിച്ച മുന്നൊരുക്കങ്ങൾ ആരംഭിച്ചു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമുള്ള പക്ഷം ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യ ഉപയോഗിച്ച് യോഗത്തിന്റെ നടത്തിപ്പും വോട്ടിങ്ങും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾക്കായി ചീഫ് റിട്ടേണിംഗ് ഓഫീസർ ഡോ. സി. കെ. മാത്യു ഐ.എ.എസിന്റെ നേതൃത്വത്തിലുള്ള കോർ കമ്മിറ്റിയെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. ഫാ. ഡോ. എം. ഒ. ജോൺ, അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. അനിഷ് കെ. സാം, ഫാ. അലക്സാണ്ടർ ജെ. കുര്യൻ, ഫാ. മാത്യു കോശി, റോണി വർഗീസ്, തോമസ് ജോർജ്, അജു എബ്രഹാം മാത്യു, അലക്സ് എം. കുര്യാക്കോസ്, ഡോ. വിപിൻ കെ. വറുഗീസ് എന്നിവരാണ് കമ്മറ്റി അംഗങ്ങൾ.

*For Favours Received*



ഒരു വിശ്വാസി

*For Favours Received*



ഒരു വിശ്വാസി, കൊട്ടാരക്കര

ഭർത്താവിന്റെ അപ്രതീക്ഷിതമായ വേർപാട് അറുപതുകാരിയായ ആ വീട്ടമ്മയ്ക്ക് താങ്ങാനാവുന്നതിൽ ഏറെയായിരുന്നു. ദൂരെയായിരുന്ന മക്കളും കൊച്ചുമക്കളും ഒക്കെ അവരവരുടെ സ്ഥലങ്ങളിലേക്ക് തിരികെ പോയി. അമ്മ കൂടെ വന്ന് താമസിക്കുവാൻ ഓരോരുത്തരും നിർബ്ബന്ധിച്ചു. "നാല്പതു വർഷമായി താൻ ജീവിക്കുന്ന വീടും പരിസരവും വിട്ട് ഒരിടത്തേക്കുമില്ല, എനിക്ക് തീരെ വയ്യാതായാൽ ആരുടെയെങ്കിലും കൂടെ എന്നെ കൊണ്ടു പൊയ്ക്കോളൂ" എന്ന നിലപാടിനെ ബഹുമാനിക്കാതെ മക്കൾക്കും നിവൃത്തിയുണ്ടായിരുന്നില്ല. കഴിഞ്ഞ ഒരു വർഷമായി ഗ്രേസിക്കുട്ടിയും വീട്ടുജോലിയിൽ സഹായിക്കുന്ന അയൽപക്കത്തെ ചേടത്തിയും മാത്രമാണ് ആ വീട്ടിൽ . വിശപ്പില്ലായ്മ, ക്ഷീണം, മലബന്ധം, ശരീരത്തിനാകെ പുകച്ചിൽ എന്നിങ്ങനെയുള്ള രോഗലക്ഷണങ്ങളുമായി കഴിഞ്ഞ ആറുമാസമായി ഗ്രേസിക്കൊച്ചമ്മ കയറി ഇറങ്ങാത്ത ആശുപത്രികളില്ല, ചെയ്യാത്ത പരിശോധനകളില്ല. കോവിഡ് കാരണം മക്കൾക്കാർക്കും വരാനും നിവൃത്തിയില്ല. പരിശോധനകളിൽ ഒന്നും കാര്യമായ കുഴപ്പങ്ങളൊന്നുമില്ല.-കൊളസ്ട്രോൾ അല്പം കൂടുതലാണ്. ചെറിയ തോതിൽ രക്തസമ്മർദ്ദമുണ്ട്, വിറ്റമിൻ ഡി (D)-അല്പം കുറവാണ് എന്നിങ്ങനെയുള്ള ചില പ്രശ്നങ്ങളെയുള്ളൂ. "അമ്മച്ചിയുടെ പ്രശ്നം ടെൻഷനാണ്. കഴിഞ്ഞ പ്രാവശ്യം വന്നപ്പോഴും നിർബന്ധിച്ച് എന്നെക്കൊണ്ട് ഉറക്കത്തിനുള്ള ഗുളിക കുറിപ്പിച്ചു. നിങ്ങളാരെങ്കിലും കൂടെ വന്നു നിന്നാൽ പ്രശ്നം തീരും. പരിചയമുള്ള ഡോക്ടർ ഷാർജയിലുള്ള മകനെ അറിയിച്ചു. ഇല്ലാത്ത ലീവെടുത്ത് മക്കളും മരുമക്കളും കൊച്ചുമക്കളും ഒക്കെ മാറിമാറി നാട്ടിൽ വന്ന് അമ്മച്ചിയുടെ കൂടെ നിന്നിട്ടും രോഗങ്ങൾ ഒന്നും കുറയുന്നില്ല." നിങ്ങൾ ഒക്കെ വന്നത് എനിക്ക് കൂടുതൽ ടെൻഷനാണ്, എല്ലാവരുടെയും ഇഷ്ടമൊപ്പിച്ച് ഒന്നും ചെയ്യാൻ എനിക്ക് കഴിയുന്നില്ലല്ലോ, ഞാൻ കാരണം നിങ്ങൾക്കൊക്കെ ബുദ്ധിമുട്ടായി, നിങ്ങൾ വേഗം തിരിച്ചു പൊയ്ക്കോ എന്ന മട്ടിലുള്ള അമ്മച്ചിയുടെ പ്രതികരണം മക്കളെയും ആശയക്കുഴപ്പത്തിലാക്കി. ഉറങ്ങാനുള്ള ഗുളികയുടെ ഡോസ് കൂട്ടിക്കഴിച്ചിട്ടും അമ്മയ്ക്ക് ഉറക്കം കിട്ടുന്നില്ല എന്ന പ്രശ്നത്തിൽ തട്ടിയാണ് അമ്മച്ചിയെ സൈക്യാട്രിസ്റ്റിനെ കാണിക്കാൻ മനസ്സില്ലാമനസ്സോടെ മരുമകൾ കൂട്ടിക്കൊണ്ടുവരുന്നത്.




19

ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

ഉറക്കവും, ക്ഷീണവും, പുകച്ചിലും, മലബന്ധവും, ആധിപിടിച്ച ചിന്തകളും എല്ലാം വിഷാദരോഗത്തിന്റെ (Depression) ഭാഗമാണ് എന്ന് മാനസിക നിലയുടെ പരിശോധനയിൽ വ്യക്തമായി. അമ്മച്ചിക്ക് പഴയതുപോലെ പ്രാർത്ഥിക്കാനാവാത്തതുകൊണ്ടാണ്, കോവിഡ് കാരണം പള്ളിയിൽ പോകാൻ പറ്റാത്തതു കൊണ്ടാണ്, പപ്പായുടെ മരണം മൂലമാണ്, മക്കൾ കൂടെ ഇല്ലാതെ ഒറ്റപ്പെട്ടുപോയതു കൊണ്ടാണ്, അനാവശ്യമായി ഓരോന്നു ചിന്തിച്ചു കൂട്ടുന്നതു കൊണ്ടാണ് എന്നിങ്ങനെ പല വിശദീകരണങ്ങളും മക്കളുടേതായി ഉയർന്നു വന്നു. ഈ "കാരണങ്ങൾ" അടിസ്ഥാനമാക്കി ഓരോരുത്തർക്കും അതിന്റെ "പരിഹാരങ്ങളെ"ക്കുറിച്ചു ബോധ്യമുണ്ടായിരുന്നു. പ്രാർത്ഥനാ വരമുള്ള പാസ്റ്ററും, ദൈവിക ചാനൽ എപ്പോഴും കാണാനുള്ള സമ്മർദ്ദവും, ധ്യാനം കൂടിയുള്ള കൗൺസലിംഗും ഒക്കെ രംഗപ്രവേശനം ചെയ്തു. ഒന്നിനൊന്ന് അമ്മച്ചിയുടെ പ്രയാസം കൂടി വരുന്നു എന്നല്ലാതെ ഒരു പ്രയോജനമുണ്ടായില്ല.

സാഹചര്യങ്ങളുടെ സമ്മർദ്ദം വിഷാദാവസ്ഥയ്ക്ക് വഴിമരുന്ന് ഇടാം എന്നത് ശരിയാണെങ്കിലും വിഷാദരോഗം (Depression) ഉണ്ടാകുന്നത് മസ്തിഷ്കത്തിലെ ചില രാസ വ്യതിയാനങ്ങൾ മൂലമാണ്, ആയതിനാൽ ആ തകരാർ മാറ്റുന്നതിനുള്ള ശാസ്ത്രീയ ചികിത്സ ആവശ്യമാണ് എന്നതാണ് വസ്തുത. ഔഷധ ചികിത്സയും, സൈക്കോ തെറാപ്പിയും ആണ് വിഷാദ രോഗത്തിന്റെ ചികിത്സ. ഔഷധ ചികിത്സ എന്നാൽ ഉറക്ക ഗുളിക അല്ല, മസ്തിഷ്ക രസതന്ത്രത്തിൽ വന്നിരിക്കുന്ന വ്യതിയാനത്തിന്റെ കറക്ഷൻ ആണ്. "സാരമില്ല, പ്രാർത്ഥിച്ചാൽ മതി, പോസിറ്റീവായി ചിന്തിച്ചാൽ മതി" എന്നിങ്ങനെയുള്ള പൊള്ള വാക്കുകൾ അല്ല സൈക്കോതെറാപ്പി, മറിച്ച് അത് വിഷാദജന്യമായ ചിന്തകളുടെ കറക്ഷൻ ആണ്. മനഃപൂർവ്വം ആവശ്യമില്ലാത്ത കാര്യങ്ങൾ ചിന്തിച്ച് കൂട്ടുന്നതല്ല, മൂഡ് (Mood) താഴ്ന്നു നിൽക്കുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്നതാണ് ആകുല ചിന്തകൾ.

ഇക്കാര്യങ്ങൾ ഒക്കെ ഒരു ക്ലാസ്സിന്റെ രൂപത്തിൽ മക്കളെയും ഗ്രേസിക്കുട്ടിയെയും മനസ്സിലാക്കി കൊടുത്തതിനു ശേഷം ശരിയായ ചികിത്സ എടുക്കാൻ അവർ തയ്യാറായി. ഏതാനും ആഴ്ചകൾക്കുള്ളിൽ ഗ്രേസിക്കുട്ടി പഴയതുപോലെ സ്മാർട്ടായി.

വിഷാദരോഗം സർവ്വസാധാരണയാണ്. എപ്പോൾ വേണമെങ്കിലും ജീവിതത്തിൽ പ്രത്യക്ഷപ്പെടാം. പലപ്പോഴും ഇത് തിരിച്ചറിയാതെ പോകുന്നു. പ്രാർത്ഥനയും സാന്ത്വനവും മാത്രം പോരാ-ശാസ്ത്രീയമായ ധാരണയും സമീപനവും ചികിത്സയുമുണ്ടെങ്കിൽ പൂർണ്ണമായ ശമനമുള്ള രോഗമാണ് വിഷാദം.

ശാരീരിക-മാനസിക ആരോഗ്യത്തെയും ആത്മീയ ജീവിതത്തെയും ബാധിക്കുന്ന തകരാർ തിരിച്ചറിയാനുള്ള പരിശീലനം ഇടയത്വ ശുശ്രൂഷ ചെയ്യുന്ന വൈദികർക്ക് അത്യാവശ്യമാണ്.

തുടരും...

## 15th Death Anniversary
## 03-2-2022



**P.V. Mathew (Baby)**
**Panthrandu Parayil**
**Murani**
**Mallappally East P.O.**

*Inserted by:*
Susamma Mathew (Wife)
Shibu - Susha
Shiju - Anu
Shiney - Varkey
*Grand Children :*
Albey Alen, Swetha, Sheril
Nitty, Neha

## 28th Death Anniversary
## 18-2-2022



**P.V. Joseph**

**Vattasseril Poikudiyil**
**Chengaroor**

*Inserted by:*
Mrs. Annamma Joseph (Wife)
Sabu Joseph & Mrs. Kunjumol
Shibu Joseph & Mrs. Beena

*കൊച്ചുമക്കൾ:-*
Smera, Swapna,
Shilpa, Narma, Elbin, Eshaan

# കല്ലട വലിയ പള്ളിയും മാർ അന്ത്രയോസ് ബാവയും



തീർത്ഥാടകൻ തീർത്ഥ ജലത്തിന് വേണ്ടിയാണ് യാത്രചെയ്യുന്നത്. നമ്മുടെ കർത്താവ് കൽപ്പിക്കുന്നു 'എന്റെ അടുക്കൽ വരുന്നവന് ഒരുനാളും ദാഹിക്കുകയില്ല, അവനിൽ നിന്ന് ജീവജലത്തിന്റെ ഉറവകൾ പുറപ്പെട്ട് വരും'. ദൈവത്തിൽ നിന്ന് പ്രാപിച്ച് മറ്റുള്ളവർക്ക് അനുഗ്രഹങ്ങൾ സമൃദ്ധിയായി ചൊരിഞ്ഞ് കൊടുക്കുക എന്നതാണ് ഏതൊരു വിശുദ്ധന്റെയും ജീവിത ലക്ഷ്യം.കല്ലട വല്യപ്പൂപ്പൻ എന്നറിയപ്പെടുന്ന മാർ അന്ത്രയോസ് ബാവ ഏ. ഡി 1678 ൽ കേരളത്തിൽ എത്തി. സിറിയയിൽ നിന്ന് വന്ന ഈ പിതാവ് സത്യവിശ്വാസ സംരക്ഷകനായി മലങ്കരയിൽ പ്രവർത്തിച്ചു. മുളന്തുരുത്തിയിൽ മൂന്ന് സഹോദരങ്ങളോടൊപ്പം എത്തിച്ചേർന്ന ഈ പരിശുദ്ധന്റെ സഹോദരങ്ങളിൽ ഒരാൾ റമ്പാനും മറ്റുള്ളവർ അയ്മേനികളും ആയിരുന്നു. മുളന്തുരുത്തിയിൽ ദീർഘകാലം വസിച്ച് അദ്ദേഹം കിഴക്കോട്ട് യാത്ര ചെയ്ത്, കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളുടെ സംഗമസ്ഥലവും വ്യാപാരകേന്ദ്രവും ആയ വെട്ടിക്കൽ എത്തി. അവിടെ, കുരിശു പള്ളിയോട് ചേർന്ന് ഒരു ഭവനം നിർമ്മിച്ച് താമസം ആരംഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന സഹോദരങ്ങളിൽ ഒരാൾ മുളന്തുരുത്തിയിൽ വിവാഹം കഴിച്ച് താമസിച്ച് പോന്നു. ഈ സഹോദരസന്തതിപരമ്പരയിൽപ്പെട്ടവരാണ് മുളന്തുരുത്തിയിൽ ജാതരായ പരിശുദ്ധ പരുമലതിരുമേനിയും പരിശുദ്ധ കാട്ടുമങ്ങാട്ട് ബാവമാരും, വെട്ടിക്കൽ നിന്നും യാത്ര തിരിച്ച് മാർ അന്ത്രയോസ് ബാവ, കുറുപ്പും പടി, പുത്തൻകാവ്, മണർകാട് തുടങ്ങിയ സ്ഥലങ്ങളിലും താമസിക്കുകയുണ്ടായി, അതിനുശേഷം അദ്ദേഹം യാത്രചെയ്ത് കല്ലടയിൽ എത്തി. ഏഡി 9ാം നൂറ്റാണ്ടിൽ കല്ലടയിൽ പരിശുദ്ധ ദൈവ മാതാവിന്റെ നാമത്തിൽ ഒരു ദൈവാലായം സ്ഥാപിതമായിരുന്നു. ജലമാർഗ്ഗം വന്ന് ചേരുന്നതിനുള്ള സൗകര്യവും ഈ ദൈവാലയത്തിന്റെ പൗരാണികതയും മൂലം ഈ ദേശം തന്റെ പ്രവർത്തന കേന്ദ്രമാക്കി തീർത്തു. കല്ലട പള്ളിയിൽ താമസിച്ച് കൊണ്ട് സത്യവിശ്വാസം പഠിപ്പിക്കുവാനും മറ്റുള്ളവരെ ദൈവത്തിങ്കലേക്ക് ആകർഷിക്കുവാനും ആ പുണ്യ പിതാവിന് കഴിഞ്ഞു. 1692 കുംഭം 19 ന് കാലം ചെയ്ത പരിശുദ്ധനെ കല്ലട വലിയപള്ളിയിലെ വിശുദ്ധ മദ്ബഹായിൽ കബറടക്കി.

മലങ്കര സഭയിലെ തെക്കൻ മേഖലയിലെ ആദ്യ തീർത്ഥാടന കേന്ദ്രമായ ഈ ദൈവാലയം പരിശുദ്ധ അന്ത്രയോസ് ബാവയുടെ നാമത്തിലുള്ള ഏക തീർത്ഥാടന കേന്ദ്രമായി പരിലസിക്കുന്നു. ദിനം തോറും ഏറി വരുന്ന തീർത്ഥാടകരും വിശ്വാസികളും ഇവിടെ തങ്ങളുടെ ഭാരങ്ങൾ ഇറക്കി വെയ്ക്കുകയും മദ്ധ്യസ്ഥനായി മാർ അന്ത്രയോസ് ബാവയെ ആദരിക്കുകയും ചെയ്യുന്നു. മതമൈത്രിയുടെ കാവലാളായി പരിശുദ്ധ പിതാവിനെ ഈ ദേശം ഒന്നടങ്കം ആദരിക്കുന്നു. മാർ അന്ത്രയോസ് ബാവയുടെ സാന്നിദ്ധ്യം കല്ലടയിൽ വിശുദ്ധി പരത്തി നിറഞ്ഞു നിൽക്കുന്നു. നാനാജാതി മതസ്ഥർ ഈ ദൈവാലയത്തിൽ ഒത്തുചേരുന്നു. കല്ലടപള്ളിയുടെ പടി ചവിട്ടുന്ന പതിനായിരങ്ങൾക്ക് ആശ്വാസമായി പരിശുദ്ധ അന്ത്രയോസ് ബാവ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. ജാതിമത ദേശഭേദമെന്യേ ജനങ്ങൾ തങ്ങളുടെ മദ്ധ്യസ്ഥനായി കരുതി ഈ പുണ്യ പിതാവിനെ ആദരിക്കുന്നു. മാർ അന്ത്രയോസ് ബാവയുടെ കബറിടം കൊണ്ട് അലങ്കൃതമായ ഈ ദൈവാലയവും, പരിശുദ്ധ പിതാവ് ഉപയോഗിച്ച പള്ളിമേടയും, സൗഖ്യദാനക്കിണർ എന്നറിയപ്പെടുന്ന കിണറും, പള്ളിക്കുളവും, പള്ളിക്കടവും  വിശ്വാസി ഹൃദയങ്ങളിൽ ആത്മ സന്തോഷത്തിന്റെ പ്രഭപരത്തുന്നു.


മാർ അന്ത്രയോസ് ബാവയുടെ 330ാം ഓർമ്മപ്പെരുന്നാൾ 2022 ഫെബ്രുവരി 27 മുതൽ മാർച്ച് 6 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുമായ പരി. ബസേലിയോസ്  മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ തിരുമേനിയും, കൊല്ലം മെത്രാസന മെത്രാപ്പോലീത്താ അഭി. സഖറിയാ മാർ അന്തോണിയോസ് തിരുമേനിയും, മദ്രാസ് മെത്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനിയും, നിലയ്ക്കൽ മെത്രാസന മെത്രാപ്പോലീത്താ അഭി. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയും, വന്ദ്യ കോർ എപ്പിസ്കോപ്പാമാർ, വന്ദ്യ റമ്പാൻമാർ, വൈദിക ശ്രേഷ്ഠർ, അനുഗ്രഹീത വാഗ്മികൾ എന്നിവർ നേതൃത്വം നൽകുന്നു. മാർ അന്ത്രയോസ് ബാവായുടെ കബറിടം കൊണ്ട് അനുഗ്രഹീതമായ കല്ലട എന്ന പുണ്യ ഭൂമിയിലെ പെരുന്നാളിലേക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഏവരേയും ഹൃദയ പൂർവ്വം സ്വാഗതം ചെയ്യുന്നു.



**ഫാ. റ്റി. തോമസ്കുട്ടി, ഷാലോം, നല്ലില**
**വികാരി–9562033747**

# സമകാല കവിതയുടെ ചെരിവിലൊരു സന്യാസി മട

**പി. രാമൻ**




തെലുങ്ക് ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിൽ പണ്ഡിതനും, പരിഭാഷകനും, സംസ്കാര പരിതാവുമായ ഇസ്രയേലി എഴുത്തുകാരൻ ഡേവിഡ് ഷൽമാന്റെ "സ്പ്രിങ്, ഹീറ്റ് റെയിൻസ് എ സൌത്ത് ഇന്ത്യൻ ഡയറി" എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ ഹൈദരാബാദിൽ വച്ചു താൻ കണ്ടുമുട്ടിയ ഒരു നടത്തക്കാരനെക്കുറിച്ച് പറയുന്നുണ്ട് എം. ആദിനാരായണ എന്ന ഇന്ത്യ മുഴുവൻ കാൽനടയായി സഞ്ചരിച്ചു തീർത്ത ആ മനുഷ്യൻ കൂടിക്കാഴ്ചയ്ക്കൊടുവിൽ ഷൽമാന തന്റെ വിസിറ്റിങ് കാർഡ് കൈമാറുന്നു. അതിൽ എഴുതിയിട്ടുള്ള രണ്ടുവരികൾ ഇങ്ങനെയാണ്: "കാലുകൾ കൊണ്ടൊരു പ്രാർത്ഥനയാണു നടത്തം" കവിയായി അറിയപ്പെടുന്നയാളല്ല ഈ നടത്തക്കാരൻ. എന്നിട്ടും ഈ വരിയിൽ അയാൾ വിസ്മയകരമായി കവിയുന്നു.

വർഷങ്ങളായി ഞാൻ പിന്തുടരുന്ന മലയാളകവി ഫാദർ കെ.എം. ജോർജ്ജിന്റെ കവിതകളിലൂടെ കടന്നുപോകുമ്പോഴൊക്കെ ആദിനാരായണയുടെ വിസിറ്റിങ് കാർഡിലെ വരികൾ ഞാനോർക്കും. കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന എണ്ണംപറഞ്ഞ ദാർശനികരിൽ ഒരാളാണ് ഫാദർ കെ. എം. ജോർജ്ജ് നിത്യയാത്രികനും സൌന്ദര്യ ശാസ്ത്രവിശാരദനും ചിത്രകാരനുമാണ്. ആ നിലകളിലൊക്കെ അറിയപ്പെടുന്നുണ്ടെങ്കിലും, തന്റെ വരികളിൽ അതിലുമധികം അദ്ദേഹം കവിഞ്ഞിരിക്കുന്നത് അറിഞ്ഞിട്ടുള്ളവർ ഏറെയില്ല. നടത്തക്കാരൻ നടത്തത്തെ കാണുന്നത് കാലുകൾ കൊണ്ടുള്ള പ്രാർത്ഥനയായിട്ടാണെങ്കിൽ ഈ കവി കവിതയെ കാണുന്നത് പ്രാർത്ഥനാപൂർണ്ണമായ നടത്തമായിട്ടാണ്. ദുർമേദസ്സുകളയാൻ വേണ്ടി കയ്യും കാലും വീശിയുള്ള ഇളകി നടത്തമല്ല, ചുറ്റിലേക്കും മുഖമാഴ്ത്തിയുള്ള അലസ നടത്തം. ആ മനഗമനത്തിന്റെ താളമാണ് ജോർജ്ജച്ചന്റെ കവിതകളുടെ താളം. 1970 കളുടെ തുടക്കംതൊട്ട ഈ കാൽനടക്കാരനും മലയാള കാവ്യലോകത്തിലൂടെ മെല്ലെ നടന്നുവരുന്നുണ്ട്, തിക്കിത്തിരക്കിനിടയിലൂടെ. ഏതാണ്ടൊരു പത്തുകൊല്ലം മുമ്പാണ് ഞാൻ ആ നടത്തക്കാരനെ യാദൃശ്ചികമായി ആദ്യം കാണുന്നത് കവിതവായനക്കാരനായ രജീഷ് (ഹാറൂൺ) എന്ന കവിസുഹൃത്താണ് "പ്രവാസത്തിന്റെ നാളുകൾ എന്ന കവിതാ പുസ്തകത്തിന്റെ വ്യത്യാസം എന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് പിന്നീട് പാലക്കാട്ടെ നാഷണൽ ബുക്ക് സ്റ്റാളിന്റെ പൊടിപിടിച്ച പിന്നലമാരയിൽനിന്ന് ഞാനതു സംഘടിപ്പിച്ചു വായിച്ചു.

### പ്രവാസിയുടെ ഗീതങ്ങൾ, സഞ്ചാരിയുടേയും

എഴുപതുകളുടെ തുടക്കംതൊട്ടേ അച്ചന്റെ കവിതകളിൽ വികസിച്ചു വന്ന ഒരു പ്രമേയം പ്രവാസമായിരുന്നു. രാജ്യം വിട്ടുപോയി താമസിക്കുന്നതിന്റെ അനുഭവം നമ്മുടെ കവിതയിൽ ആദ്യമായി തുടർച്ചയായി ആവിഷ്ക്കരിക്കപ്പെട്ടത് "പ്രവാസത്തിന്റെ നാളുകളി'ലെ കവിതകളിലാണ്. ബോംബെയിലേയും മദ്രാസിലേയും കോഴിക്കോട്ടേയും നഗരാനുഭവങ്ങൾ നമ്മുടെ കവിത 1960-കളിൽ തന്നെ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും, നഗരജീവിതത്തിന്റെ യാന്ത്രികതയോടു പൊരുത്തപ്പെടാനാവാത്ത മാനസികാവസ്ഥയും നഷ്ടപ്പെടുന്ന ഗ്രാമീണതയോർത്തുള്ള നെടുവീർപ്പുമായിരുന്നു അവയിൽ മുഴച്ചുനിന്നിരുന്നത്. ഈ ദ്വന്ദ്വങ്ങ ളിൽപ്പെടാതെ, പ്രവാസാനുഭവത്തിന്റെ ആഴവും സങ്കീർണ്ണതയും ഭാഷയിൽ ആവാഹിക്കുകയാണ് ഫാദർ ജോർജ്ജിന്റെ കവിത ചെയ്തത്

ഫെമിനിസംപോലുള്ള ആശയധാരകൾ മലയാളത്തിൽ വലിയ ചർച്ചാവിഷയമാകും മുമ്പാണ് "കുതിരക്കൊമ്പ്" (1974) എന്ന കവിത വരുന്നത്. മലയാളകവിതയിൽ, ആറ്റൂർ രവിവർമ്മ സംക്രമണം എന്ന കവിതയിലൂടെ സ്ത്രീവാദപരമായ ആശയങ്ങൾ ശക്തമായി ഉന്നയിച്ചതു മാറ്റിനിർത്തിയാൽ ഈ ആശയധാര അക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്ന ഒരു കളിയും കഥയുമായി സാധാരണത്തം തികഞ്ഞ മട്ടിലാണ് ഈ രചന.

കുട്ടികൾ ചേരിതിരിഞ്ഞു കടങ്കഥകൾ പറഞ്ഞുകൊണ്ടിരിക്കുന്നു. പെൺകുട്ടികൾ കൂട്ടമായി ആൺകുട്ടികളോടു ചോദിച്ചു: "കൊമ്പില്ലാത്ത ഒരു മൃഗത്തിന്റെ പേരു പറയാമോ?" ആൺകുട്ടികൾക്കറിഞ്ഞുകൂടാ. പെൺകുട്ടികൾ കുടുകുടെ ചിരിച്ച് ആൺകുട്ടികളെ കളിയാക്കി.

നിങ്ങൾക്കു പറയാമോ?" ആൺകുട്ടികൾക്കു വാശിയായി. കുതിര', പെൺകുട്ടികൾ വിജയഭേരി മുഴക്കി. ആൺകുട്ടികൾ ആദ്യം വിളറി. പിന്നെ കൂടിയാലോചിച്ചു കൂട്ടമായിപ്പറഞ്ഞു: "പെൺകുതിര എന്നുപറയൂ. പെൺകുതിരക്കു കൊമ്പുകളില്ല.' പെൺകുട്ടികൾ സംശയിച്ചുനിന്നു. ആൺകുട്ടികൾ ആർപ്പിട്ടു; ''ആൺകുതിരകൾക്കു കൊമ്പുണ്ട് പെൺകുതിരകൾക്കു കൊമ്പില്ല, അവരുടെ കനത്ത ശബ്ദത്തിൽ പെൺകുട്ടികളുടെ നേർത്ത ശബ്ദം അലിഞ്ഞുപോയി. പെൺകുട്ടികൾ തോൽവി സമ്മതിച്ചു. എല്ലാവരുംകൂടി ഒരുമിച്ചു പറഞ്ഞു: "എല്ലാ ആൺകുതിരകൾക്കും കൊമ്പുണ്ട്. ഇങ്ങനെ ഗൌരവപൂർണ്ണമായ പ്രമേയങ്ങൾ പോലും കളിമട്ടായും ലാഘവത്തോടെയും പറഞ്ഞുപോകുന്ന രീതിയാണ് അച്ചന്റെ ആദ്യ കാല കവിതകളിൽ തൊട്ടിങ്ങോട്ട് കാണാൻ സാധിക്കുന്നത്.

സ്വന്തം ജീവിതത്തെ വിശകലനം ചെയ്തുകൊണ്ട് അച്ചൻ എഴുതിയ കവിതകളിലൊന്നാണ് ''ഇലകൾ (1974). ജനലിലൂടെ കാണുന്ന, പൊഴിയുന്ന ഇലകളുടെ ദൃശ്യത്തിൽനിന്നാരംഭിച്ച, ആത്മീയമായ സന്ദേഹങ്ങളിലേക്കും സംഘർഷങ്ങളിലേക്കും പടർന്ന്, ഓർമകളിലേക്കു മടങ്ങി, ആദ്യാക്ഷരത്തിന്റെ ഗുരുപൂർണ്ണിമയിൽ ജ്ഞാനസ്നാനപ്പെട്ട, അക്ഷരക്കാട്ടിൽ സ്വയം നഷ്ടപ്പെട്ട, ഒടുവിൽ കൊച്ചു ജനാലയിലൂടെ കാണുന്ന ഇലകളിലേക്കു തിരിച്ചെത്തുന്ന ദീർഘകാവ്യമാണിത്. "ഓരോ പ്രാവശ്യവും ഞാനെഴുതിയ അക്ഷരങ്ങൾ നോക്കി നിൽക്കെ വളർന്ന് വടവൃക്ഷങ്ങളായി മാറി അഞ്ചുവയസ്സുകാരൻ വടവൃക്ഷങ്ങൾക്കിടയിൽ ഓടിനടന്നു. എനിക്കു വിശന്നപ്പോൾ ഞാനമ്മയെ വിളിച്ചു അമ്മ വന്നില്ല, എന്റെ വിളി ആരും കേട്ടില്ല" തന്റെ ജീവിതത്തെ, ആത്മീയതയും കവിതയും എങ്ങനെയാണ് എന്നും ചുഴ്ന്നുനിന്നത് എന്നതിന്റെ ആത്മരേഖയാണ് ഇക്കവിത. വിശുദ്ധമായതിനെ ചുറ്റി ഉരുളട്ടെ ഉരുണ്ട അക്ഷരങ്ങൾ എന്നു പ്രാർത്ഥിക്കുന്നുണ്ട് 'ഉരുൾനേർച്ചയിൽ' കവി എന്നതും കൂട്ടിവായിക്കുക. ഭൗതികവും ആത്മീയവുമായ ജീവിതപ്പരപ്പുകളിലൂടെ മെല്ലെമെല്ലെ നടന്ന് ധ്യാനത്തിന്റെ പ്രശാന്തവാടിയിൽ ചെന്നണയുന്നു കവി. സമകാലകവിതയുടെ ചെരിവിൽ കാണാം ഭാഷകൊണ്ടു തീർത്ത ഈ സന്യാസി മട. ഒരിളം ചിരിയോടെ, നീലപ്പുകയുയരുന്ന താഴ്വരയിലേക്കു നോക്കി നിൽക്കുകയാണ് അന്തിവെളിച്ചത്തിൽ ഈ ഋഷി കവി.

# ശെമവോൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ



ഡോ. എം. കുര്യൻ തോമസ്

1665-ൽ ആരംഭിച്ച മലങ്കര-അന്ത്യോഖ്യാ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇതഃപര്യന്തം കേരളത്തിലെത്തിയ ശീമ മെത്രാന്മാരിൽ മലങ്കരസഭയ്ക്ക് ദ്രോഹം ചെയ്യാതിരുന്ന അപൂർവം മേല്പട്ടക്കാരിൽ ഒരാളാണ് കോട്ടയം മാർ ബർസൗമ്മാ പുത്തൻ പള്ളിയിൽ കബറടക്കപ്പെട്ടിരിക്കുന്ന ശെമവോൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ. കേരളത്തിലെത്തിയ ഇതര ശീമബാവാമാരെപ്പോലെ കോലാഹലങ്ങൾ ഒന്നും സൃഷ്ടിക്കാഞ്ഞതിനാൽ അദ്ദേഹം സഭാചരിത്രത്തിലെങ്ങും പരാമർശിക്കപ്പെടുന്നേയില്ല.

യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസിന്റെ ഇന്ത്യയിലെ സുറിയാനി സഭാചരിത്രം എന്ന കൃതിയുടെ അടിസ്ഥാനത്തിൽ 1820-കളുടെ പ്രാരംഭത്തിൽ തുർക്കിയിലെ ഇസ്ഫെസ് ഗ്രാമത്തിൽ അബ്ദുള്ളായുടെ പുത്രനായി ശെമവോൻ ജനിച്ചു. കുർക്കുമ്മാ ദയറായിൽ അംഗമായ അദ്ദേഹം 1840-നു തൊട്ടുമുമ്പ് വൈദീകനായി. സ്തേപ്പാനോസ് മാർ അത്താനാസ്യോസ് എന്ന പരദേശി മെത്രാനോടൊപ്പം 1849 ഫെബ്രുവരി 3-ന് കൊച്ചിയിലെത്തിയ ശെമവോൻ റമ്പാൻ 1855-ൽ മടങ്ങിപ്പോയി.

1880 സെപ്റ്റംബർ 14-ന് സിറിയയിലെ ഹോംസിൽവെച്ച് പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ശെമവോൻ റമ്പാനെ മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. ഇന്ത്യയിലെ പാത്രിയർക്കീസിന്റെ തഹലൂപ്പാ - പ്രതിനിധി- ആയി സ്ഥാത്തിക്കോൻ ലഭിച്ച മാർ അത്താനാസ്യോസ്, 1861 ജനുവരി 1-ന് കൊച്ചിയിലെത്തി. അദ്ദേഹത്തെ അനുയാത്ര ചെയ്തിരുന്ന സ്ലീബാ ബുഷായ്റി ശെമ്മാശനാണ് പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടതും ആർത്താറ്റ് കുന്നംകുളം പുത്തൻപള്ളിയിൽ കബറടക്കപ്പെട്ടതും.

1816-ൽ രചന ആരംഭിച്ച ഇടവഴിക്കൽ ക്രോണിക്കിൾ എന്ന നാളാഗമത്തിൽ ഇടവഴിക്കൽ മാർ സേവേറിയോസ്, ശെമവോൻ മാർ അത്താനാസ്യോസിനെപ്പറ്റി പരാമർശിക്കുന്നത് ഇപ്രകാരമാണ്:

...ഇതിന്റെ ശെഷം ബ. പാത്രിയർക്കീസുബാവാ അവർകളുടെ കല്പനയാലെ മാർ അത്താനാസ്യോസ ശേമഓൻ മെത്രാപ്പൊലീത്താ എന്ന ദെഹം 1880-ാമാണ്ട വൃശ്ചികമാസം ബോമ്പായിൽ എത്തി അവിടെനിന്നും തീവണ്ടി വഴിയായി മദ്രാസിൽ വന്ന ഗവർണർ സായവ അവർകളെ കണ്ടു മലയാളത്തുള്ള പള്ളികളിൽ സഞ്ചരിക്കുന്നതിനുള്ള പാസ്പൊർട്ടും വാങ്ങിക്കൊണ്ടു 1881-ാമാണ്ട മകരമാസം 1-ാംനു 1056-ാമാണ്ടു മകരമാസം 2-നു വ്യാഴാഴ്ച കൊച്ചിയിൽ എത്തുകയും ചെയ്തു. കൂടെ സ്ലീബാ എന്നു പെരുള്ള ഒരു ശെമ്മാശും ഉണ്ടു. ഉടനെ ദീവന്നാസ്യോസു യൗസേപ്പ മെത്രാപ്പൌലീത്തായും എത്തി ഒരുമിച്ചു കൊച്ചിയിൽ താമസിക്കുന്നു. ഇപ്പോൾ വന്ന അത്താനാസ്യോസ ശെമഓൻ എന്ന ഠരം ബാവാ ...മാർ അത്താനാസ്യോസ് എസ്തപ്പാനോസ എപ്പസ്ക്കോപ്പായൊകുടെ 1849-ാമാണ്ടു കുംഭമാസം 3-നു കൊച്ചിയിൽ വന്നിറങ്ങി മലയാളത്തു താമസിച്ചു തിരിച്ചുപോയ ശെമഓൻ റമ്പാൻ ആകുന്നു. ഠരം ദെഹം വന്നതിന്റെ പ്രധാന താല്പര്യം പാത്രിയർക്കീസുബാവായ്ക്കു ചെല്ലുവാനുള്ള റെസീശാ പിരിച്ചയക്കുന്നതിനു വെണ്ടിയാകുന്നു. ഇവിടുത്തെ മെത്രാന്മാക്കും പള്ളികൾക്കുമായിട്ടു പാത്രിയർക്കീസുബാവാ കൊടുത്തയച്ച കല്പനകൾമകരം 30-നു വെട്ടിയ്ക്കൽ ദയറായിൽവെച്ചു മെത്രാന്മാർക്കു കൊടുത്തു...

1887 ജൂലൈ 3-നാണ് സെമിനാരിക്കേസിലെ വിധിപ്രകാരം മാർ ദീവന്നാസ്യോസ് അഞ്ചാമൻ പഴയ സെമിനാരി നടത്തിയെടുത്തത്. ഈ നടപടിയിലും ശെമവോൻ മാർ അത്താനാസ്യോസ് പങ്കാളി ആയിരുന്നു ഈ സംഭവത്തിനു ദൃക്സാക്ഷി ആയിരുന്ന പ. ബസേലിയോസ് ഗീവർഗീസ് പ്രഥമന്റെ സഭാജീവിത നാൾവഴി എന്ന ഡയറിക്കുറിപ്പിലെ വിവരണം.

...ഇതിനിടയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ശെമഓൻ അത്തനാസ്യോസ് ബാവായും കോട്ടയത്ത് പുത്തനങ്ങാടി കുരിശു പള്ളിയിൽ നീങ്ങിയിരിക്കുമ്പോൾ ഗീവറുഗീസു ശെമ്മാശു തിരുമേനികളെ കാൺമാനായി കുരിശുപള്ളിയിൽ എത്തി അനുഗ്രഹം വാങ്ങി അവിടെ താമസിച്ചു. പിറ്റെ ദിവസമായ കർക്കടകം 3-ന് സിമ്മനാരി വ്യവഹാരം ബാവാ കക്ഷികൾക്ക് ഗുണമായി വിധി ഉണ്ടായതിനാൽ വിധി നടത്തി സിമ്മനാരി കൈവശപ്പെടുത്തുന്നതിനായി തിരുമേനികൾ കുരിശുപള്ളിയിൽ നിന്ന് പുറപ്പെട്ട് പുത്തൻപള്ളിയിൽ കേറി പ്രാർത്ഥനയും കഴിച്ച് താഴത്തങ്ങാടി വഴിയായി സിമ്മനാരിയിൽ എത്തി. അന്ന് വലിയ വെള്ളപ്പൊക്കമായിരുന്നതിനാൽ ബോട്ട് സിമ്മനാരിയുടെ പടിഞ്ഞാറെ മിറ്റത്ത് അടുത്തു. ഗീവറുഗീസു ശെമ്മാശു തിരുമേനികളോട് കൂടെ സിമ്മനാരിയിലേക്ക് പോയി. സിമ്മനാരി മുഴുവൻ പൂട്ടി ഇട്ടിരിക്കുകയായിരുന്നു. ആദ്യമേ പടിഞ്ഞാറെ വലിയ വാതിലിന്റെ പൂട്ട് തല്ലിച്ചു. പിന്നീട് പള്ളിയുടേതും തല്ലിച്ചു. പള്ളിയുടെ ത്രോണോസിങ്കലും കബറിങ്കലും പ്രാർത്ഥനകൾ കഴിച്ചു. തിരുമേനികൾ പടിഞ്ഞാറെ കെട്ടിന്റെ തെക്കും വടക്കുമുള്ള വലിയ ഹോൾ മുറികളിൽ താമസിക്കയും ചെയ്തു. ടി. മാസം 4-ന് വാകത്താനത്ത് നിന്നും മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നു താമസം തുടങ്ങി. ഗീവറുഗീസ് ശെമ്മാശു സിമ്മനാരിയിൽ നിന്നും കല്ലുങ്കത്ര പള്ളിയിലും മുപ്പാത്തിയിലും പോയി തിരിച്ചു വീട്ടിൽ എത്തി...

മാർ അത്താനാസ്യോസിന്റെ അന്ത്യത്തെപ്പറ്റി ...ശെമഓൻ അത്തനാസ്യോസ് ബാവാ ടി. മേടം 30-ന് സിമ്മനാരിയിൽ വച്ച് കാലം ചെയ്ത് പുത്തൻപള്ളി

യിൽ അടക്കപ്പെട്ടതിൽ സംബന്ധിച്ചു... എന്ന ഒറ്റവരി പരാമർശനം മാത്രമാണ് പ. ഗീവർഗീസ് പ്രഥമൻ നൽകുന്നത്. ഇടവഴിക്കൽ ക്രോണിക്കിൾ നൽകുന്ന വിവരണം.

...1881-ാമാണ്ട മകരമാസത്തിൽ മലയാളത്തുവന്ന ആളുമായ മാർ ശെമഓൻ അത്താനാസ്യോസു ബാവായ്ക്കു മൂന്നു മാസത്തോളം കാലം വയറ്റിലും കാലിലും നീരായി രൊഗത്തിൽ കിടന്നശെഷം 1889 ജൂൺ 11-നുക്കു 1064-മാണ്ടു ഇടവം 3-നു ചൊവ്വാഴ്ച പകൽ 11 മണിക്കു കൊട്ടയത്തു സിമ്മനാരിയിൽവെച്ചു കാലംചെയ്തു. മരണസമയം മാർ ദീവന്നാസ്യോസു മെത്രാപ്പൌലീത്തായും മാർ ഗ്രീഗൊറിയൊസു മെത്രാപ്പൌലീത്തായും മാർ പൌലൂസ അത്താനാസ്യാസ മെത്രാപ്പൌലീത്തായും മാർ ഗീവറുഗീസു കൂറിലോസ മെത്രാപ്പൌലീത്തായും ഉണ്ടായിരുന്നു. അടുത്തദിവസമാകുന്ന ബുധനാഴ്ച സമീപമുള്ള പള്ളിക്കാർ കൂടി ഒരുമിച്ചു ആഘോഷമായി കൊട്ടയത്തു പുത്തൻപള്ളിയിൽ വടക്കെ റാന്തലിൽ കബറടക്കുകയും ചെയ്തു. ഠരംദെഹം 1849-ൽ റമ്പാനായി മലയാളത്തുവന്നു താമസിച്ചു മടങ്ങിപൊകയും പിന്നീട് 1881-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ എപ്പിത്രോപ്പാ എന്ന അധികാരത്തിൽ മലയാളത്തുവന്നു മരണത്തോളം താമസിക്കുകയും ചെയ്ത ആൾ ആണു. ഠരംദെഹം ഒരു നല്ലവനും പരമാർത്ഥിയും ദ്രവ്യാഗ്രഹം ഇല്ലാത്തവനും സ്നേഹശീലനും കൊപം ഇല്ലാത്തവനും ആയിരുന്നു. കാര്യത്രാണിയും മലയാളസൂത്രങ്ങളും കുറവുള്ളവൻ ആയിരുന്നു എങ്കിലും തന്നെ ഏല്പിക്കപ്പെട്ട സ്താനത്തെ സത്യത്തൊട വഹിച്ചവൻ ആയിരുന്നു... ഇതിനെത്തുടർന്ന് കടവിൽ മാർ അത്താനാസ്യോസ്, അന്ത്യോഖ്യാ പാത്രിയർക്കീസിന് അയച്ച സുറിയാനി കത്തിൽ ശെമവോൻ മാർ അത്താനാസ്യോസിന്റെ നിര്യാണത്തെപ്പറ്റി ഇപ്രകാരം കാണുന്നു.

കർത്താവിന്റെ നാമത്തിൽ പരിപാലിക്കപ്പെടുന്നവരും ഉന്നതപ്പെട്ട മഹാപൗരോഹിത്യത്തിന്റെ പദവിയിൽ (ദർഗാ) ആരൂഢനായിരിക്കുന്ന ഭാഗ്യവാനായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് അതായത്, പിതാക്കന്മാരുടെ പിതാവും, ഇടയന്മാരുടെ ഇടയനും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹികസിംഹാസനത്തിൽ വാഴുന്ന നിറവുള്ളവനായ പത്രോസ് മൂന്നാമന്, ഞങ്ങൾക്കായി പ്രാർത്ഥിച്ചാലും. അങ്ങയുടെ തൃക്കൈകാലുകൾ ചുംബിച്ചുകൊണ്ടും, അങ്ങയുടെ മഹാപരിശുദ്ധതയെ വണങ്ങിക്കൊണ്ടും, അങ്ങയുടെ പ്രാഭവത്തെ സ്തുതിച്ചുകൊണ്ടും, അങ്ങയുടെ മഹാപൗരോഹിത്യത്തിന്റെ സിംഹാസനത്തിന്റെ മുമ്പാകെ അങ്ങയോടുള്ള വിധേയത്വം ഏറ്റുപറഞ്ഞുകൊണ്ടും, വലിയ ദുഃഖത്തോടും കയ്പ്പേറിയ വിലാപത്തോടും അനുഗ്രഹീതരും, പ്രിയനും സ്നേഹിതനുമായിരുന്ന നിറവുള്ള ആബൂർ ശെമവൂൻ മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ ആത്മീയന്മാരുടെയും മാലാഖാമാരുടെയും ഇടത്തേക്ക്, ഈ ലോകംവിട്ട് കടന്നുപോയി ഉന്നതങ്ങളിലേക്ക് കരേറി (എന്നതറിയിക്കുന്നു). ഞങ്ങളെ അനാഥരേപ്പോലെയും ഒറ്റപ്പെട്ടവരേപ്പോലെയും ആക്കി, ഞങ്ങളിൽനിന്ന് അദ്ദേഹം വേർപെടുകയും മടങ്ങിപോകുകയും ചെയ്തു.

സ്ലീബാ ശെമ്മാശൻ പറയുന്നതുപോലെ മരണത്തിനു മുൻപ് (അദ്ദഹം) സന്തോഷവാനായി വി. കുമ്പസാരം നടത്തി. തന്റെ രോഗത്തെപ്പറ്റി അങ്ങയുടെ പരിശുദ്ധതയ്ക്ക് ഒരു കത്തെഴുതി അയച്ചു. ഇതിനെല്ലാം മുമ്പുതന്നെ തന്റെ വാർദ്ധക്യത്തിൽ തന്റെ നാഥന്റെ അടുക്കൽ എത്തുമെന്നുള്ള ആത്മാർത്ഥമായ പ്രത്യാശ അദ്ദേഹത്തിനുണ്ടായിരുന്നു. നിറവുള്ള ഈ പിതാവ് വലിയ നോമ്പിനു മുമ്പുതന്നെ ക്ഷീണിതനായി കാണപ്പെട്ടു. ആദ്യമൊക്കെ ഇടയ്ക്ക് അൽപം വെള്ളം (together water കഞ്ഞി) കുടിക്കുമായിരുന്നു. തുടർന്ന് ദിനംപ്രതി അദ്ദേഹത്തിന്റെ ക്ഷീണാവസ്ഥ അവസാനംവരെയും ക്രമേണ കൂടി വന്നു. അദ്ദേഹത്തിന്റെ ഉദരത്തിലും കാലുകളിലും നീരു കാണപ്പെട്ടു. എന്തു ചെയ്യണമെന്ന് ആർക്കും നിശ്ചയമുണ്ടായില്ല. തുടർന്ന് അതിൽനിന്ന് പഴുപ്പ് വരുവാൻ തുടങ്ങി. പെട്ടെന്ന് രണ്ടു നാട്ടുവൈദ്യന്മാരുടെയും ഇംഗ്ലീഷ് വൈദ്യന്റെയും നിർദ്ദേശമനുസരിച്ച് മരുന്നുകൾ സ്ഥിരമായി നൽകിക്കൊണ്ടിരുന്നു. എന്നാൽ ഞങ്ങളുടെയും അവരുടെയും ആഗ്രഹങ്ങൾക്കു വിരുദ്ധമായി പ്രയോജനമുണ്ടായില്ല. എന്നാൽ സ്വർഗ്ഗീയ വൈദ്യന്റെ ഇഷ്ടം മാത്രം നടന്നു. അദ്ദേഹം രോഗത്തിലായ ദിവസം മുതൽ ദിവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ ഞങ്ങളോടൊപ്പമുണ്ടായിരുന്നു. വീണ്ടും ക്ഷീണം വർദ്ധിച്ചുവന്നു. സൗഖ്യത്തിനുവേണ്ടി ചെയ്തതെല്ലാം ദയാരഹിതമായി പാഴായി. അദ്ദേഹത്തിന്റെ രോഗവിവരം ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ എഴുത്തു (കൽപ്പന) മുഖാന്തിരം സഭ മുഴുവനെയും ഞങ്ങൾ അറിയിച്ചു. ഈവാനിയോസ് മെത്രാപ്പോലീത്താ, കന്തീലായുടെ ക്രമം ഉചിതമായ കഴിച്ചു. ഇയോർ (ഇടവം) 30-ാം തീയതി ഉച്ചയായപ്പോഴേക്കും (അന്ത്യ) ശ്വാസഗതി ഉച്ചസ്ഥായിലായി. പെട്ടെന്ന് അത് നിലച്ചു. ആത്മാവ് അതിന്റെ ഉടയവനായ ദൈവത്തിൽ എത്തി. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. അദ്ദേഹത്തിന്റെ കബറടക്കം പിറ്റേദിവസം, അദ്ദേഹത്തിന്റെ ആഗ്രഹംപോലെ കോട്ടയം പുത്തൻപള്ളിയിൽ നടത്തി. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി, 40-ാം ചരമദിനമായ തോമ്മൂസ് (കർക്കിടകം) 8-ന് അടിയന്തരസദ്യ നല്കുവാനും, ഞങ്ങളുടെ പ്രാപ്തിപോലെ അദ്ദേഹത്തിന്റെ ബഹുമാനത്തിനുചിതമായ കബറിടം പണിയുവാനും ഇപ്പോൾ ഞങ്ങൾ ആഗ്രഹിക്കുന്നു... (സുറിയാനിയിൽനിന്നും പരിഭാഷ - ഫാ. ഡോ. മാത്യു വർഗീസ് അടൂർ)

ചരിത്രത്തിൽ അപ്രസക്തനായെങ്കിലും ശാന്തസ്വഭാവിയായ ശെമവോൻ മാർ അത്താനാസ്യോസ് കോട്ടയത്തും പരിസരപ്രദേശങ്ങളിലും ഒരു കാര്യത്തിൽ പ്രശസ്തനാണ്. കാണാതെപോയ വസ്തുക്കൾ കണ്ടെത്തുവാൻ അദ്ദേഹത്തിന്റെ കബറിടത്തിൽ പ്രാർത്ഥിച്ചാൽ മതി എന്ന വിശ്വാസം ഇന്നും ഇവിടെ രൂഢമൂലമാണ്. ഇതിന് സമീപകാലത്ത് ഈ ലേഖകനോട് അനുഭവസാക്ഷ്യം പറഞ്ഞത് കോട്ടയം ഭദ്രാസനത്തിലെ ഒരു സീനിയർ വൈദീകനാണ്.


## ഓർമ്മ



മലങ്കരസഭ ഭാസുരൻ
പ. ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 88-ാം ഓർമ്മ (ഫെബ്രു 26, കോട്ടയം പഴയ സെമിനാരി)



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 10-ാം ഓർമ്മ (ഫെബ്രു. 16, മാവേലിക്കര സെ. പോൾസ് ചാപ്പൽ)



തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 14-ാം ഓർമ്മ (ഫെബ്രു. 23, ദേവലോകം കാതോലിക്കേറ്റ് അരമന)



**കൊല്ലങ്കോട്:** സെ. പോൾസ് മിഷൻ സ്ഥാപകനും പ്രസിഡന്റുമായ കൊല്ലങ്കോട് കിഴക്കേഗ്രാമം സഫലഗിരി പാലസിൽ വി.കെ. ജോൺ കോറെപ്പിസ്കോപ്പ (77) അന്തരിച്ചു. കൊല്ലം നല്ലില സെന്റ് ഗബ്രിയേൽ ഇടവകാംഗവും, വിളയിൽ (തുണ്ടിൽ) കുടുംബാംഗവുമാണ്. ഭാര്യ: കുണ്ടറ കളത്തിൽ കുടുംബാംഗം പൊന്നമ്മ. മക്കൾ: അഡ്വ. സിത്താര, അഡ്വ. സുത്താര, ഉമ്മൻ ജോൺ. മരുമക്കൾ: സിജോ സി. ചെറിയാൻ, അബുദാബി, ഫാ. മാത്യൂസ് കുറിയാക്കോസ് ലണ്ടൻ, തേജു ഉമ്മൻ.




## മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ : ചരിത്രം, രേഖകൾ

**ഡെറിൻ രാജു/ജോയ്സ് തോട്ടയ്ക്കാട്**
**അവതാരിക: ഡോ. പോൾ മണലിൽ.**
പഠനം ഡോ. എം. കുര്യൻ തോമസ്. മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴയുടെ ആധികാരിക ലേഖനങ്ങൾ.
ഇതുവരെ പുറത്തു വരാത്ത വിലമതിക്കാനാവാത്ത അതിശ്രേഷ്ഠ ചരിത്രരേഖകൾ. അസോസിയേഷൻ നടപടിചട്ടം, മെത്രാൻ തിരഞ്ഞെടുപ്പ് നടപടിചട്ടം, വർക്കിംഗ് കമ്മിറ്റി - മാനേജിംഗ് കമ്മിറ്റി നടപടിചട്ടം, അസോസിയേഷൻ മിനിട്സുകൾ (1896 1911), മാനേജിംഗ് കമ്മിറ്റി മിനിട്സ് (18861934), മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ (18762017), അസോസിയേഷൻ അംഗങ്ങളുടെ പേരുകൾ (1876, 1911), വർക്കിംഗ് കമ്മിറ്റി, റൂൾ കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി, മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ, സുന്നഹദോസ് സെക്രട്ടറിമാരുടെ പേരുകൾ, വരണാധികാരികളുടെ പേരുകൾ തുടങ്ങി മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും.
പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
900 പേജുകൾ. വില 600 രൂപ




## നിലയ്ക്കൽ പള്ളി: ചരിത്രവും സാക്ഷ്യവും
### പുതുപ്പള്ളിയുടെ ആധ്യാത്മിക കേന്ദ്രം

നിലയ്ക്കൽ എന്ന നാമം മലങ്കരയിൽ മഹത്തായ മാർത്തോമ്മൻ പാരമ്പര്യത്തിന്റെയും പൗരാണികതയുടെയും പ്രഭവകേന്ദ്രമായി നിലകൊള്ളുമ്പോൾ ആ സംസ്കൃതിയുടെ ഒരു പുനർജന്മം പോലെ 1891-ൽ പുതുപ്പള്ളി ദേശത്തു രൂപം കൊണ്ടതാണ് നിലയ്ക്കൽ ഓർത്തഡോക്സ് പള്ളി. പന്ത്രണ്ടു ശ്ലീഹന്മാരുടെ നാമത്തിലാണ് ഈ ദേവാലയം പ്രതിഷ്ഠിക്കപ്പെട്ടത്. ഗ്രന്ഥകാരൻ: ജേക്കബ് ഈപ്പൻ, പ്രസാധനം: മൗനം ബുക്സ്, പുതുപ്പള്ളി കോട്ടയം-686001, ഫോൺ: 9447464060


# സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ, ഈറോഡ്
(മദ്രാസ് മെത്രാസനം) Ph : +91 9446275062, 9751173646



**ഈറോഡിന്റെ മണ്ണിൽ**
**പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ മലങ്കര സഭയ്ക്ക്**
**ഒരു ദേവാലയം**

ഈറോഡ് തമിഴ്നാട്ടിലെ ഏറ്റവും പ്രസിദ്ധ വാണിജ്യമേഖലയാണ്. അനേകം ക്രൈസ്തവ വിശ്വാസികളുള്ള സ്ഥലവുമാണ്. എന്നാൽ മലങ്കര സഭയ്ക്ക് സ്വന്തമായി ഒരു ദേവാലയം നാളിതുവരെയായി ഇവിടെ ഇല്ല. ദൈവത്തിന്റെ അളവറ്റ കൃപയാൽ ഇപ്പോൾ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമനസ്സിന്റെ അനുവാദത്തോടും ആശീർവാദത്തോടും കൂടി അവസരം ഒരുങ്ങി വന്നിരിക്കുകയാണ്. 12 കുടുംബങ്ങൾ മാത്രമുള്ള ഒരു കോൺഗ്രിഗേഷനായി വാടക കെട്ടിടത്തിലാണ് ഇപ്പോൾ ആരാധന നടത്തിവരുന്നത്. സുമനസ്സുകളായ നിങ്ങളോരോരുത്തരുടെയും പ്രാർത്ഥനയും കൈത്താങ്ങും കൂടി ഉണ്ടെങ്കിൽ ഈറോഡിന്റെ മണ്ണിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ മലങ്കര സഭയ്ക്ക് ഒരു ദേവാലയം എന്ന സ്വപ്നസാക്ഷാത്കാരം സഫലമാകുമെന്ന് വിശ്വസിക്കുന്നു. ഇവിടെ ഒരു Sq.ft.ന് ഏകദേശം 5000 രൂപ വേണ്ടി വരുന്നുണ്ട്. ഈ ദേവാലയ സൃഷ്ടിയിൽ അല്പമായോ അധികമായോ ഭാഗവാക്കാകണമേ എന്ന് കർത്തൃനാമത്തിൽ സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**കരുതലിനായ്...**

Bank : **IDBI**, NM Road Branch
Account No : **0045104000217750,** IFSC Code : IBKL0000045
A/c Name : Metropolitan of the Diocese of Madras, Malankara Orthodox Syrian Church
AFTER TRANSFERING THE AMOUNT, PLEASE INFORM US AT
Ph : +91 9786973646, 9645545510



ഇടുക്കി: ഉപ്പുതറ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ വി. ദേവാലയ കൂദാശ 2022 ജനുവരി 19, 20 തീയതികളിൽ പരി. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിലും അഭി.മാത്യൂസ് മാർ തേവോദോസിയോസ്, അഭി ഡോ .യൂഹാനോൻ മാർ ദീയസ് കോറോസ്, അഭി.ഡോ ജോഷ്വാ മാർ നിക്കോദിമോസ് എന്നീ പിതാക്കൻമാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

## പ്രതിഷേധിച്ചു

കോട്ടയം: കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ പെരുന്നാളിനോടുബന്ധിച്ച് ഇടവകാംഗത്തെ അക്രമിക്കാൻ ശ്രമിക്കുകയും വധഭീഷണി മുഴക്കുകയും ചെയ്ത പാത്രിയക്കീസ് വിഭാഗത്തിന്റെ നടപടിയിൽ ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ശക്തമായ പ്രതിഷേധം അറിയിച്ചു. മലങ്കര സഭയുടെ 1934 ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന ഈ ദേവാലയത്തിൽ നിന്ന് സ്വയം ഒഴിഞ്ഞു പോയവർ സമാധാന അന്തരീക്ഷം തകർക്കാൻ ബോധപൂർവ്വം നടത്തുന്ന ശ്രമങ്ങളിൽ നിന്ന് പിൻതിരിയണമെന്നും നിയമവിധേയമായും സമാധാനപരമായും ദേവാലയത്തിൽ ആരാധനയിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരെ സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം അറിയിച്ചു.

**16-ാം ചരമ വാർഷികം, 07-02-2022**



**സാറാമ്മ ഏബ്രഹാം**
**(കുഞ്ഞമ്മ)**

**പുത്തൻപുരയ്ക്കൽ, ചിങ്ങവനം**

*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

*എന്ന്,*
*സന്തപ്ത കുടുംബാംഗങ്ങൾ*


**Thomas Philip**
threadcorner2018@gmail.com

**Mob :9947242905**
**9947112982**



**THREAD CORNER**
*All kinds of Tailoring & Church Cloth Materials*
1st floor Marattukalam Buildings
Near K.S.R.T.C, Changanacherry

**കാപ്പതുണി, വിദേശ കാപ്പതുണി, കുപ്പായതുണി, തിരശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ, വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്, മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്**


**വേർപാടിന്റെ 40-ാം ദിനം**
**02-02-2022**



**മോളി മാത്യൂസ്**

മരണം: 25 - 12 - 2021
വെരി. റവ. പി.റ്റി. മാത്യൂസ് കോർഎപ്പിസ്കോപ്പായുടെ സഹധർമ്മിണി

**പുത്തൻപറമ്പിൽ, നാരങ്ങാനം, കോഴഞ്ചേരി**

- സന്തപ്ത കുടുംബാംഗങ്ങൾ

**4TH DEATH ANNIVERSARY**
**20 FEBRUARY 2022**



**P.T. VARGHESE**

**PAREL HOUSE**
**PATHICADU, MALLAPPALLY (W) P.O.**
**PATHANAMTHITTA DIST.**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Inserted By:
Thomas Varghese - Omana Thomas
Joseph Varghese - Jaya Joseph

Grand Children : Teena, Tini, Sneha & Ashwin

## മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പ് : പ്രാഥമിക സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചു

**കോട്ടയം:** ഏഴു മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നതിനായി ഫെബ്രുവരി 25ന് കോലഞ്ചേരിയിൽ നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ മുന്നോടിയായി മാനേജിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട 14 സ്ഥാനാർത്ഥികളുടെ പട്ടിക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രസിദ്ധീകരിച്ചു. ഫാ. എബ്രഹാം തോമസ്, ഫാ. അലക്സാണ്ടർ പി. ഡാനിയേൽ, ഫാ. എൽദോ ഏലിയാസ്, ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. എം.സി കുര്യാക്കോസ്, ഫാ. ഫീലിപ്പോസ് റമ്പാൻ, ഫാ.ഡോ. റെജി ഗീവർഗീസ്, ഫാ.ഷിബു വേണാട് മത്തായി, ഫാ. പി.സി തോമസ്, ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ, ഫാ. വർഗീസ് പി. ഇടിച്ചാണ്ടി, ഫാ. വിനോദ് ജോർജ്, ഫാ. യാക്കോബ് തോമസ്, ഫാ. സഖറിയാ നൈനാൻ എന്നിവരുടെ പേരുകളാണ് മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നത്. 14 പേരിൽ നിന്ന് 11 പേരെയാണ് മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുക്കേണ്ടത്. അതിൽ നിന്ന് ഏഴു പേരെ അസോസിയേഷൻ യോഗം തെരഞ്ഞെടുക്കും.

## കോലഞ്ചേരി അസ്സോസിയേഷന്റെ മുഖ്യവരണാധികാരി ആയി ഡോ. സി. കെ. മാത്യു IAS (Rtd) നിയമിതനായി



2022 ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടത്തപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ മുഖ്യവരണാ ധികാരി ആയി ഡോ. സി. കെ. മാത്യുവിനെ നിയമിച്ചു. രാജസ്ഥാൻ കേഡറിൽ 1977 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായി അദ്ദേഹം പ്രവർത്തിച്ചു. രാജസ്ഥാൻ സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറിയായി 2013-ൽ തൻറെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച അദ്ദേഹം ഇപ്പോൾ ബാ ംഗ്ളൂർ അസിം പ്രേംജി യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം അനുഷ്ഠി ക്കുന്നു. ബാംഗ്ളൂർ സെൻറ് ഗ്രീഗോറിയോസ് കത്തീഡ്രൽ ഇടവക അംഗമാണ് ഡോ. സി. കെ. മാത്യു.



**ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം :** പാമ്പാടി സെ. ജോൺസ് ഓർത്തഡോക്സ് കത്തീഡ്രൽ ദ്വിതശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, മന്ത്രി വി.എൻ. വാസവൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പഞ്ചായത്ത് പ്രസിഡൻ്റ് ഡാലി റോയി, വികാരി ഫാ. മർക്കോസ് മർക്കോസ്, സഹവികാരി ഫാ. കുര്യൻ കുറിയാക്കോസ്, ട്രസ്റ്റി ജോൺ കെ. കുര്യൻ, സെക്രട്ടറി വി.ടി. വർഗീസ് എന്നിവർ സമീപം.

Celebrating 100th Birthday



Happy 100th Birthday

BABY MATHEW
(14th Feb. 1922-
7th March 2016)
W/o Late T.G. Mathai
Thamaravelil
Nariyapuram

*Thamaravelil Family*

# NAVAJYOTHI MOMS CHARITABLE SOCIETY

**Malankara Orthodox Syrian Church**
Devalokam, Kottayam (Reg. No. K-117/09)

മലങ്കര ഓർത്തഡോക്സ് സഭയിലെ വനിതകളുടെ സാമ്പത്തികവും, സാമൂഹ്യവും, ആത്മീയവുമായ വളർച്ച ലക്ഷ്യമാക്കി പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം 2009മുതൽ പ്രവർത്തിച്ചുപോ രുന്ന രജിസ്റ്റേർഡ് ചാരിറ്റബിൾ സൊസൈറ്റിയാണ് നവജ്യോതി മോംസ് (നമ്പർ: K-117/2009) സാമ്പത്തിക ക്ലേശമുള്ള വനിതകൾ, വിധവമാർ, ഭിന്നശേഷിയുള്ള യുവതികൾ എന്നിവരെ സ്വയം തൊഴിൽ, കൃഷി, മൈക്രോ ക്രെഡിറ്റ്, സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവയിലൂടെ ശാക്തീകരിക്കുകയും സാമ്പത്തിക സ്വാതന്ത്ര്യം നേടിക്കൊടുക്കുകയുമാണ് ലക്ഷ്യം.

മോംസിന്റെ പ്രവർത്തനങ്ങളിലൂടെ വരുമാനം കണ്ടെത്തിയിരുന്ന ഇടവക യൂണിറ്റുകൾക്കും അവയെ ആശ്രയിച്ചു ജീവിച്ചുവന്ന കുടുംബങ്ങൾക്കും കോവിഡ്കാലം കഠിനമായ പ്രതിസന്ധി ഉണ്ടാക്കി യിരിക്കുന്നു. ഇത് തരണം ചെയ്യുന്നതിന് അങ്ങയുടെ പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.

അങ്ങയിൽനിന്നു പ്രതീക്ഷിക്കുന്നതു:

1) നവജ്യോതി മോംസിനുവേണ്ടി പ്രാർത്ഥിക്കുക.

2) ഒരു ഇടവക യൂണിറ്റിനു ആവശ്യമുള്ള റിവോൾവിങ് ഫണ്ട് (5000 10,000 രൂപ) സംഭാവനയായി നൽകുക.

3) പത്തു (10) ഇടവക യൂണിറ്റുകൾക്കു ആവശ്യമുള്ള റിവോൾ വിങ് ഫണ്ട് (50,000 1,00,000 രൂപ) പലിശരഹിത വായ്പയായി നൽകുക. 4) ഓഫീസ് പ്രവർത്തനങ്ങൾക്കു പ്രതിമാസം 1000 രൂപ സംഭാവന നൽകുക.

സംഭാവനകൾക്ക് ഇൻകം ടാക്സ് ഡിപ്പാർട്ട്മെൻ്റ് സെക്ഷൻ 80 ജി പ്രകാരം ടാക്സ് കിഴിവ് അനുവദിച്ചിട്ടുണ്ട്.

സംഭാവനകൾ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേക്കു ഓൺലൈനായോ ചെക്ക് മുഖേനയോ നൽകാവുന്നതാണ്.

Account Name: NAVAJYOTHI MOMS SOCIETY,
Account Number: 67083563061, IFSC:SBIN0070222,
Bank: SBI Kanjikkuzhi Branch, Kottayam

***WORKING OFFICE***
Theobhavan Aramana
Mavelikkara- 690102
Alappuzha Dist., Kerala

E-Mail: navajyothimoms@yahoo.com

***PRESIDENT***
**H.G Alexios Mar Eusebius**
Mob: 8547058607
mareusebius@gmail.com

General Secretary: Mrs. Santhamma Varghese (9496156939)
Exe. Director: Rev.Fr. Thomas Paul Ramban (9496455952)
Treasurer: Mrs. Ritha Varghese (9495116016)
Vice President: Fr. Boby Peter (7034707077)
Director: Dr. Siby Tharakan (7025067695)
Joint Secretary: Mrs. Mini Sivaji (9400603188)



കമ്പ്യൂട്ടർ സയൻസിൽ പിഎച്ച്ഡി (ഭാരതിദാസൻ സർവകലാശാല, തിരുച്ചിറപ്പള്ളി) നേടിയ ലാലു പി. ജോർജ് നെല്ലിക്കുന്നം കിഴക്കേവിള വീട്ടിൽ പി കെ ജോർജ്ജ്, പൊന്നമ്മ ജോർജ് മകനാണ്. ഭാര്യ മിനു ലാലു എറണാകുളം വാലു കാലായിൽ കുടുംബാംഗമാണ്. നെല്ലിക്കുന്നം സെൻറ് ജോർജ് ഇടവക അംഗവും ഭദ്രാസന സുവിശേഷസംഘം ട്രഷററും, എറണാകുളം ഡക്ട്സ് ടെക്നോളജിസ് ഡിറക്റ്ററും ആണ്.



സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ 35 വയസ്സിന് മുകളിൽ ഷോട്ട് പുട്ടിൽ ഒന്നാം സ്ഥാനം നേടിയ കിഴക്കൻ മുത്തൂർ പേങ്ങാട്ട് പി. പ്രശോഭ് മാത്യു.



Mrs. Suma Varughese, Outstanding Scientist, has assumed charge as Director General MED, CoS & CS (MCC) at DRDO with effect from 1st Jan 2022. Suma Varughese is married to Thomas Varughese and they are members of St. Mary's Orthodox Valyapalli, Jalahalli, Bangalore.



പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോ. മാത്യു പി. ജോസഫിന് ആൾ ഇന്ത്യ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ (അയാഷേ) നൽകുന്ന ബെസ്റ്റ് പ്രിൻസിപ്പൽ ദേശീയ അവാർഡ് ലഭിച്ചു. വിദ്യാഭ്യാസ രംഗത്തെ നേതൃത്വ മികവ്, അക്കാദമിക ഉന്നതി ഉൾപ്പടെയുള്ള പ്രതി ബദ്ധതാപൂർവ്വമായ പ്രവർത്തനങ്ങൾ, ഗവേഷണോന്മുഖമായ അധ്യാപന മികവ് എന്നിവ അവാർഡിന് പരിഗണനാർഹമായി.



ദേശീയ ടെന്നീസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആൺകുട്ടികളുടെ അണ്ടർ 16 ടെന്നീസ് ഡബിൾസ് ടൂർണ്ണമെന്റിൽ എഫിനോവ ഉമ്മൻ റിച്ചി ഒന്നാം സ്ഥാനം കരസ്ഥമാക്കി. തിരുവനന്തപുരം ജില്ല ടെന്നീസ് ടൂർണ്ണമെന്റിൽ അണ്ടർ 16 ഡബിൾസിൽ ഒന്നാം സ്ഥാനവും, അണ്ടർ 14 സിംഗിൾസിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയിരുന്നു.

പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവക അംഗമായ എഫിനോവ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കൊച്ചുമകനാണ്.



വൈ.എം.സി.എയുടെ വിദ്യാർത്ഥി വിഭാഗമായ യൂണി-വൈയുടെയും (Uni-Y) യുവജന വിഭാഗമായ യൂത്ത് ഫോറത്തിന്റെയും കേരള റീജിയൻ കോഓർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ട ലിജു മാത്യു. കവിയൂർ മൈലമുട്ടിൽ തെക്കേകൊലായിൽ എ.എം. മാത്യുവിന്റെയും (മാത്തുക്കുട്ടി) പരേതയായ അമ്മിണി മാത്യുവിന്റെയും മകൻ.ബെസ്റ്റി ആൻ വർഗീസ് സഹധർമ്മിണിയാണ്. കവിയൂർ സ്ലീബാ ഓർത്തഡോക്സ് പള്ളി ഇടവാംഗം.



മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബ്ലസി ജോണിന് ഡോക്ടറേറ്റ് ലഭിച്ചു. പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവിയാണ്. നെടുമൺകാവ് കോട്ടപ്പുറത്ത് ഫാ. അജി കെ. വർഗ്ഗീസിന്റെ (വികാരി, ചെന്നൈ-പുഴുതിവാക്കം സെന്റ് തോമസ് മൗണ്ട് പള്ളി) ഭാര്യ. മകൻ: ആരോൺ.



ഫാ. ജോസ് തോമസ് പൂവത്തുങ്കൽ കണ്ടനാട് വെസ്റ്റ് ഭദ്രാസന സെക്രട്ടറി. മാതൃ ഇടവക: മുളക്കുളം കർമ്മേൽക്കുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി മറ്റ് ചുമതലകൾ: അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം വൈസ് പ്രസിഡന്റ്, കണ്ടനാട് വെസ്റ്റ് ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ.



നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) നിന്ന് BA. LLB (Honors) രണ്ടാം റാങ്കും, കേന്ദ്രമന്ത്രി (Law & Justice) ശ്രീ. കിരൺ റിജുവിന്റെ കയ്യിൽ നിന്ന് സ്വർണ മെഡലും നേടിയ നവ്യ ബെന്നി.

വടക്കൻമണ്ണൂർ സെ. തോമസ് പള്ളി ഇടവകാംഗവും, അരീപ്പറമ്പ്, പള്ളിയമ്പിൽ ബെന്നി - നിമി ദമ്പതികളുടെ മകളുമാണ്.



കോയമ്പത്തൂർ കാരുണ്യ ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം റാങ്ക് നേടിയ ക്രിസ്റ്റി മെറിൻ കൊച്ചിട്ടി. നിരണം മൈലമൺ സെന്റ് ജോർജ് പള്ളിയിൽ പാലത്തുങ്കൽ പുത്തൻ പറമ്പിൽ ഏബ്രഹാം കൊച്ചിട്ടിയുടെയും മറിയം കൊച്ചിട്ടിയുടെയും ഏക മകളാണ്.

# Prayerful Birthday Wishes



**ST. GEORGE MOUNT HIGH SCHOOL (AIDED), KAIPATTOOR**

**ST. GEORGE PUBLIC SCHOOL, KAIPATTOOR**

MANAGER : JOHNSON KEEPPALLIL    VINEETHA JOHNSON

**IAS HUB MGOCSM CIVIL SERVICE ACADEMY**

OCSC COMPLEX, OPP. AKG CENTRE, TRIVANDRUM-1

**MENDHAN MEDICAL CENTRE LLC.**

OMAN ROAD, OPP. RAK BANK, NAKHEEL, RAS AL KHIMAH, UAE, P.O.
BOX NO. 11180,    TEL: 971 7228 6364

**KEEPPALLIL EDUCATIONAL & CHARITABLE SOCIETY**

# THAZHATHU KAROTTU FAMILY, PUTHUPPALLY

**Descendants of Kuruppumpady Kallarackal Pothen Tharakan -**
**His elder son Thazhathu Itty Mathew Tharakan & his sons**
**(Thazhathu Pothen Judge & Karottu Ulahannan Judge of Travancore State)**

**Branches: Valiyaparet, Kochuparet, Elamthuruthil, Walliyathil, Manamel, Muttathusseril, Thazhathu & Karottu.**

Our Prayerful Wishes



Our Visionary



**We, the members of Thazhathu Karottu family thank God the almighty for being a part of the Malankara Orthodox Syrian Church headed by H.H. MORAN MAR BASELIOS MARTHOMA MATHEWS III, CATHOLICOS OF THE EAST AND MALANKARA METROPOLITAN.**

**Jesus said to her, "I am the resurrection and the life. He who believes in me will live, even though he dies; and who ever lives and believes in me will never die". "Do you believe this?"** *(John 11: 25, 26)*

**This year 2022, the Malankara Sabha is celebrating the memorial day of all our Late High Priests, Priests and Nuns on Sunday 13st February and that of our forefathers on Sunday 20th February. In this occasion we are paying homage to our high priest His Grace Paret Mathews Mar Ivanios, Priests, Nun and forefathers of our family who led our generations faithfully and loyally.**

**H. G. Paret Mathews Mar Ivanios (1888-1980) was born on 19th January 1888, S/o Mathew Valiyaparet & Achamma Kizhakkel, Puthuppally, Kottayam Dist. He was the vicar of St. George Orthodox Valiyapally, Puthuppally for a long time. He served as the Asst. Metropolitan of Kottayam Dioscese and was the Metropolitan as the succesor of Pampady Thirumeni (1953-1980). On 31st August 1980 his Grace left this World for his heveanly abode and the mortal remains was entombed in beautiful sepulchre near the kabar of H.G. Kuriakose Mar Gregorios at Mar Kuriakose Dayara Chapel, Pothenpuram, Pampady, Kottayam Dist.**

## Priests and Nun of our family who led Malankara Orthodox Syrian Church since A.D 1800

1. **Rev. Thazhathu Cheriyathu Kathanar (1800-1849)**
   *(Vicar, St.George Orthodox Church Puthuppally)* S/o. Justice Pothen Thazhathu.
2. **Rev. Kochuparet Ittyavirah Kathanar (1802 - 1859)**
   *(Vicar, St.George Orthodox Church Puthuppally)* S/o. Justice Pothen Thazhathu.
3. **Rev. Manamel Geevarghese Kathanar (1810 - 1870)**
   *(Vicar, St.George Orthodox Church Puthuppally and St. Mary's Orthodox Valiyapally, Niranam, founded by Thomas the Apostle in AD 54).* S/o. Pothen Thazhathu Manamel.
4. **Very. Rev. Elamthuruthil Pongalil Kuruvila Philipose Cor Episcopa (1835-1899)**
   *(Vicar, St.George Orthodox Church Puthuppally).* S/o. Kuruvila Elamthuruthil.
5. **Rev. Walliyathil Youhannan (Geevarghese) Kathanar (1854-1882)**
   *(Vicar, St.George Orthodox Church Puthuppally).* S/o.Varghese Walliyathil, Kuzhimattom.
6. **Sr. Rebecca (1944-2020)** (Mother Superior Bethany Ashramam, R. Perunad, Pathanamthitta Dist.)
   D/o.Varkey Thazhathu Parappallil

**Inserted By :**

## Lal M. Paret & Susan

**Paret House, Pallom P.O., Kottayam (Dist) Kerala, Pin - 686007**
**Ph: 0481-2432505, 2432600, Mob: 9447409513, e-mail: lalparet2000@gmail.com**
**Prof. Dr. Mathews L. Paret** (University of Florida) & Family,
1126 Foxmill Drive, Talahassee, FL-32317, USA
**Dr. Markose L. Paret** (Sree Chithira Tirunal Institute of Medical Sciences and Technology, Trivandrum -11)& Family, Paret House, Pallom P.O., Kottayam (Dist) Kerala, Pin - 686007

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2021-23
License No. KL/CR/KTM/WPP-32/2021-23
Licensed to Post Without Pre-Payment

Published on
10 February/2022




PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.